Reg. No. C. 101, M: 2293

വരിസംഖ്യ
സത്യദീപം
പ്രതിവർഷം അഞ്ചൽ 6-0-0
പ്രതിവർഷം തപാൽ 6-8-0
ഒററപ്രതി 0-2-0

വരിസംഖ്യ
മലബാർ മെയിൽ
പ്രതിമാസം അഞ്ചൽ 1- 8 0
പ്രതിമാസം തപാൽ 1-12 0
ഒററ പ്രതി 0. 1 0

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 22 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1124 മേടം 15 | ലക്കം 34

## കഴിഞ്ഞുപോയ കമ്മ്യൂണിസം

(എം. എൻ. റോയി)

(മി. എം. എൻ. റോയി ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ സ്ഥാപകനും സജീവപ്രവർത്തകനുമായിരുന്നു. ലനിനുമായും സ്റ്റലിനുമായും അദ്ദേഹത്തിനു മമതാബന്ധവുമുണ്ട്. സാമ്രാജ്യത്വവും നാട്ടുവാഴിത്തവും പൊളിക്കുകയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉദ്ദേശമെന്നു അവർ പെരുമ്പറ അടിക്കാറുണ്ടെങ്കിലും, ലോകമാസകലം സാമ്രാജ്യത്വവും, നാട്ടുവാഴിത്തവും സ്ഥാപിക്കുവാൻ റഷ്യ എങ്ങനെ കമ്മ്യൂണിസ്റ്റ് കക്ഷിയെ കരുവാക്കുന്നുവെന്നുള്ള സംഗതി ലേഖകൻ ചൂണ്ടിക്കാണിക്കുന്നു. ഭാരതത്തിൻെറ ദേശീയതാല്പര്യങ്ങൾക്കു കമ്മ്യൂണിസം സംഹാരകരമാണെന്നു ബോദ്ധ്യമാകയാൽ അദ്ദേഹം കമ്മ്യൂണിസ്റ്റ് പ്രവർത്തനം ഉപേക്ഷിച്ചിരിക്കയാണ്.)



മൈലക്കൊമ്പ് 3—4—1949. പരിശുദ്ധപിതാവിൻെറ ജൂബിലി പ്രമാണിച്ചു നടത്തിയ ഘോഷയാത്ര പാറത്തലക്കൽ കുരിശിങ്കൽ എത്തിയപ്പോൾ എടുത്ത ഫോട്ടോ. ശ്രീമാൻ കണ്ടിരിക്കൽ തൊമ്മൻ മാത്യു പ്രസംഗിക്കുന്നു

കഴിഞ്ഞ ഡിസംബറിൽ ലോകം ആകാംക്ഷയോടെ ചൈനയിലെ സംഭവഗതികൾ വീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിശീഘ്രമായ ഒരു പുരോഗമനമായിരുന്നു കമ്മ്യൂണിസ്റ്റ് സേനക്ക് അവിടെ. യാംഗ്ടീസ് നദിക്കു വടക്കുള്ള കൈഷക്കിൻെറ സൈന്യങ്ങളുടെ ഉത്സാഹം നശിക്കുകയാൽ പലായനം തുടങ്ങി. ഗവമ്മെണ്ടു കപ്പലുകൾ യാംഗ്ടീസ് നദിയിൽ തുടരെത്തുടരെ നശിപ്പിക്കപ്പെട്ടു. വിജയഭേരി മുഴക്കിക്കൊണ്ട് നഗരങ്ങളിൽക്കൂടി പാഞ്ഞുകൊണ്ടിരുന്ന കമ്മ്യൂണിസ്റ്റ് പട്ടാളവണ്ടിയിൽ കയറി പട്ടണപ്രദക്ഷിണം ചെയ്യുക കമ്മ്യൂണിസ്റ്റ് കക്ഷിക്കു ഒരു വിനോദവുമായി. ചൈന മുഴുവൻറെയും കമ്മ്യൂണിസ്റ്റ് ആധിപത്യം ഏതാനും ദിവസങ്ങൾക്കുള്ളിൽ ഉണ്ടാകുവാനിരിക്കുന്ന ഒരു സംഭവമാണെന്നു ലോകം വിശ്വസിച്ചു. അനന്തരസംഭവങ്ങൾ എന്തായിരിക്കുമെന്നും, അയൽ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് ശക്തി എന്തുമാത്രമാണെന്നും ഉൽക്കണ്ഠയോടെ ജനങ്ങൾ അന്വേഷിച്ചുതുടങ്ങി.

യാംഗ്ടീസ് നദിക്കു വടക്ക് കമ്മ്യൂണിസ്റ്റ് സേനയെ തടഞ്ഞുനിർത്തുവാൻ സാദ്ധ്യമല്ലെന്നും, എന്നാൽ അവർ യാംഗ്ടീസ് നദികടക്കുകയില്ലെന്നും ഞാൻ പറഞ്ഞപ്പോൾ ജനങ്ങൾ ചിരിക്കുകയാണു ചെയ്തതു. തെക്കുകിഴക്കൻ ഏഷ്യ കമ്മ്യൂണിസ്റ്റ് ആധിപത്യത്തിൽ അമരുമെന്നു വിചാരിക്കുവാൻ ന്യായമില്ല. അപായകരമായ കുഴപ്പങ്ങൾ സൃഷ്ടിക്കുവാൻ അവക്കു കഴിയുമെങ്കിലും, വിനാശകരങ്ങളായ മഹാവിപ്ലവങ്ങൾ സൃഷ്ടിച്ചു മുതലെടുക്കുവാൻ അവക്കു സാധിക്കുകയില്ല.

കമ്മ്യൂണിസ്റ്റ് ഇരച്ചുകയററം യാംഗ്ടീസ് തീരത്തു എങ്ങനെ തടയപ്പെട്ടു? ചൈനീസ് സമരത്തിൽ കക്ഷിചേർന്നു റഷ്യയുമായി യുദ്ധം ചെയ്യേണ്ട കാര്യമില്ലെന്നു അമേരിക്ക കരുതിയിരിക്കയില്ല. എന്നാൽ കഴിഞ്ഞ വർഷാവസാനത്തോടെ കൈഷക്കിൻെറ കക്ഷി നഷ്ടപ്പെട്ടതായി അവർ കരുതിയിരിക്കണം. ചൈന മുഴുവൻ കീഴടക്കുവാനുള്ള സാദ്ധ്യത ഉപേക്ഷിച്ചുകൊണ്ടു കമ്മ്യൂണിസ്റ്റ് കക്ഷി എന്തുകൊണ്ടു യാംഗ്ടീസ് കടന്നു തെക്കോട്ടു പുരോഗമിച്ചില്ല? ഞാൻ ഉദ്ദേശിച്ചതുപോലെ സംഭവിച്ചു. യാംഗ്ടീസ് തീരത്തു അവർ തടയപ്പെട്ടിട്ടില്ല; ഇന്നും വേണമെങ്കിൽ നിഷ്പ്രയാസം നദികടന്നു അവക്കു തെക്കോട്ടു പുരോഗമിക്കാം. എങ്കിലും അതിനവർ ഉദ്ദേശിക്കുന്നമട്ടില്ല. അവർ ഭക്ഷിച്ചതുതന്നെ ദഹിക്കുവാൻ പ്രയാസമാണ്. ദഹിക്കാത്തതു ഭക്ഷിക്കുവാനും അവർ ആഗ്രഹിക്കുകയില്ല.

ചൈന ഭീകരതത്തിലേക്കു ശീഘ്രമായി നീങ്ങുകയാണ്. റഷ്യയുടെ ഇരുമ്പുനിര അങ്ങോട്ടു വികസിപ്പിച്ചു അമേരിക്കയുടെ നിരോധനനിര ചൈനയിൽനിന്നും പിൻവലിച്ച് ജപ്പാനിലും ആസ്ത്രേലിയയിലും ആയി ഉറപ്പിക്കുകയും ചെയ്തു.

ചൈനയിലെ കമ്മ്യൂണിസ്റ്റ് സേനയുടെ നീക്കം ലോകമാകെയുള്ള കമ്മ്യൂണിസ്റ്റ് പിൻമാററത്തിൻെറ ഒരു പ്രതിഫലനമാണ്. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ വിശ്വവ്യാപകമായ കമ്മ്യൂണിസ്റ്റ് പിൻമാററപദ്ധതിയിലെ ഒരു പ്രാദേശിക വിജയം മാത്രമാണ് ചൈനയിലെ വിജയം. കമ്മ്യൂണിസത്തിൻെറ നിലയും കഴിവും സൈനികഭാഷയിലാണ് ഇന്നു വിവരിക്കേണ്ടതു്. കമ്മ്യൂണിസ്റ്റ് കക്ഷികൾ മുഖേന മഹാവിപ്ലവങ്ങൾ അഴിച്ചുവിട്ട് സാമ്രാജ്യം വികസിപ്പിക്കുകയെന്നുള്ളതാണ് റഷ്യയുടെ ഇന്നത്തെ നയം. എന്നാൽ റഷ്യയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഭരിക്കപ്പെടുന്ന രാജ്യങ്ങളിലല്ലാതെ കമ്മ്യൂണിസ്റ്റ് വിപ്ലവം സാദ്ധ്യമല്ല എന്നൊരു നില വന്നുകൂടിയിട്ടുണ്ട്. വിശ്വവ്യാപകമായ മഹാവിപ്ലവങ്ങൾക്കു നേതൃത്വം നൽകുവാനുള്ള കഴിവും പുനരുദ്ധരിക്കപ്പെട്ട കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിനില്ല. കാരണം കമ്മ്യൂണിസ്റ്റ് ഇൻറർനാഷനൽ ഒരു റഷ്യൻ സൈനികോദ്യോഗസ്ഥസംഘമാണെന്നുള്ളതാണ്.

ചൈനയിലെ റഷ്യൻ പുരോഗമനം ബർലിനിലെ റഷ്യൻ പരാജയത്തിൽനിന്നും ലോകത്തിൻെറ ശ്രദ്ധയെ തിരിച്ചുവിടാൻ വേണ്ടിയാണ്. ഫ്രാൻസിലും ഇററലിയിലും കമ്മ്യൂണിസ്റ്റ് കക്ഷികൾക്കുണ്ടായ കീർത്തിദോഷം നീക്കണമെന്നും, ബർലിനിൽനിന്നും

(ശേഷം 12-ാം പേജിൽ)

ചെറുകഥ

# അദ്ദേഹത്തിൻെറ മകൻ

(ടി. കരേടൻ)

യുദ്ധം—ആ ഭയങ്കരരാക്ഷസൻ അലറിക്കൊണ്ടു് പാഞ്ഞടുത്തു. പീരങ്കികൾ ഇടവിടാതെ ഗർജ്ജിച്ചു. ബോമ്പുകൾ പൊട്ടിത്തെറിച്ചു, കുതിച്ചുപാഞ്ഞു, നശിപ്പിച്ചു, നശിച്ചു. ഭക്ഷണദൗർലഭ്യം പണ്ടത്തേക്കാൾ പതിന്മടങ്ങു വർദ്ധിക്കയും ചെയ്തു. അഹങ്കാരികളും അനാർദ്രചിത്തരുമായ നേതാക്കന്മാരുടെ കൊള്ളരുതായ്കനിമിത്തം പൊതുജനങ്ങൾ കഷ്ടപ്പെടേണ്ടിവരുന്നതു കഷ്ടംതന്നെ. അല്ലെങ്കിൽ അവരെ എന്തിനു കുററപ്പെടുത്തണം? ഒരുപക്ഷേ ഉദരം ദൈവമായി കരുതുന്നവർ ഉദരം നിമിത്തമെങ്കിലും "ഉടയവനെ" പിടിവിടാതിരിക്കുന്നതിനു പടയും പഞ്ഞവും അവിടുന്നുതന്നെ അനുവദിക്കുന്നതാണെന്നും വരാം.

ഗവമ്മെൻറുകൾ ആ ദുർഘടസന്ധിയിൽ, മനുഷ്യരാശിയുടെ മരണപരാക്രമവേളയിൽ, വെറുതെ ഇരുന്നില്ല. ഭക്ഷ്യസാധനങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും അവയുടെ വിതരണം നിയന്ത്രിക്കുന്നതിനും സകല കഴിവുകളും പരമാവധി ഉപയോഗിക്കയുണ്ടായി. രാജ്യത്തിൻെറ നാനാഭാഗത്തും ഭക്ഷ്യോൽപാദനപ്രചരണ യോഗങ്ങൾ വിജയകരമായി നടത്തപ്പെട്ടു. കർഷകൻ രാജ്യത്തിൻെറ നട്ടെല്ലാണെന്നു് സർവ്വമാനപേരും അന്നു സാഭിമാനം സമ്മതിച്ചു! പ്രസിദ്ധരായ വാഗ്മികളുടെ പ്രസംഗം ശ്രവിക്കുന്നതിനും കർഷകോൽപ്പന്നങ്ങളുടെ പ്രദർശനം കാണുന്നതിനും ഓടിക്കൂടിയിട്ടുള്ള ആളുകളുടെ സംഖ്യ തിട്ടപ്പെടുത്തുക സാദ്ധ്യമല്ല. ഭക്ഷ്യോൽപാദനകാര്യം മാത്രമല്ല; ആധുനിക, സാമ്പത്തിക, സാമൂഹ്യവിഷയങ്ങളേയും എരിഞ്ഞുനീറുന്ന ഭാഷയിൽ നിരൂപണം ചെയ്യുന്നതിനും അത്തരം സന്ദർഭങ്ങളെ ചില പ്രസംഗകന്മാർ അവസരമാക്കിയിട്ടുണ്ടു്.

കോലടൂർ എന്നസ്ഥലത്തു് പതിനായിരത്തോളം വരുന്ന ഒരു ജനക്കൂട്ടമാണു് തടിച്ചുകൂടിയതു്. പേരുകേട്ട രണ്ടു വാഗ്മികളുടെ പേരു് നോട്ടീസിൽ കണ്ടതു് ദൂരഗ്രാമങ്ങളിൽ നിന്നുപോലും പലരേയും ആകർഷിക്കാൻ കാരണമായി. എൻെറ ഒരു സ്നേഹിതനും ഞാനുമൊരുമിച്ചു് ആ മീററിംഗിൽ സംബന്ധിച്ചതു് അവരുടെ വാഗ്മാധുര്യം അനുഭവിച്ചറിയുന്നതിനുതന്നെയത്രെ.

മി. വേലായുധനായിരുന്നു അന്നത്തെ അദ്ധ്യക്ഷൻ. അദ്ദേഹം ആയിടെ മാത്രമാണു് ബി. എൽ. പാസ്സായി അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടതെങ്കിലും സ്ഥിരോത്സാഹം, കൃത്യനിഷ്ഠ, പ്രസംഗപാടവം മുതലായ ഗുണങ്ങളാൽ ബാറിലെ ഒരു ലീഡിംഗ് അഡ്വൊക്കേററായി പ്രശോഭിച്ചുവരികയാണു്.

അദ്ധ്യക്ഷനും പ്രസംഗകനും പീഠത്തിൽ ഉപവിഷ്ടരായപ്പോൾ ഹാൾ ഹർഷാരവംകൊണ്ടു് മുഖരിതമായി. സെക്രട്ടറിയുടെ ആനുകൂല്യം കൊണ്ടു് അദ്ധ്യക്ഷവേദിക്കു താഴെയായി ഒന്നാം നിരയിൽത്തന്നെ ഞങ്ങൾക്കു ഇരിപ്പിടം ലഭിച്ചു.

രണ്ടു ബാലികമാർ കർണ്ണപീയൂഷമായ ഗാനാലാപത്താൽ സദസ്സിനു സ്വാഗതമരുളി. അതിനുശേഷം അദ്ധ്യക്ഷൻ ഭക്ഷ്യനിലയെ വിശദീകരിച്ചും തരിശായിക്കിടക്കുന്ന ഭൂവിഭാഗങ്ങളെ കൃഷിക്കു് ഉപയോഗപ്പെടുത്തിയാൽ ഭക്ഷ്യനിലക്കു് സാരമായ അഭിവൃദ്ധിയുണ്ടാകുമെന്നു സ്ഥാപിച്ചും സരസമായി പ്രസംഗിച്ചു. കരിഞ്ചന്തയെ കഠിനമായി വിമർശിക്കയും ഐകമത്യത്തോടെ പ്രവർത്തിച്ചാൽ അന്നത്തെ ഗുരുതരമായ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാകുമെന്നു സമർത്ഥിക്കുകയും ചെയ്തു.

അദ്ധ്യക്ഷപ്രസംഗാനന്തരം അദ്ധ്യക്ഷൻെറ ക്ഷണമനുസരിച്ചു് ശ്രീ സദാശിവൻ പ്രഭാഷണത്തിനായി എഴുന്നേററു. ഹാളിൽ ആഹ്ലാദപ്രകടനങ്ങൾ അലതല്ലി.

അദ്ദേഹം അന്നാട്ടുകാർക്കു് പരിചിതനാണു്. ഒന്നുരണ്ടു തവണ അവരുടെ യോഗങ്ങളിൽ അദ്ദേഹം പ്രസംഗിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ ആത്മാർത്ഥത ചോദ്യംചെയ്യുവാൻ അവർക്കു സാദ്ധ്യമല്ല. രോഗികളെ ആസ്പത്രിയിൽ എടുപ്പിക്കാനും, കൂലിക്കാർക്കു കൂലികൊടുപ്പിക്കാനും, വിദ്യാർത്ഥികളുടെ അവകാശങ്ങൾ പുലർത്താനും നടത്തിയിട്ടുള്ള ധർമ്മസമരം, അനുഷ്ഠിച്ചിട്ടുള്ള സത്യഗ്രഹം, അനുഭവിച്ചിട്ടുള്ള ജയിൽവാസം അതെല്ലാം അദ്ദേഹംതന്നെ ചുട്ടുപഴുത്ത ഭാഷയിൽ വിവരിക്കുന്നതു് അവർ കേട്ടിട്ടുള്ളതാണു്. അവരിൽ നിന്നും യാതൊരു പ്രതിഫലവും അത്തരം പ്രസംഗങ്ങൾക്കായി അദ്ദേഹം—നിസ്വാർത്ഥസേവനംമാത്രം ജീവിതപരിപാടിയായി സ്വീകരിച്ചിട്ടുള്ള ആ സർവ്വസംഗപരിത്യാഗി—സ്വീകരിച്ചിട്ടില്ല. അവർ വെച്ചു നീട്ടിയതാണു്; എന്നാൽ അദ്ദേഹത്തിൻെറ കൈകൾ ചലിച്ചില്ല. ഉപജീവനത്തിനു് വേറെ എത്ര മാർഗ്ഗങ്ങളുണ്ടു്; പിന്നെ എന്തിനാണു് ആ സാധുക്കളായ ഗ്രാമീണരെ അലട്ടുന്നതു്?

കൂടുതൽ ധാന്യം വിളയിപ്പിക്കേണ്ടതിൻെറ ആവശ്യകത അദ്ദേഹവും സമ്മതിച്ചു.

അദ്ദേഹം തുടർന്നു:

"ഹാ നമ്മൾ കടുംയാതനകൾ ഉണ്ണുന്നു. അതിനുള്ള കാരണം? മുതലാളികൾ, കാണപ്പെടുന്ന ദൈവങ്ങൾ! ആ കൂട്ടർ നശിക്കണം. അല്ലാതെ രാജ്യത്തിനു രക്ഷയില്ല. ധാന്യങ്ങൾ കൂടുതൽ വിളയിപ്പിക്കുന്നതെന്തിനു്? ആർക്കു ഗുണം കിട്ടാൻ? അവർ തിന്നു കുടിച്ചു സുഖിക്കുമ്പോൾ നാം പട്ടിണികിടക്കണം! അതെവിടെ? ജീർണ്ണിച്ച ചെററപ്പുരകളിൽ!"

ഹാളിൻെറ കിഴക്കെ അററത്തുനിന്നു് ഒരു സ്വരം ഇടയ്ക്കിടെ ഉയർന്നുകൊണ്ടിരുന്നു:—"അവർ നശിക്കട്ടെ! അവർ നശിക്കട്ടെ!"

അദ്ദേഹം വികാരഭരിതനായി. "ഒരു പ്രതിവിധിമാത്രമേ ഉള്ളു. എല്ലാവരും സമന്മാരാകണം. രാജ്യത്തുള്ള വസ്തുവകകളെല്ലാം എല്ലാവർക്കും ഒന്നുപോലെ വീതിച്ചു കിട്ടണം. എന്നാൽമാത്രമേ ക്ഷാമത്തിനു് ഒരറുതി വരികയുള്ളു. ദാരിദ്ര്യം നീങ്ങുകയുള്ളു."

വീണ്ടും ഹാളിൻെറ കിഴക്കെ അററത്തുനിന്നും "ഹീയർ" ശബ്ദവും ഹസ്തഘോഷവും ഒന്നുചേർന്നു പൊങ്ങി.

"നാം ഓരോ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. ചിലർ കൃഷിപ്പണിക്കാരാണു്, ചിലർ കൊല്ലന്മാരാണു്, ചിലർ ആശാരിമാർ, ചിലർ ചെത്തുകാർ, ചിലർ ഓട്ടുകമ്പനിപ്പണിക്കാർ. രാപകൽ നാം എല്ലുമുറിയെ പണിചെയ്യുന്നു, മൃഗങ്ങളെപ്പോലെ ജോലിചെയ്യേണ്ടിവരുന്നു."

ഹാളിൻെറ കിഴക്കെ അററത്തു നിന്നും വീണ്ടും സ്വരമുണ്ടായി.

"കഷ്ടം! ഷെയിം! ഷെയിം"

"എന്നിട്ടോ? മൃഗങ്ങളെപ്പോലെയെങ്കിലും വിശപ്പടക്കാൻ നമുക്കു സാധിക്കുന്നുണ്ടോ? നാം വിയർക്കുന്നു. എന്നാലും തമ്പുരാക്കന്മാർ കയക്കുന്നു. ഇന്നത്തെ ഈ സാമൂഹ്യസ്ഥിതിക്കു സമൂലമാററം വരണം, വരുത്തണം. ആ സുദിനം അടുത്തുതന്നെ ഉദയംചെയ്യുമെന്നു് പ്രതീക്ഷിക്കാം. സമത്വം സിന്ദാബാദ്!"

പ്രസംഗകൻ സദസ്സിനു് ഉപചാരം ചെയ്തുകൊണ്ടു വിരമിച്ചു. ആ ബാലികമാർ ഒരു ചെറുഗാനം ആലപിച്ചു. കരിഞ്ചന്തയുടെ അധർമ്മമായിരുന്നു അതിൻെറ ഇതിവൃത്തം. ഹാളിൽ പലസ്ഥലത്തും മി. സദാശിവൻെറ പ്രസംഗത്തിൻെറ അവസാനഭാഗത്തെപ്പററി ചില ചില്ലറ വിമർശനങ്ങൾ നടന്നുകൊണ്ടിരുന്നു.

കുട്ടികൾ പാടിനിറുത്തിയപ്പോൾ അദ്ധ്യക്ഷൻ എഴുന്നേററു്, പ്രശാന്തവും അതേ സമയം തന്നെ ദൃഢവുമായ സ്വരത്തിൽ ഉപസംഹാരമായി ഇങ്ങനെ പ്രസ്താവിച്ചു:

"മാന്യമഹാജനങ്ങളേ, ഞാൻ ജനിച്ചുവളർന്നതു ഒരു കുഗ്രാമത്തിലാണു്. അവിടെ വളരെക്കൊല്ലങ്ങൾക്കുമുമ്പു് നടന്ന ഒരു സംഭവം അഥവാ ചില പരമാർത്ഥങ്ങൾ ആദ്യമായി നിങ്ങളുടെ ചിന്തയ്ക്കു വിഷയമാക്കണമെന്നു ഞാൻ വിചാരിക്കുന്നു. അതു ഇന്നത്തെ സമ്മേളനനടപടികൾക്കു് ഉചിതമായ ഉപസംഹാരമായിരിക്കും."

ഹാളിൽ സർവ്വത്ര നിശ്ശബ്ദത കളിയാടി. കഥ കേൾക്കുന്നതിനുള്ള ഔൽസുക്യം ഏവരുടേയും കണ്ണുകളിൽ ദർശനീയമായി. അദ്ധ്യക്ഷൻെറ ഇടതുവശത്തിരുന്നിരുന്ന മി. സദാശിവനും, അതീവ താല്പര്യം പ്രദർശിപ്പിച്ചു. അദ്ദേഹത്തിൻെറ നയനങ്ങൾ തുറന്നു തുറിച്ചിരുന്നു.

"അവിടെ രണ്ടു യുവാക്കന്മാർ ഉണ്ടായിരുന്നു. ഗോവിന്ദനും രാമുണ്ണിയും."

അവരുടെ പേരുകൾ ഉച്ചരിച്ചമാത്രയിൽ അദ്ദേഹത്തിൻെറ തൊണ്ടയിടറി. ഏതാനും നിമിഷത്തേക്കു സംസാരിക്കുന്നതിനു് അദ്ദേഹം അശക്തനായി കാണപ്പെട്ടു. അതു കണ്ടിട്ടോ എന്തോ മി. സദാശിവനും ഒന്നു ഞെട്ടിപ്പോയി. ഒരു ചെറുമാരുതൻ അവ്യക്തമായ ഭാഷയിൽ എന്തോ മന്ത്രിച്ചിട്ടു കടന്നുകളഞ്ഞു. വികാരങ്ങളെ നിയന്ത്രിച്ചിട്ടു് അഭിഭാഷകൻ കഥയിലേക്കു പ്രവേശിച്ചു.

"അവർ സഹോദരന്മാരായിരുന്നില്ല. എങ്കിലും സഹോദരന്മാരെപ്പോലെയാണു് അവർ പെരുമാറിവന്നതു്. ഈ കഥ ആരംഭിക്കുന്നകാലത്തു് അവർക്കു രണ്ടുപേർക്കും ഏതാണ്ടു ഇരുപത്തഞ്ചുവയസ്സു കാണും. സൂര്യനും രശ്മിയുമെന്നപോലെ വേർപിരിയാത്ത കൂട്ടുകാരായിരുന്നു അവർ.

"അവർ വളരെ ദരിദ്രരായിരുന്നു. രണ്ടുപേർക്കും കുടുംബമുണ്ടു്. അന്നു് ഈരണ്ടു മക്കളും. ഗോവിന്ദൻ നാല്പത്തിഎട്ടുസെൻറു സ്ഥലത്തിൻെറ ഉടമസ്ഥനായിരുന്നു; രാമുണ്ണി ഒരേക്കറിൻേറയും. പറമ്പിൽനിന്നു കിട്ടുന്ന ആദായംകൊണ്ടു് കുടുംബം പുലരുകയില്ല. കൂലിവേലയല്ലാതെ ഉപജീവനമാർഗ്ഗം അവർ കണ്ടില്ല.

"വല്ല കച്ചവടവും ചെയ്തെങ്കിലോ എന്നവർ ചിന്തിക്കാറുണ്ടു്. അതിനു പണം വേണ്ടേ? ധനം ആളെക്കൊല്ലിയാണെങ്കിലും അതില്ലാതെ ജീവിക്കുക സാദ്ധ്യമല്ലല്ലോ. തീയും വെള്ളവും മൂലം അപമൃത്യു ധാരാളമുണ്ടാകാറുണ്ടെങ്കിലും അവയില്ലാതെ നമുക്കു ജീവിക്കാൻ കഴിയുമോ?

ഏറിയനാളത്തെ ചിന്തയുടേയും ആലോചനയുടേയും ചർച്ചകളുടേയും ഫലമായി അവർ തങ്ങളുടെ വസ്തുക്കൾ പണയപ്പെടുത്താൻതന്നെ തീർച്ചപ്പെടുത്തി. തങ്ങളെ പെരുവഴി ആധാരമാക്കല്ലേ എന്നു് അവരുടെ പ്രേയസികൾ കണ്ണീരൊഴുക്കി പ്രാർത്ഥിക്കാതിരുന്നില്ല. പണയം പലപ്പോഴും തീറിൻെറ ആദ്യത്തേയും അവസാനത്തേയും പടി ആകാറുണ്ടല്ലൊ.

"ഇരുപതേതു രൂപയ്ക്കാണു് അവർ വസ്തു അവിടത്തെ മുതലാളിക്കു പണയമെഴുതിക്കൊടുത്തതു്. ദരിദ്രലക്ഷങ്ങളുടെ വിയർപ്പും രക്തവും ഊററിക്കുടിച്ചു തടിച്ച ആ കോടീശ്വരൻ രൂപയ്ക്കു മാസം പ്രതി ഒരണ പലിശയാണു് ആവശ്യപ്പെട്ടതു്. ഗത്യന്തരമില്ലായ്കയാൽ അവർ അതിനു വഴിപ്പെട്ടു.

"ആ നാല്പതുരൂപകൊണ്ടു് അവർ ഒരു ചെറിയ ബിസിനസ്സ് ആരംഭിച്ചു. ചന്തദിവസങ്ങളിൽ വഴിയരുകിൽ ഇരുന്നു്, ആ വഴിക്കുവരുന്ന കശുവണ്ടി, പാക്കു്, മരോട്ടിക്കുരു, കാഞ്ഞിരക്കുരു മുതലായ ചരക്കുകൾ വാങ്ങിക്കും. പിറേറദിവസം അവർതന്നെ ചുമന്നുകൊണ്ടുപോയി ചന്തയിലുള്ള മൊത്തക്കച്ചവടക്കാർക്കു വിൽക്കും."

അദ്ദേഹത്തിൻെറ കണ്ണു നിറയുന്നതു ഞങ്ങൾ കണ്ടു. മി. സദാശിവൻെറ മുഖത്തു അറപ്പിൻേറയും പ്രതികാരത്തിൻേറയും നിഴലുകൾ പരക്കുന്നതും ഞങ്ങളുടെ ദൃഷ്ടിയിൽ പെട്ടു.

"ആഴ്ചയിൽ രണ്ടു ചന്തദിവസങ്ങൾ ഉണ്ടായിരിക്കും. അവരുടെ ജീവിതയാത്രയ്ക്കു് ആവശ്യമായ കൽക്കരി ശേഖരിക്കുന്നതിനുള്ള പ്രതീക്ഷയുടെ ചില തുറമുഖങ്ങൾ.

"അവരുടെ സത്യസന്ധതയിൽ ബോദ്ധ്യംവന്ന ഒരു മൊത്തക്കച്ചവടക്കാരൻ ആവശ്യംപോലെ പണം ചുരുങ്ങിയ പലിശയ്ക്കു കടംകൊടുക്കുന്നതിനു തയ്യാറായി. അവിചാരിതമായി ലഭിച്ച ധനസഹായം അവരുടെ കച്ചവടത്തേയും ജീവിതത്തേയും അഭിവൃദ്ധിപ്പെടുത്തുകതന്നെ ചെയ്തു. റോഡരുകിൽ ഗോവിന്ദൻെറ പുരയിടത്തിൽ അവർ ചെറിയ ഒരു പീടിക പണിചെയ്തു. ചെലവെല്ലാം പൊതുമുതലിൽനിന്നാണു ചെയ്തതു്. അക്കൊല്ലം ഓണത്തിനു മുമ്പായി ഒരു പലചരക്കുകട അവർ തുറന്നു. ചന്തയിലെ വിലയ്ക്കുതന്നെ, അള

(ശേഷം 11-ാം പേജിൽ)

നിംബാസവം
ദ്രാക്ഷാഘൃതം
ശാരിബാതൈലം

അമിതചൂടിൽനിന്നു ധാതുക്കളെ സംരക്ഷിക്കയും രക്തത്തെ വർദ്ധിപ്പിക്കയും ശുദ്ധീകരിക്കയും ചെയ്യുന്നു.
ക്ഷയിച്ചുപോയ ധാതുക്കളെ ഉടനെ വർദ്ധിപ്പിച്ച് ദേഹത്തെ പുഷ്ടിപ്പെടുത്തുന്നു.
പഞ്ചഭൂതശക്തികളെ സാമ്യമാക്കിക്കൊണ്ടു് ആരോഗ്യത്തെ സ്ഥിരമാക്കുന്നു.

പഞ്ചഭൂതാത്മകമായ ദേഹത്തിൽ അഗ്നി, വായു, ആകാശം എന്നീ ഭൂതാംശങ്ങൾ വർദ്ധിക്കുമ്പോൾ മാത്രമാണു് സപ്തധാതുക്കളിൽ ഓരോന്നും ഉരുകിയും ദുഷിച്ചും വരണ്ടും നശിച്ചു് ഓജഃക്ഷയസംബന്ധമായ ഏങ്ങൽ, മൂലക്കുരു, ശ്വാസ്ംടമ്പൽ, നേരിയ പനി, നെഞ്ചു പള്ള വേദന, ശോധനക്കുറവു്, ദുഃസ്വപ്നങ്ങൾ, നീർവീഴ്ച, കഴുത്തു പുറം കഴപ്പു്, ഉറക്കമില്ലായ്മ, ഇടയ്ക്കു ചുമ തുടങ്ങിയ ക്ഷയരോഗചിഹ്നങ്ങൾ തുടങ്ങുന്നതെന്ന തത്വങ്ങളെ ശ്രദ്ധയോടെ ചിന്തിക്കുവിൻ. ഇവ ബോദ്ധ്യമാകുമ്പോൾ പഞ്ചഭൂതാംശങ്ങളെ ക്രമപ്പെടുത്തുവാനുള്ള ഔഷധങ്ങളെ അന്വേഷിക്കുവിൻ.

ഈ ലക്ഷ്യപ്രാപ്തിക്കുള്ള ഔഷധങ്ങൾ ലഭിക്കുന്നില്ലെങ്കിൽ ക്ഷയരോഗം ആരംഭിച്ച അനേകംപേരെ രക്ഷപ്പെടുത്തിയിട്ടുള്ള ഈ 3 ഔഷധങ്ങൾകൊണ്ടു പഞ്ചഭൂതാംശങ്ങളേയും അതുമൂലം ധാതുക്കളേയും സാമ്യമാക്കി നഷ്ടപ്പെട്ട ആരോഗ്യത്തെ വീണ്ടെടുക്കാവുന്നതാണു്. എല്ലാം ഒന്നുപോലെ ഗണിക്കുന്നതു് എപ്പോഴും ശരിയല്ല. ഉപയോഗക്രമങ്ങളും രോഗവിവരങ്ങളുമുള്ള ബുക്കു് മരുന്നോടുകൂടി കിട്ടും. 14 ദിവസത്തെ 3 മരുന്നിനുംകൂടി വില ക 6—8—0 മാത്രം. തൃശൂർ, എറണാകുളം, കൊച്ചി, തൃപ്പൂണിത്തുറ, ചാലക്കുടി, ഇരിഞ്ഞാലക്കുട, കാട്ടൂർ, ഒല്ലൂർ ഈ സ്ഥലങ്ങളിലെ മെഡിക്കൽഷാപ്പുകളിൽ അന്വേഷിക്കുക. വി പി യായി വേണ്ടവർ 2 ക അഡ്വാൻസയക്കണം.

Prop: കാളത്തു് പാവുണ്ണി ഔസേപ്പ് വൈദ്യൻ,
കാളൻ ആയുർവ്വേദിക്ക്ഫാർമസി, നെല്ലായി P. O., പുതുക്കാടു A. O. (കൊച്ചിൻ സ്റ്റേററ്)

# അവതാരവും പുനർജന്മവും

(ഫാദർ തോമസ് കൊച്ചുമുട്ടാനാൽ)

കാത്തോലിക്കർ വിവക്ഷിക്കുന്ന തരത്തിലുള്ള അവതാരപുരുഷൻ ഒരാൾമാത്രമേ ഉണ്ടായിട്ടുള്ളുവെന്നും വീരാരാധനയും മററും വിഗ്രഹാരാധനയാകുന്നതു എങ്ങനെയെന്നും ചരിത്രത്തേയും യുക്തിയേയും ആസ്പദമാക്കി മുൻലേഖനങ്ങളിൽ സമർത്ഥിച്ചിട്ടുണ്ടല്ലോ. പ്രസ്തുത ന്യായങ്ങൾ സമ്മതിക്കുന്ന ചിലർപോലും പുനർജന്മത്തിലുള്ള വിശ്വാസം നിമിത്തം പരേതരായ പൂർവ്വന്മാരുടെ അവതാരമെന്ന നാട്യേന ചിലക്കു് അമിതമായ ബഹുമാനാദരങ്ങൾ സമർപ്പിച്ചുകാണുന്നുണ്ടു്. ആകയാൽ പുനർജന്മവാദത്തെക്കുറിച്ചും സ്വല്പം പ്രസ്താവിക്കുന്നതു് ഈ ലേഖനപരമ്പരയ്ക്കു യോജിക്കുമെന്നു വിശ്വസിക്കുന്നു.

എന്നാൽ, പുനർജന്മത്തെക്കുറിച്ചു പ്രതിപാദിക്കുന്നതിനു മുമ്പു കർമ്മത്തെക്കുറിച്ചു സ്വല്പമെങ്കിലും പറയാതിരിക്കുവാൻ തരമില്ല. എന്തുകൊണ്ടെന്നാൽ അവ അത്ര സംബന്ധങ്ങളാണു്. "ഭാഗ്യം കർമ്മശുഭാശുഭം" എന്നു പര്യായം കാണാം. മനുഷ്യജീവിതത്തിലെ പ്രവൃത്തികളുടെ ഫലസഞ്ചയം എന്നും ഇതിനു് അർത്ഥം കൊടുത്തുകാണുന്നുണ്ടു്. വിധിയെന്നോ തലയിലെഴുത്തെന്നോ കർമ്മത്തിനു് അർത്ഥം പറഞ്ഞാലും കുഴപ്പമില്ല. ഈ കർമ്മത്തിന്റെ ശക്തി എന്തുമാത്രമെന്നു കാണണമെങ്കിൽ ഭർത്തൃഹരിയുടെ നീതിശതകത്തിലെ ഒരു ശ്ലോകം നോക്കിയാൽ മതിയാകും. ബ്രഹ്മാവിനെ ഒരു കുശവനെപ്പോലെ ബ്രഹ്മാണ്ഡഭാണ്ഡത്തിൽ ഇട്ടടച്ചു വേലചെയ്യിച്ചതും വിഷ്ണുവിനെ ദശാവതാരത്തിനു വിധേയനാക്കി സങ്കടപ്പെടുത്തിയതും ശിവനെ കപാലപാണിയാക്കി സങ്കടപ്പെടുത്തിയതും മററും കർമ്മമാണുപോലും.

പ്രസ്തുതസംഭവങ്ങളെ അതേപടി വിശ്വസിക്കുന്നവക്കു്, ഒരു സാധാരണമനുഷ്യനെ സുഭഗനോ ദുർഭഗനോ പട്ടിയോ പൂച്ചയോ ജീവിയോ നിർജ്ജീവിയോ ആക്കിച്ചമയ്ക്കുന്നതിനുള്ള കഴിവിനെപ്പററി സംശയം ജനിക്കുവാൻ നിവൃത്തിയില്ലല്ലോ. എന്നാൽ ഒരു യുക്തിഭംഗം പ്രകടമാകുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. അതെങ്ങനെയെന്നു വിശദമാക്കാം. കർമ്മവാദമനുസരിച്ചു ഭവിഷ്യജ്ജീവിതത്തേയും അതിന്റെ സ്ഥിതിഗതികളേയും നിശ്ചയിക്കുന്നതു വർത്തമാനകാലത്തിലെ കർമ്മമാണല്ലോ. വർത്തമാനകാലത്തിലെ കർമ്മത്തെ നിശ്ചയിക്കുന്നതു ഭൂതകാലത്തിലെ കർമ്മവുമാണു്. ഇങ്ങനെ "ജനനം മരണം, മരണം ജനനം, പുനരപിമരണം, പുനരപിജനനം" എന്നു യഥാക്രമം ജീവിതത്തിന്റെയും മരണത്തിന്റെയും ഒരു ശൃംഖല സൃഷ്ടിക്കാമെന്നിരിക്കട്ടെ. അപ്പോൾ അനന്ത്യാശ്രയദോഷവും പ്രാണിശാസ്ത്രവിരോധവും അഭിമുഖീകരിക്കേണ്ടിവരുന്നു. അവയിൽനിന്നു മുക്തിപ്രാപിക്കണമെങ്കിൽ ഇദംപ്രഥമമായി കർമ്മഫലംകൂടാതെ അസ്തിത്വം സമ്പാദിച്ച ഒരു ആദിമമനുഷ്യനെ കണ്ടുപിടിക്കാതെ ഗത്യന്തരമില്ല. ആ ആൾ ഒന്നുകിൽ കർമ്മംമൂലം ജന്മംപ്രാപിച്ചവനായിരിക്കണം. അല്ലെങ്കിൽ അങ്ങനെ അല്ലാത്തവനായിരിക്കണം. ആദിമമനുഷ്യനാണെന്നു പറഞ്ഞതുകൊണ്ടു കർമ്മബാധ ഏല്ക്കാത്തവനാണെന്നുള്ളതു നിശ്ചിതമായ വസ്തു. മറിച്ചുപറഞ്ഞാൽ മേല്പറഞ്ഞ ദോഷങ്ങളിൽനിന്നു മുക്തിപ്രാപിക്കയുമില്ല. കർമ്മവാദത്തിൽ അന്തർഭവിച്ചിരിക്കുന്ന യുക്തിശൂന്യത കണ്ടുപിടിക്കുവാൻ ഈ ന്യായമൊന്നുമാത്രം വേണ്ടുവോളം മതിയാകുമല്ലോ. മനുഷ്യരുടെ സ്വാതന്ത്ര്യബോധത്തേയും സന്മാർഗ്ഗനിയമങ്ങളേയും കർമ്മവാദം എങ്ങനെ നിഹനിച്ചുകളയുമെന്നു ചിന്തിക്കക്കൂടി ചെയ്തുകൊണ്ടു വായനക്കാർക്കു ഇതിനെ വേണമെങ്കിൽ ഖണ്ഡിക്കയും ചെയ്യാം.

ഇനി പുനർജന്മവാദത്തിലേക്കു പ്രവേശിക്കാം. മനുഷ്യാത്മാക്കൾ അതതിന്റെ പുണ്യപാപങ്ങൾ അനുസരിച്ചു മനുഷ്യന്റേയോ പക്ഷിമൃഗാദികളുടേയോ മററു ജീവികളുടേയോ ശരീരമെടുത്തു നിർവ്വാണമോ സായുജ്യമോ പ്രാപിക്കുന്നതുവരെ ജീവിതം തുടർന്നുകൊണ്ടിരിക്കുമെന്നുള്ള പ്രബോധനമാണു് പുനർജന്മവാദംകൊണ്ടു വിവക്ഷിക്കുന്നതു്. ഈ വാദത്തെ സ്ഥാപിക്കുന്നതിനു മതിയായ ഏതെങ്കിലും തെളിവുകൾ ആരെങ്കിലും നല്കിയിട്ടുള്ളതായി കാണുന്നില്ല. എങ്കിലും ഭഗവദ്ഗീത, മനുസ്മൃതി, ചില ഉപനിഷത്തുകൾ മുതലായവയിൽ പുനർജന്മവാദം അവതരിപ്പിക്കപ്പെട്ടിട്ടുമുണ്ടു്. ചില പാമരന്മാരുടെ ഇടയിൽ അങ്ങനെയൊരു ബോധം രൂഢമൂലമായിട്ടുണ്ടു്. മനുഷ്യർ പഴയവസ്ത്രങ്ങൾ ഉപേക്ഷിച്ചു പുതിയ വസ്ത്രങ്ങൾ സ്വീകരിക്കുന്നതുപോലെ ആത്മാവു് ജീർണ്ണശരീരങ്ങൾ പരിത്യജിച്ചു നവീനമായവയിൽ പ്രവേശിക്കുന്നുവെന്നാണു് ഗീത പറയുന്നതു് (II-22). ബ്രാഹ്മണനെ വധിക്കുന്ന ആളും മദ്യംസേവിക്കുന്ന ബ്രാഹ്മണനും ബ്രാഹ്മണന്റെ സ്വർണ്ണം മോഷ്ടിക്കുന്ന മനുഷ്യനും ഏതെല്ലാം തരത്തിലുള്ള ജന്മങ്ങൾ എടുക്കണമെന്നു മനുസ്മൃതിയുടെ പന്ത്രണ്ടാമദ്ധ്യായത്തിലും പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്.

താദൃശമായ പ്രസ്താവനകൾ പുറപ്പെടുവിക്കുന്നതിനു് അവരെ പ്രേരിപ്പിച്ച കാരണങ്ങൾ സൃഷ്ടികളുടെ സ്ഥിതിവ്യത്യാസങ്ങളും മനുഷ്യരുടെ ദുഃഖദുരിതങ്ങളുമാണത്രെ. എന്നാൽ, സകലനന്മസ്വരൂപനായ ഒരാൾ ആണു് ഈ പ്രപഞ്ചത്തേയും ഇതിലുൾപ്പെട്ട സമസ്തവസ്തുക്കളേയും സൃഷ്ടിച്ചതെന്നും പരിപാലിച്ചുകൊണ്ടിരിക്കുന്നതെന്നും വിശ്വസിക്കുന്നവക്കു്, തക്കസമാധാനം നല്കുവാൻ കഴിയാത്ത യാതൊരു പ്രശ്നവും ലോകത്തിൽ വർത്തിക്കുന്നില്ലെന്നു ആദ്യമായി പ്രസ്താവിച്ചുകൊണ്ടു് പ്രസ്തുതകാരണങ്ങൾ അശേഷം പര്യാപ്തങ്ങളല്ലെന്നു സ്ഥാപിക്കാം.

ഈ പ്രപഞ്ചത്തിനു് ഒരു സ്രഷ്ടാവുണ്ടെന്നു സമ്മതിച്ചുകഴിഞ്ഞാൽ അവിടുന്നു സൃഷ്ടികർമ്മം നടത്തിയതിനു ഏതോ ഒരു ഉദ്ദേശ്യവും ഉണ്ടായിരുന്നിരിക്കണമെന്നു വിചാരിക്കുന്നതു് അസംഗതമായി വരികയില്ലല്ലോ. ഇക്കാണുന്ന വസ്തുക്കളെല്ലാം സകലത്തിന്റേയും ഉയർന്നപടിയിൽ നിൽക്കുന്ന മനുഷ്യരുടെ ഗുണത്തെ ഉദ്ദേശിച്ചുണ്ടാക്കപ്പെട്ടിരിക്കുന്നുവെന്നാണല്ലോ ഒരു സാധാരണവയ്പു്. അതേ, നിർജ്ജീവവസ്തുക്കൾ സജീവവസ്തുക്കൾക്കു വേണ്ടിയും, സജീവവസ്തുക്കളിൽ ഓരോന്നും അതതിന്റെ ഉപരിനിലയിൽ വർത്തിക്കുന്നവയുടെ സന്ധാരണത്തിനും സുഖസൗകര്യങ്ങൾക്കുംവേണ്ടിയും, സമസ്തവും മനുഷ്യർക്കുവേണ്ടിയും ആണു് ക്രമപ്പെടുത്തപ്പെട്ടിരിക്കുന്നതു്. ഈ ക്രമം ആവശ്യകമാണെന്നു സമ്മതിച്ചുകഴിഞ്ഞാൽ സൃഷ്ടികളുടെ വൈവിധ്യവും നാനാത്വവും സമ്മതിച്ചു കഴിയും. പൃഥിവി, അപ്പ്, തേജസ്സ്, വായു, ആകാശം എന്ന നാമധേയങ്ങളോടുകൂടി അഞ്ചു ഭൂതങ്ങൾ ഉണ്ടല്ലോ. മനുഷ്യൻ അവയുടെ ഒരു സംഘടനയും ആണല്ലോ. തേജസ്സെന്ന ഒരു ഭൂതംമാത്രം മതിയെന്നു വച്ചാൽ മനുഷ്യൻ ഉണ്ടാകുമോ? ഇല്ല. ഇതാ മനുഷ്യൻ മനുഷ്യനാകണമെങ്കിൽ വ്യത്യസ്തങ്ങളായ അഞ്ചു ഭൂതങ്ങളെ ആവശ്യപ്പെടുന്നുവെന്നു കാണുക. അവകൊണ്ടും മതിയായോ? ഇല്ല. അവൻ ജീവിതം തുടരണമെങ്കിലും വിഭിന്നപദാർത്ഥങ്ങൾ ആവശ്യപ്പെടുന്നു. ആകയാൽ വസ്തുക്കൾക്കു സ്ഥിതിവ്യത്യാസം ആവശ്യകമാണെന്നു തെളിഞ്ഞുകഴിഞ്ഞുവല്ലോ.

തുടർന്നു്, വെള്ളത്തെക്കാൾ വളരെ കുറച്ചുമാത്രമുള്ള ഭൂമിയെ തനിച്ചെടുത്തൊന്നു പരിശോധിച്ചുകളയാം. ഉള്ള ഭൂമിയിൽത്തന്നേ ഒരു ഭാഗം മരുഭൂമിയായും, കരിമ്പാറയായും, ഉന്നതപർവ്വതമായും, ചതുപ്പുനിലമായും, ഫലശൂന്യമായും മററും കാണപ്പെടുന്നു. മറെറാരുഭാഗം മുൾച്ചെടികളും കാറ്റുകാടുകളും വിഷവല്ലികളും വൻമരങ്ങളുംകൊണ്ടു സങ്കീർണ്ണമായിരിക്കുന്നു. ഭൂമിയിൽ ആകപ്പാടെയുള്ള ജീവജാലങ്ങൾക്കോ കണക്കില്ല. കൊടിയ വിഷപ്പാമ്പുകളും ഊനസത്വങ്ങളെയെല്ലാം കൊലചെയ്തു ഭക്ഷിക്കുന്ന കടുവാ, പുലി മുതലായ ഹിംസ്രമൃഗങ്ങളുംകൊണ്ടു നിറഞ്ഞിരിക്കുന്ന ഒരു വിഭാഗം അങ്ങനെ കിടന്നുപോകുന്നു. ഇവയിൽ ഏതുവസ്തുവാണു് ഉപയോഗമില്ലാത്തതെന്നു് ആക്കെങ്കിലും പറയാമോ? സാധിക്കയില്ല. ഓരോരോ വസ്തുവിനെക്കുറിച്ചും പ്രത്യേകം പ്രത്യേകം ഗവേഷണം നടത്തി പഠിച്ചിട്ടുള്ള മഹാശാസ്ത്രജ്ഞന്മാർ അതതിന്റെ ഉപയോഗം വെളിപ്പെടുത്തിവരുന്നതായി കാണാമല്ലോ. സാധാരണന്മാക്കു് അറിഞ്ഞുകൂടാത്തതു ശാസ്ത്രജ്ഞന്മാക്കറിയാം. സാധാരണ ശാസ്ത്രജ്ഞന്മാക്കു് അറിഞ്ഞുകൂടാത്തതു മഹാശാസ്ത്രജ്ഞന്മാക്കും അറിയാം. അങ്ങനെ ഓരോ വസ്തുവും ഉപയോഗപ്രദമായി ക്രമപ്പെടുത്തപ്പെട്ടിരിക്കുന്നതുകൊണ്ടു് അവിടെയും സ്ഥിതിവ്യത്യാസം ആവശ്യപ്പെടുന്നു. മനുഷ്യരുടെ ഇടയിലുള്ള സ്ഥിതിവ്യത്യാസവും അവശ്യാവശ്യകമാണെന്നു പറഞ്ഞുകൊള്ളട്ടെ. ചിലർ തിന്നുകുടിച്ചു മണിമേടകളിൽ വാഴുമ്പോൾ മററുചിലർ അലഞ്ഞുപൊരിഞ്ഞു ചെററക്കുടിലുപോലുമില്ലാതെ കഴിച്ചുകൂട്ടുന്നു. ചിലർ ഉന്നതസ്ഥാനമാനങ്ങളാൽ അലംകൃതരായി ഐശ്വര്യപ്രഭാവത്തോടെ വാഴുമ്പോൾ മററുചിലർ നിരന്തദുരിതങ്ങളാൽ പീഡിതരായി ദാരിദ്ര്യപാരവശ്യത്തിലകപ്പെട്ടു നട്ടംതിരിയുന്നു. ചിലർ ബുദ്ധിപ്രകർഷംകൊണ്ടു് എന്തും ചെയ്യാമെന്നു നടിച്ചു വമ്പുപറഞ്ഞുനടക്കുമ്പോൾ മററുചിലർ അന്ധന്മാരെപ്പോലെ എന്തുചെയ്യേണ്ടുവെന്നറിയാതെ ചുററിത്തിരിഞ്ഞു ഉലഞ്ഞുപോകുന്നു. ഇവയൊക്കെ യഥാർത്ഥങ്ങളാണെങ്കിലും മനുഷ്യൻ ഒരു സമുദായജീവിയാകയാൽ ഉച്ചനീചാവസ്ഥകളും സ്ഥിതിവ്യത്യാസങ്ങളും ഒഴിച്ചുവയ്ക്കുവാൻ സാധിക്കയില്ലെന്നു സമ്മതിക്കാതെ തരമില്ല.

മനുഷ്യരെല്ലാവരും ഐശ്വര്യപ്രതാപങ്ങളോടെ വാഴുന്ന രാജാക്കന്മാരാണെന്നു നമുക്കു സങ്കല്പിക്കാം. അവക്കെല്ലാവക്കും അമൃതേത്തു കഴിക്കണമല്ലോ. ആരോടാണു കല്പിക്കുക? കല്പന സ്വീകരിക്കുവാൻ ആളുണ്ടോ? എല്ലാവരും രാജാക്കന്മാരല്ലേ? സ്വയം പാകംചെയ്തു വിളമ്പിത്തിന്നാമെന്നുവയ്ക്കുക. അതിനു ധാന്യം വേണ്ടയോ? ധാന്യം ലഭിക്കണമെങ്കിൽ നിലമുഴുതു വിളവിറക്കി കൊയ്തു മെതിച്ചു് അറപ്പുരയിൽ സംഭരിക്കണം. ധാന്യം കൃഷിചെയ്യണമെങ്കിൽ അതിനു വേണ്ട ആയുധങ്ങളും സാമഗ്രികളും ശേഖരിക്കണം. ഈ സംരംഭങ്ങളിലെല്ലാം മഹാവലിയ ക്ലേശം ആവശ്യപ്പെടുന്ന പ്രയത്നം ചെയ്യാതെ കഴിയുകയില്ല. ഈ പ്രയത്നങ്ങളിലെല്ലാം തന്നത്താൻ ഏറ്റെടുക്കളയാമെന്നുവച്ചാൽ ഓരോരുത്തരും ഒരു വെറും കൂലിക്കാരനാകുകതന്നേ ചെയ്യണം. രാജാക്കന്മാക്കു കാലയാപനം സാധിക്കണമെങ്കിൽ ഒരു സാധാരണവേലക്കാരനാകേണ്ടിവന്നതു് എങ്ങനെയാണെന്നു കണ്ടുകഴിഞ്ഞുവല്ലോ. കൊള്ളാം. എല്ലാവരും വേലക്കാരായിക്കളയാമെന്നു വയ്ക്കുക. അതുകൊണ്ടു യാതൊരു തരക്കേടുമില്ല. വേലയ്ക്കു ഉച്ചനീചത്വം കല്പിക്കാതിരിക്കാം. അപ്പോൾ ഇതാ വേറൊരു പ്രശ്നം ഉത്ഭവിക്കുന്നു. വേലകൾ പലതരത്തിലുള്ളവയാണല്ലോ. ചില വേലകൾ ചെയ്യുന്നതിനു കഠിനമായ അദ്ധ്വാനം ആവശ്യമാണു്. ചിലതു ചെയ്യുന്നതിനു കുറെ അഴുക്കും മുഷിപ്പും സഹിക്കണം. ആരാണു ജോലി വീതരണംചെയ്തുകൊടുക്കേണ്ടതു്? എളുപ്പമുള്ള നല്ലജോലി കിട്ടുവാനല്ലേ ഓരോരുത്തരും ആവശ്യപ്പെടുക. അവിടെ വരുമ്പോൾ അഭിപ്രായവ്യത്യാസമായി. കുഴപ്പമായി. ചുരുക്കിപ്പറഞ്ഞാൽ ഒന്നും നടക്കയില്ല. മനുഷ്യരെല്ലാം ഒരേവിധത്തിൽ പ്രഭുക്കന്മാരായിരുന്നാൽ എല്ലാവരും പഞ്ഞം കിടന്നു ഉലഞ്ഞുപോകുമെന്നത്രേ ഒരു മഹാൻ പറഞ്ഞിട്ടുള്ളതു്. ആകയാൽ സ്ഥിതിവ്യത്യാസം ആവശ്യകംതന്നേ എന്നു വന്നുകൂടുന്നില്ലയോ?

മനുഷ്യന്റെ ദുഃഖദുരിതങ്ങൾക്കും സമഞ്ജസമായ യുക്തികൾ ഇല്ലാതില്ല. നമുക്കു് അമർത്ത്യമായ ഒരു ആത്മാവുണ്ടെന്നും അതിന്റെ ആമുഷ്മികഭാഗ്യമാണു് ഈ നശ്വരജീവിതത്തെക്കാൾ ഉൽകൃഷ്ടമായി ഗണിക്കേണ്ടതെന്നും മനുഷ്യസൃഷ്ടിയുടെ ലക്ഷ്യമായ അതിന്റെ സമ്പാദനത്തിനു വേണ്ടിടത്തോളം സ്വാതന്ത്ര്യം എല്ലാവക്കും സ്രഷ്ടാവു പ്രദാനം ചെയ്തിട്ടുണ്ടെന്നും സൃഷ്ടിച്ചവനു രക്ഷിക്കുവാനും അറിയാമെന്നും അതിനുവേണ്ടി അവിടുന്നു ചെയ്തുവച്ചിട്ടുള്ള മുൻകരുതലുകൾ അനുസരിച്ചുമാത്രമേ എല്ലാം നടക്കയുള്ളുവെന്നും വിശ്വസിച്ചാൽ ദുഃഖദുരിതങ്ങൾക്കും തൃപ്തികരമായ സമാധാനവും സമാശ്വാസവും ലഭിക്കുന്നതാണെന്നും സംക്ഷിപ്തമായി പ്രസ്താവിക്കുവാനേ ഈ ലേഖനത്തിൽ സ്ഥലമനുവദിക്കുന്നുള്ളു. എങ്കിലും ഒട്ടുമിക്ക പുനർജന്മവാദികളും ആവർത്തിക്കുന്ന ഒരു ന്യായംകൂടി ഇവിടെ ഉദ്ധരിക്കാം.

അതു നവമായി ജനിക്കുന്ന ഒരു പശുക്കുട്ടിയുടെ ചേഷ്ടകളെ ആസ്പദമാക്കിയുള്ളതാണു്. അതു ജനിച്ചുവീഴുന്ന ക്ഷണത്തിൽത്തന്നേ അതിന്റെ തള്ളയുടെ പാൽ കുടിക്കുവാൻ ചെയ്യുന്ന ശ്രമം മുജ്ജന്മത്തിൽ പഠിച്ച അറിവിന്റെ ഫലമാണെന്നാണു് അവർ പറയുന്നതു്. ഇതിൽ അടങ്ങിയിരിക്കുന്ന അനന്ത്യാശ്രയദോഷം പരിഹരിക്കുന്നതിനുവേണ്ടി ആദ്യത്തെ പശുക്കുട്ടി അതിനു പ്രകൃതി നല്കിയ വാസനയാൽ അങ്ങനെ ചെയ്തുപോയിട്ടുണ്ടെന്നു സമ്മതിക്കേണ്ടിവരും. അങ്ങനെയെങ്കിൽ സകല ജീവികൾക്കും അതതിന്റെ ജീവസന്ധാരണമാർഗ്ഗം കണ്ടുപിടിക്കുന്നതിനുള്ള നൈസർഗ്ഗികവാസന നല്കിയ പ്രകൃതി എല്ലാ പശുക്കുട്ടികൾക്കും അതു പ്രദാനം ചെയ്തുകൊണ്ടിരിക്കുന്നുവെന്നും ധരിക്കുന്നതല്ലയോ, ഒരു പശുക്കുട്ടി ഓടുന്നതും ചാടുന്നതും പുല്ലുതിന്നുന്നതുമെല്ലാം മുജ്ജന്മത്തിൽ അഭ്യസിച്ചതാണെന്നു പറയുന്നതിനെക്കാൾ യുക്തം.

പുനർജന്മത്തെ ഖണ്ഡിക്കുന്നതിനു തത്വവേദശാസ്ത്രങ്ങളും പ്രകൃതിശാസ്ത്രങ്ങളും നല്കുന്ന യുക്തികളെ വേറൊരു ലേഖനത്തിലേക്കു മാററിവയ്ക്കുന്നു. മൂർത്തദ്രവ്യങ്ങളുടെ സംയോഗത്തോടുകൂടി ആരംഭിക്കുന്ന പക്ഷിമൃഗാദികളുടേയും സസ്യജീവജാലങ്ങളുടേയും ആത്മാക്കൾ അവയുടെ വിയോഗത്തോടുകൂടി നശിക്കുന്നുവെന്നും പക്ഷികളോ മൃഗങ്ങളോ ചാകുമ്പോൾ ആരെങ്കിലും പ്രാർത്ഥനകളോ ശ്രാദ്ധാദികർമ്മങ്ങളോ നടത്തുക പതിവില്ലെന്നും മനുഷ്യർ മരിച്ചാൽ പുനർജന്മം പ്രാപിക്കയാണെങ്കിൽ പ്രാർത്ഥനകളും ശ്രാദ്ധാദികർമ്മങ്ങളും നമ്മൾ നടത്തുന്നതു നിഷ്പ്രയോജനങ്ങളായി വരുമെന്നും മരിക്കുന്ന ആൾ ഒരു നശ്വരജന്മം പ്രാപിക്കയാണെങ്കിൽ അതു് അയാൾ ചെയ്തിട്ടുള്ള പുണ്യങ്ങൾക്കോ പാപങ്ങൾക്കോ തക്കപ്രതിഫലമാകയില്ലെന്നുമുള്ള ന്യായങ്ങളെക്കുറിച്ചു ചിന്തിച്ചുകൊണ്ടു്, മറുലോകത്തിൽ കുറച്ചുകാലം ജീവിച്ചതിന്റെ ശേഷം അവർ ഈ ലോകത്തിൽ അവതരിക്കുന്നുവെന്ന പ്രസ്താവനയുടെ വ്യർത്ഥത തൽക്കാലം വായനക്കാർതന്നെ ഗ്രഹിക്കയാണു നല്ലതു്.

THE SATHYADEEPAM
ADVERTISEMENT RATES

| | | |
|---|---|---|
| Casual advts. . . . | Rs. 3 0 0 | per inch single column per insertion |
| Flat rate up to 100 inches | Rs. 2 8 0 | |
| 101 inches and above . | Rs. 2 0 0 | |
| Minimum charge . . | Rs. 5 0 0 | per insertion |

INSIDE AND LAST
Full page Rs. 120
Half page Rs. 70
For colour advertisements 100 % extra
Advt. Manager

# ക്രിസ്ത്യാനികളുടെ ശില്പസംവിധാനം *

(എടമരം വി. സെബാസ്റ്റ്യൻ, വിദ്വാൻ)

(തുടർച്ച)

വിവിധദശാന്തരങ്ങൾ

ഗോത്തിക്ക് ശില്പാഭിവൃദ്ധിയുടെ വിവിധഘട്ടങ്ങൾകൂടി ഏററം ചുരുക്കി അതതുദശയിലെ പ്രത്യേകലക്ഷണങ്ങൾ സഹിതം താഴെ സൂചിപ്പിച്ചുകൊള്ളുന്നു:

(1) ആരബ്--നോർമ്മൻ അശ്രുവൽകൃതരീതി

ആദ്യം അറബികൾ സിസിലിയിലും ഇററലിയിൽ ചിലേടത്തും ഉപയോഗിക്കാൻ തുടങ്ങി. അനന്തരം അവിടെ പ്രവേശിച്ച (11-ം 12-ം ശതാബ്ദങ്ങൾ) നോർമ്മന്മാരും മിക്കവാറും ഭേദഗതിയൊന്നും കൂടാതെതന്നെ അംഗീകരിച്ചു. ഇതു ബിസൻറയിൽ-റോമൻസ്കൃസംവിധാനങ്ങളുടെ ചില കലച്ചകളോടുകൂടി സാരസന്മാരിൽനിന്നു് നേരെ കടംവാങ്ങിയ അശ്രുവൽകൃതരീതിയുടെ ക്രൈസ്തവോപയോഗത്തെ ലക്ഷീകരിക്കുന്നു.

(2) പരിവൎത്തനരീതി

ലഘുവായ ഒരു മാററമെന്നപോലെ റോമൻസ്കൃ മന്ദിരങ്ങളിലും ഈ രീതി നവമായി ഉപയോഗപ്പെടുത്താൻ തുടങ്ങിയതിനെത്തുടൎന്നു് ആകമാനം വലിയ പരിണാമത്തിനു വഴിയായി. പലരാജ്യത്തും പലകാലത്തുമായി ഈ പരിണതി വ്യാപ്തിപ്രാപിക്കയും വിവിധഘട്ടങ്ങളോളം നീണ്ടുനിൽക്കയും ചെയ്തു. എന്നാൽ 12-ാം ശതാബ്ദം മുഴുവനും 13-ാം നൂററാണ്ടിൻെറ ആദിയുമായിരുന്നു ഇതിൻെറ ഉച്ചൈസ്തരദശ.

(3) പ്രാചീനാശ്രുവൽകൃത രീതി


(ആദ്യത്തെ യഥാൎത്ഥ ഗോത്തിക്ക് രീതി.) ഭവനനിൎമ്മാണത്തിൽ കൂൎത്ത ആൎച്ചിനു പ്രാധാന്യവും പ്രാമാണ്യവും ലഭിച്ചതു് ഈ ഘട്ടത്തിലാണ്. രീതി അന്നും ഒട്ടൊക്കെ ഒഴുക്കനും റോമൻസ്കൃ മന്ദിരത്തിൻെറ വീതി, നീളം, സ്ഥൂലത നേപഥ്യശൈഥില്യം മുതലായവയുടെ ചില ചിഹ്നങ്ങളെല്ലാം ഉൾക്കൊണ്ടതുമായിരുന്നു. രണ്ടോ മൂന്നോ ഖണ്ഡങ്ങളോടുകൂടി ഇടുങ്ങിയ വാതായനമായിരുന്നു അന്നത്തെ പണിപ്പാടുകളിൽ ഒന്നിൻെറ മുഖ്യമുദ്ര. കല്ലിൽ ചിത്രവേലകൾ വല്ലതും ചെയ്യപ്പെട്ടുവന്നുവെങ്കിൽ അതു അവിടെ ആൎച്ചുകളുടെ പീഠങ്ങൾക്കു പുറമേമാത്രം. സ്തംഭങ്ങൾ വൎത്തുളം, അഥവാ എട്ടുവട്ടം. ചിലേടത്തു് അവ മൂന്നുമുനയുള്ള അസ്ത്രങ്ങൾപോലെ നീണ്ട രേഖകളോടുകൂടിയവയും. കാലം 13-ാം ശതാബ്ദം.

(4) മാദ്ധ്യമികരീതി

നേപഥ്യവിധാനങ്ങളുടെ വൎദ്ധനമൂലം ഇംഗ്ലീഷിൽ ഇതു (Decorated Style) വിഭൂഷിതരീതിയെന്നു് വിളിക്കപ്പെട്ടു. വെറും ചരിവു മാത്രമുള്ള പണ്ടത്തെ കൂൎത്ത ആൎച്ചുകൂടാതെ മേലോട്ടു നീങ്ങുന്ന തിരമാലപോലെ നിമ്നോന്നതമായ വളവും ഈ ഘട്ടത്തിൽ നടപ്പായി. കല്ലുകളിലെ ചിത്രവേലകൾ ആൎച്ചുകളിൽ നിന്നു തരംഗങ്ങളിലേക്കും വലിയ സങ്കലനങ്ങളുടെ ഇടയ്ക്കു കിടക്കുന്ന രേഖകളിലേക്കും പകൎന്നു. വെൺമാടത്തിൻെറ പണി റോസ്പുഷ്പം പോലെ ഉപൎയ്യുപരി വൎദ്ധിച്ച വലയങ്ങളുടെ സംഖ്യകൊണ്ടു് വിഭക്തമായി. കൊത്തുപണികൾ സ്വാതന്ത്ര്യവും സ്വാഭാവികവുമായി പരിപുഷ്ടി പ്രാപിച്ചു. സ്തംഭങ്ങൾ നടുക്കുള്ള ഒരു കാലിനെച്ചുററി അനേകം ചെറിയ ഉരുളുകളുടെ സമാഹാരമായിപ്പരിണമിച്ചു. ഈ രീതിയാണ് ഏററം ഉന്നതവും പരിപൂൎണ്ണവുമായി എണ്ണപ്പെട്ടതു്. 14-ാം നൂററാണ്ടായിരുന്നു ഇതിൻെറ ജീവകാലം.

(5) അന്തിമരീതി അഥവാ അധോഗതരീതി

ഈ പദ്ധതി രണ്ടു രൂപം പ്രാപിച്ചു. ജനൽവളവുകളിൽ അഗ്നിജ്വാലകളുടെ വലയത്തെ ലക്ഷീകരിക്കുന്ന മനോരാജ്യപരമായ ശിലാശില്പങ്ങളുടെ തരംഗപംക്തികളെ പ്രമാണമാക്കി യൂറോപ്പുവൻകരയിൽ ഇതിനു ജ്വാലാരൂപരീതി എന്നു പേരുണ്ടായി. അതേകാലത്തുതന്നെ നിൎദ്ദിഷ്ടപ്രസ്ഥാനത്തിൻെറ ഉന്നമ്രസ്വഭാവം നിഹനിക്കുമാറു് സ്തംഭങ്ങളിന്മേലും കവാടങ്ങൾ, വാതായനങ്ങൾ എന്നിവയുടെ ഉപരിതലത്തിലും കാണപ്പെട്ടിരുന്ന (1) വൃത്താകാരമായ ആൎച്ചുകളുടെ വളവുകൾ നിവൎന്നു് ഋജുരൂപം കൈക്കൊണ്ടതിനാൽ ഇംഗ്ലണ്ടിൽ ഇതിനു് "ആൎജ്ജവരീതി" (Perpendicular) എന്നും സംജ്ഞ ലഭിച്ചു. അതിവൈദഗ്ധ്യംശില്പസംവിധാനത്തിൽ അനിയന്ത്രിതവും അലങ്കാരപ്പണികളിൽ കേന്ദ്രീഭൂതവുമായി രൂപാന്തരപ്പെട്ടു. പെട്ടെന്നുള്ള കാഴ്ചയിൽ മോഹനമെങ്കിലും ഐകരൂപ്യരാഹിത്യംകൊണ്ടു് നിശ്ചേതനമായ ചിത്രങ്ങളുടേയും കൊത്തുപണികളുടെതന്നേയും മേന്മയെ പ്രായേണ ഒരു ദുഷിച്ച വളച്ചു കീഴടക്കി. സാക്ഷാൽ (2) കൂൎത്ത ആൎച്ചിൻെറ പണിപൂൎണ്ണമായി വിരമിച്ചു. പകരം (3) അഗ്രംമാത്രം കൂൎത്തതും (4) മുന വട്ടച്ചതും (5) അഗ്രം പതിഞ്ഞതും (6) അഗ്രം ശൂന്യമായതുമായ പലതരം ആൎച്ചുകൾ നിൎമ്മിക്കാൻ തുടങ്ങി. എല്ലാത്തിൻെറയും ആകൃതി താഴെ കാണിക്കുന്നു.




ആൎച്ചുകൾ ശില്പസിദ്ധാന്തങ്ങളെയെല്ലാം അവഗണിച്ചു് വെളിച്ചം കടക്കത്തക്ക മട്ടിൽ കല്ലുകൊണ്ടുള്ള ചട്ടക്കൂടുകളാൽ മുഴുവൻ ആവരണംചെയ്യപ്പെട്ടവന്നു. പ്രസ്തുത ഭാരമാസകലം തനിയെ താങ്ങി സംയോജിച്ചുനിൽക്കാൻ കഴിയാഞ്ഞതിനാൽ ഇരുമ്പുശിലാന്തികൾ ചെലുത്തിയാണു് ഇത്തരം കെട്ടിടങ്ങൾ ഉറപ്പിച്ചു നിൎത്തിയിരുന്നതു്. ഹെൻറി സപ്തമൻെറ വെസ്റ്റ്മിനിസ്റ്റർ ചാപ്പൽ ഈ മാതൃകയ്ക്കു മതിയായ ദൃഷ്ടാന്തമത്രെ. 15 മുതൽ 16-ാം ശതാബ്ദത്തിൻെറ ഉത്തരാൎദ്ധംവരെ പ്രകൃതരീതി നിലനിന്നുപോന്നു.

റോമൻസ്കൃരീതി അതിൻെറ പൂൎണ്ണവളൎച്ചയിൽ എത്തുകയും അധോഗതിക്കു കാരണമൊന്നും ഇല്ലാതിരിക്കയും ചെയ്തപ്പോൾ ഗോത്തിക്ക് പ്രസ്ഥാനത്താൽ പെട്ടെന്നു് ഗളഹസ്തംചെയ്യപ്പെട്ടതായി നാം കണ്ടുവല്ലോ. എന്നാൽ അതിനു മറെറാരു മാൎഗ്ഗേണ ക്ഷയം നേരിട്ടു. ഇതു രീതിയുടെ ഏതെങ്കിലും ആപൽക്കരമായ ന്യൂനതകൊണ്ടായിരുന്നില്ല. മനുഷ്യൻെറ എല്ലാ വ്യാപാരങ്ങളിലും അധോഗതി അഭിവൃദ്ധിയിൽനിന്നു് വിച്ഛേദിക്കാൻ കഴിയാത്ത പ്രായശ്ചിത്താനുഭവമാണു്. ഈ തത്വം സൂക്ഷ്മമായി അപോദ്ധരിച്ചുനോക്കിയാൽ നിൎദ്ദിഷ്ടാനുഭവത്തിൻെറ ആഗമം നല്ല കാൎയ്യങ്ങളുടെ ആത്മഹത്യാപരമായ സ്വഭാവത്തിൽനിന്നല്ല. നേരെമറിച്ചു് എത്രതന്നെ പ്രശസ്യമായിരുന്നാലും ഉള്ളതുകൊണ്ടു തൃപ്തിപ്പെട്ടു് വിശ്രമിക്കാത്ത മനുഷ്യപ്രകൃതി അപ്പുറം യഥാൎത്ഥാഭിവൃദ്ധിക്കു പഴുതില്ലാത്തപ്പോൾ അല്പംകൂടി മുന്നോട്ടു കുതിക്കുന്നതിൽനിന്നാണു സംഭവിക്കുന്നതെന്നും അങ്ങനെ ഉള്ളതുകൂടി നഷ്ടപ്പെടുത്തുന്നുവെന്നും നന്നായി മനസ്സിലാക്കാം. അത്യല്പതയും അത്യാധിക്യവും അപായകരമാണെന്നു് ഒരു സ്നേഹിതൻ പണ്ടു പ്രസ്താവിച്ച വചനം ഞാൻ ഓൎമ്മിക്കുന്നു. അല്പിഷ്ഠത്വം പരിഹരിക്കുന്നതിൽ പിന്തുടൎന്നുകൊണ്ടിരിക്കുന്ന കണ്ടുപിടുത്തത്തിൻെറ കാംക്ഷ അത്യാധിക്യത്തിൽനിന്നു വഴുതിവീഴാനുള്ള മനോഗതിയുടെ ആക്രമണമാണെന്നുള്ളതിനു സംശയമില്ല. അതിവിശേഷവും അഭിനവവുമായ മാതൃകകളിൽ പ്രസിദ്ധിപ്രാപിച്ച റോമൻസ്കൃരീതിയുടെ സംവിധാനാംശങ്ങൾ മനസ്സിരുത്തിപ്പരിശോധിച്ചാൽ ഒരുപക്ഷേ അതിനു് അത്യാധിക്യത്തിൻെറ എന്തൊരു രൂപമാണു് ഉണ്ടായിരുന്നതെന്നു ഗ്രഹിക്കാൻ സാധിച്ചേക്കും. എന്നാൽ കയ്പമായ ഫലമൊന്നുമില്ലാത്ത ആ ഉദ്യമത്തിനു ഇവിടെ മുതിരുന്നില്ല.

ഗോത്തിക്ക് പ്രസ്ഥാനത്തോടൊന്നിച്ചു് തത്തുല്യവും അതുപോലെതന്നെ ക്ഷിപ്രപരിപുഷ്ടവുമായ ഒരു അംഗന്യൂൽപാതവും ആവിൎഭവിച്ചു. തന്നിമിത്തം അവസാനയുഗങ്ങളിൽ പ്രസ്തുതരീതിയുടെ ക്ഷയം സ്ഥിരീഭൂതമായിരുന്നെങ്കിലും പൂൎവ്വപദ്ധതിയെ ബാധിച്ചതിനെക്കാൾ അതിഭയങ്കരമായ ഒരു വേപഥുമൂലം നാശത്തിൻെറ ആ പ്രയാണം ത്വരീകൃതമായി. 16-ാം നൂററാണ്ടിൽ യൂറോപ്പൊട്ടുക്കു് ദൃഢമൂലമായ സൎവ്വകലകളുടേയും നവീകരണപ്രസ്ഥാനം (Renaissance Movement) ആയിരുന്നു അതു്. ഈ സംരംഭം ആഭ്യന്തരവ്യതിയാനമൊന്നും കൂടാതെ മറെറാരു രീതിയെ സംബന്ധിച്ചുണ്ടായ പ്രത്യേകകൗതുകംമൂലം സംഭവിച്ച സ്ഥായിയായ രുചിഭേദത്താൽ ഗോത്തിക്ക്ശില്പത്തെ അകാലത്തുതന്നെ ധ്വംസിച്ചുകളഞ്ഞു.

*പകർപ്പവകാശം ലേഖകനു്

FREE INDIA BANK LIMITED

H. O. Kottayam, Travancore

(Incorporated under Travancore Companies Act—Liability of Members Limited.)

Branches:—

| | | |
|---|---|---|
| Changanacherry | Kidangoor | Kothamangalam |
| Kottayam | Nedumkunnam | Palai |
| Ponkunnam | Ramapuram | Ullala |

FIXED DEPOSITS received at rates varying from 4%—6% interest per annum.

6% CASH CERTIFICATES issued.

CHEQUES, DRAFTS & BILLS accepted

All interests payable Half Yearly.

BANKING BUSINESS OF ALL KINDS UNDERTAKEN.

| Chairman | Managing Director | Secretary |
|---|---|---|
| Mr. V. C. George B. A. L. T. | Vakil Mr. Mathew J. Mattom. | Mr. Mathew J. Kaithakary |


"ബ. അൽഫോൻസാമ്മയിൽ നിന്നും ലഭിച്ച അനുഗ്രഹങ്ങൾക്കു് നന്ദി."

I. C. P.

ഗ്രന്ഥാവലോകനം

## മിന്നൽ മുതലാളി

(ഗ്രന്ഥകൎത്താ: പി. എം. പൈലി, സാഹിത്യവിശാരദ്. ബി. കെ. എം. പ്രസ്സ്, ആലപ്പുഴ. വില 1 ക. 4 ണ.)

എട്ടു ചെറുകഥകളുടെ സമീചീന സമാഹാരമാണു് "മിന്നൽ മുതലാളി"യുടെ ആവിൎഭാവത്തിനു നിദാനം. ജീവിതഗതിയിൽ മിന്നൽവേഗത്തിൽ പാഞ്ഞുമറയുന്ന സംഭവപരമ്പരകളെ സശ്രദ്ധം പരിശോധിച്ചു ഗ്രാഹ്യത്യാജ്യാംശങ്ങൾ വിവേചിക്കുന്നതിനു ഗ്രന്ഥകാരനുള്ള സാമൎത്ഥ്യം അഭിനന്ദനാർഹമാണു്. സംഭവ്യതയും, പ്രായോഗികത്വവുമാണു കഥാവസ്തുവിൻെറ ജീവത്തായ ഘടകമെന്നു ഇക്കഥകൾ ഓരോന്നും വ്യക്തമാക്കുന്നുണ്ടു്. ഒരു കഥാപഞ്ജര (Plot) ത്തിനുവേണ്ടി, തെരുവുകളിലും, ചെററക്കുടിലുകളിലും, ഓടകളിലും, ഇടവഴികളിലും തപ്പിത്തിരഞ്ഞു്, ചില മലീമസരംഗങ്ങൾ പൊന്തിച്ചുകാണിക്കുന്ന ആധുനികകഥാകൃത്തുകൾക്കു നമ്മുടെ ഗ്രന്ഥകാരൻ മാൎഗ്ഗദർശനം ചെയ്യുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു.

ശൈശവത്തിൻെറ നിൎമ്മലബന്ധങ്ങൾ, ആശങ്കാജടിലമായ ഭാവിയുടെ മതിൽക്കെട്ടുകളിൽ തട്ടി, വിപരീതഗതിയവലംബിക്കുന്ന യാഥാൎത്ഥ്യങ്ങളാണ് ആരംഭത്തിൽത്തന്നെ "കളിത്തോഴി" പറഞ്ഞുതരുന്നതു്. അനഘവും ആത്മാൎത്ഥവുമായ അനുസ്മരണങ്ങളെ അസൂയയും സ്വാൎത്ഥതയും കൂടെ ചെളിവാരിയെറിയുന്ന അനീതിയെപ്പററി "അവൾ" അനുവാചകരെ ഒട്ടേറെക്കാൎയ്യങ്ങൾ ഉദ്ബോധിപ്പിക്കുന്നുണ്ടു്. വഞ്ചനയും കാപട്യവും നിറഞ്ഞ ലോകം നേരും നെറിവും കുഴിച്ചുമൂടുന്ന ചിത്രങ്ങളാണു് "ആഭാസ"നും "പത്തുരൂപാ നോട്ടും". പ്രലോഭനങ്ങളുടെ പരക്കംപാച്ചിലിൽ തെല്ലുപോലുമലയാതെ ആദൎശത്തിൻെറ നൂല്പാലത്തിൽക്കൂടി ഗൃഹസ്ഥജീവിതത്തിൻെറ മറുകര കടക്കുവാനുള്ള തോമസിൻെറ ആത്മധൈൎയ്യത്തെ ആരുതന്നെ അഭിനന്ദിക്കയില്ല! അധികം അദ്ധ്വാനിക്കാതെ പണം സമ്പാദിക്കാനുള്ള കുറുക്കുവഴികളുമായി ജനതാമദ്ധ്യത്തിൽ പ്രത്യക്ഷപ്പെടുന്ന "സമയംകൊല്ലി"കളുടെ ശരിപ്പകൎപ്പുതന്നെയാണു് ഏജൻറു്. അതിശീഘ്രം ചുററിക്കൊണ്ടിരിക്കുന്ന സാമ്പത്തികചക്രം നിയന്ത്രണരഹിതമായിപ്പോയാലുള്ള അപകടങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണു് "മിന്നൽ മുതലാളി" വിരമിക്കുന്നതു്.

ഡോക്ടർ സുകുമാരൻ നായരുടെ "മനുഷ്യത്വ"ത്തിൻെറ മാററുരയ്ക്കാനുള്ള കഥാകാരൻെറ യത്നത്തിൽ എങ്ങൊക്കെയോ, അതിനു മാലിന്യം സംഭവിച്ചിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എങ്കിലും അവസാനം ആ പരിശ്രമം സാഫല്യമടഞ്ഞുവെന്നു സമാധാനിക്കാം. അതുപോലെ "ആദർശ"ത്തിലെ ചുംബനങ്ങളും പ്രേമചേഷ്ടകളുമൊക്കെ, കുറെ പഴയ സമ്പ്രദായമല്ലേ എന്നൊരു സംശയമുണ്ടു്. കഥാപാത്രങ്ങളുടെ പ്രേമസഞ്ചാരത്തിൽ കഴിവുള്ളിടത്തോളം, അങ്ങനെയുള്ള നടപടികൾ ചിത്രീകരിക്കാതിരിക്കുകയാണുത്തമം.

ഗ്രന്ഥത്തിൻെറ രചനാരീതി ലളിതവും സുഗ്രഹവുമാണെന്നു പറയാൻ സന്തോഷമുണ്ടു്. സാമാന്യവിദ്യാഭ്യാസം മാത്രമുള്ള ആൎക്കും ഈ കഥകൾ നിഷ്പ്രയാസം വായിച്ചുമനസ്സിലാക്കാം. ആശയാവിഷ്കരണത്തിൽ അനുവാചകരെ അമ്പരപ്പിക്കുവാൻവേണ്ടി, ശബ്ദാരണ്യത്തിലെ കാടും പടപ്പും തകൎത്തുകയറി, ഒട്ടേറെ അപരിചിതപദങ്ങളെ വേട്ടയാടിപ്പിടിച്ചു് പ്രകൃതത്തിൽ കുത്തിച്ചെലുത്തുവാനുള്ള വ്യഗ്രതയൊന്നും ഗ്രന്ഥകാരൻ പ്രകടിപ്പിക്കുന്നില്ല. കഥാവസ്തുക്കൾപോലെ തന്നെ രചനാരീതിയും വെറും സാധാരണമാണു്.

സൎവ്വനാമങ്ങൾ ഉപയോഗിക്കാവുന്നദിക്കിൽ അവ വിട്ടുകളഞ്ഞതും, സ്ത്രീലിംഗാൎത്ഥം കുറിക്കേണ്ടിടത്തു പുല്ലിംഗരൂപമുപയോഗിച്ചിരിക്കുന്നതുമൊക്കെ വ്യാകരണസംബന്ധമായ സ്ഖലിതങ്ങളായിപ്പറയാം." പുള്ളി, പുള്ളിക്കാരൻ, ഇഷ്ടൻ ഇത്യാദി ഗ്രാമീണ സംഭാഷണപദങ്ങൾ കഥാപാത്രങ്ങളെക്കൊണ്ടു കൈകാൎയ്യം ചെയ്യിക്കുന്നതു നല്ലതാണെങ്കിലും, ഭാഷാഭിമാനിയായ ഗ്രന്ഥകാരൻ സ്വന്തനിലയിൽ അവ പ്രയോഗിക്കുന്നരീതി ശാലീനമല്ല.

ഇങ്ങനെ ചില ന്യൂനതകൾ പറയാനുണ്ടെന്നിരുന്നാലും, കഥാപ്രിയരായ വായനക്കാൎക്കു "മിന്നൽ മുതലാളി" ഒരു സമ്പാദ്യമായിത്തന്നെയിരിക്കുന്നു. ഗ്രന്ഥത്തിനു പ്രചുരപ്രചാരവും ഗ്രന്ഥകാരനു ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു,

(J. K. C.)

ബാലരംഗം

# ഒന്നാമത്തെ വൈദികഫലം

"വിരുതേറിയ നിൻെറ വംശമേറെ-
പ്പെരുകും വാനിലുഡുക്കളെന്നപോലെ.
കരുണാനിധിയായ ദൈവമൻപോ-
ടരുളും വേണ്ടവരം നിനക്കു നിത്യം"

പ്രിയ കുഞ്ഞുങ്ങളേ,

അബ്രാഹത്തോടു ദൈവം ചെയ്ത മേല്പറഞ്ഞ വാഗ്ദാനംതന്നെയാണു ജോൺ ബോസ്കോ അച്ചനിലും പൂർണ്ണമായി നിറവേറിയതു്. നക്ഷത്രതുല്യരായ മക്കൾ ഓററ്ററിയിൽ അദ്ദേഹത്തിനു അത്ഭുതകരമായി ഉദിച്ചുകൊണ്ടിരുന്നു. കാട്ടുമൃഗങ്ങൾ കുഞ്ഞാടുകളായി രൂപാന്തരപ്പെട്ടുകൊണ്ടിരുന്നു. മൂന്നു സ്ഥലങ്ങളിലായി ഇപ്പോൾ 1500-ൽപ്പരം കുട്ടികൾ ഞായറാഴ്ചതോറും കമ്മ്യൂണിയൻ സംബന്ധിക്കുന്നുണ്ടു്. എങ്കിലും തൊഴുത്തിൽ കയറാത്ത വനജന്തുക്കൾ പലതും ഇനിയും പുറമേ കിടക്കുന്നു.

ഈ തരത്തിലുള്ള ഒരു യുവാവു കുറേ കുസൃതിക്കുട്ടികളെച്ചേർത്തു ഒരു മുട്ടാളപ്പട്ടാളവും സജ്ജീകരിച്ചു്, സമീപപ്രദേശങ്ങളിൽ വിഹരിക്കയായിരുന്നു. ഒരു ദിവസം അവരിൽ ഒരു കുട്ടി സമ്മേളനത്തിനു ചെന്നെത്തിയില്ല. നേതാവു അന്വേഷിച്ചതിൽ അവൻ ബോസ്കോ അച്ചൻെറ ഓററ്ററിയിൽപോയിരിക്കയാണെന്നു റിപ്പോർട്ടുകിട്ടി. അതെവിടെയാണെന്നും, അവിടത്തെ ചടങ്ങുകൾ എന്താണെന്നും തിരക്കി മനസ്സിലാക്കിയപ്പോൾ അതൊന്നും കാണണമെന്നായി. നേരേ അവൻ വൽഡോക്കോയിലേക്കു തിരിച്ചു. ഓററ്ററിയുടെ പടിവാതിൽ അടച്ചിട്ടിരുന്നു. മതിൽ ചാടി അകത്തു കടന്നു. പള്ളിയിൽ കർമ്മങ്ങൾ നടക്കുന്ന നേരമായിരുന്നു. പാട്ടുകാരോടുചേർന്നു അവനും പാടി. ഒടുവിൽ ബോസ്കോ അച്ചനുമായി കണ്ടു പരിചയപ്പെടുകയും ഓററ്ററിയിലേക്കു അന്നുമുതൽ അവൻ ആകർഷിക്കപ്പെടുകയും ചെയ്തു. അവൻെറ സംഘടനയിലെ അംഗങ്ങളെല്ലാംതന്നെ ക്രമേണ ഓററ്ററിയിൽ ലയിച്ചു.

ജോൺബോസ്കോ അച്ചൻെറ ബാലസംഘത്തിൽ തങ്ങളുടെ മകനും സംബന്ധിച്ചുവരുന്നുവെന്നു കേട്ടപ്പോൾ ആ യുവാവിൻെറ മാതാപിതാക്കൾ അവനെ പൂർവ്വാധികം നിർദ്ദയമായി മർദ്ദിച്ചു തുടങ്ങി. ഒടുവിൽ പിന്നാർഡി ഭവനത്തിൽ കാലുകുത്തിപ്പോകരുതെന്നു അവൻെറ പിതാവു നിരോധനാജ്ഞ നൽകി. യുവാവു പ്രതിഷേധിച്ചു: "കക്കാനും കൊള്ളചെയ്യാനും മററുമല്ല എന്നെ അവിടെ പഠിപ്പിക്കുന്നതു്. എഴുത്തും വായനയും നിത്യരക്ഷയ്ക്കുവേണ്ട കാര്യങ്ങളും സൗജന്യമായി പഠിപ്പിക്കുന്നിടത്തു പോകരുതെന്നു പറഞ്ഞാൽ എന്തർത്ഥമാണതിനുള്ളതു്? ഞാനവിടെ പോകും. എനിക്കു ജീവനുണ്ടെങ്കിൽ ഞാൻ പോകും." തലയ്ക്കിട്ടു ഭയങ്കരമായ ഒരടിയാണു് അതിനു മറുപടിയായി മകനു കിട്ടിയതു്. അന്നു അവൻ വീട്ടിൽനിന്നിറങ്ങി. പിന്നെ അങ്ങോട്ടു കയറിയിട്ടുമില്ല. ഓററ്ററി അവൻെറ ഭവനമായിത്തീർന്നു.

മതസംബന്ധമായ യാതൊരു ജ്ഞാനവും അവനില്ലായിരുന്നതിനാൽ ഫാദർ ബോസ്കോ ഒരു വൈദികൻെറ പ്രത്യേക പരിശീലനത്തിനു അവനെ ഏല്പിച്ചു. അചിരേണ അവൻ പ്രഥമദിവ്യകാരുണ്യം സ്വീകരിപ്പാൻ പ്രാപ്തനായി. തുടന്നു അവൻ ബുക്കു്ബൈൻഡിങ്ങു് അഭ്യസിച്ചു. അവൻെറ ബുദ്ധിസാമർത്ഥ്യവും സൽസ്വഭാവവും ഫാദർ ബോസ്കോയെ അത്യധികം സംതൃപ്തനാക്കി. അതിനിടയ്ക്കു പുത്രനെ തിരികെ കൊണ്ടുപോകുന്നതിലേക്കു പിതാവു ഓററ്ററിയിൽ ഒരാക്രമണംതന്നെ നടത്തി. ഫാദർ ബോസ്കോ അതെല്ലാം സധൈര്യം എതിർത്തുനിന്നു. "എൻെറ കുട്ടിയെ നിങ്ങളുടെ പിടിയിൽനിന്നു വിടുവിക്കാമോ എന്നു ഞാൻ നോക്കട്ടെ. മജിസ്ട്രേട്ടുകോർട്ടിലേക്കാണു ഈ വഴിക്കുതന്നെ ഞാൻ പോകുന്നതും." അപ്പൻ ക്രുദ്ധിച്ചു പറഞ്ഞു. അങ്ങനെതന്നെ. ഞാനും വരുന്നു മജിസ്ട്രേട്ടിൻെറ പക്കലേക്കു്. ഒരു കൊച്ചുകുട്ടിയോടു ഇത്ര ക്രൂരമായി പെരുമാറിയതിനുള്ള സമ്മാനം നിങ്ങൾക്കു വാങ്ങിത്തന്നിട്ടേ ഞാൻ മടങ്ങുന്നുള്ളു." ബോസ്കോ അച്ചൻ വാദിച്ചു.

ഏതായാലും അന്നുമുതൽ മാതാപിതാക്കന്മാരുടെ ശല്യം ഉണ്ടായില്ല. അവൻെറ പഠനം നിർവിഘ്നം തുടന്നുനടന്നു. സംഗീതത്തിൽ ജന്മസിദ്ധമായ വാസന അവനുണ്ടായിരുന്നതിനാൽ ഓററ്ററിയിലെ ഗായകസംഘത്തിൻെറ നേതൃത്വം അവനു അചിരേണ നൽകപ്പെട്ടു. പൗരോഹിത്യത്തിനുള്ള ആകാംക്ഷ പ്രദർശിപ്പിച്ചതിനാൽ ലത്തീൻ ഭാഷയും അവനെ അഭ്യസിപ്പിച്ചു. ചുരുക്കിപ്പറയാമല്ലോ, 1851 ഫെബ്രുവരിമാസം 2-ാംതീയതി നമ്മുടെ "വിദ്വാൻകുട്ടി", വൈദികവസ്ത്രം സ്വീകരിക്കയും, 1857-ൽ പുരോഹിതപദത്തിലേക്കു ഉയർത്തപ്പെടുകയും ചെയ്തു. ടൂറിനിലെ പുരോഹിതവൃന്ദത്തിൽ സർവ്വഥാ അദ്വിതീയമായ ഒരു സ്ഥാനം അദ്ദേഹത്തിനു കാലവിളംബമെന്യേ സിദ്ധിച്ചു. ഓററ്ററി ബാലഗണത്തിൽനിന്നു ഉരുപ്പെട്ടുമേറ ഒന്നാമത്തെ അംഗമാണു ഈ അത്ഭുതബാലൻ. പതിനായിരക്കണക്കിനു ലോകത്തിൻെറ നാനാഭാഗങ്ങളിലായി മിശിഹായുടെ മുന്തിരിത്തോട്ടത്തിൽ വേലചെയ്യുന്ന സലേഷ്യൻ വൈദികസൈന്യത്തിൻെറ ഉദയനക്ഷത്രമായിരുന്നു അദ്ദേഹം. ഫാദർ



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത

ജോസഫ്, ചേർത്തല.

ബോസ്കോയുടെ അത്ഭുതപ്രകടനങ്ങൾ തന്നെ എന്നല്ലാതെ എന്താണു പറയുക!

പ്രിയ കുഞ്ഞുങ്ങളേ! ഇതെല്ലാം നിങ്ങൾക്കു അത്യന്തം ആശാവഹമായ ചിത്രങ്ങളല്ലയോ? ശാവോലിനെ പൗലോസ്ലീഹാ ആക്കിയ കർത്താവിനു്, ആഗുസ്തീനോസിനെ പുണ്യവാനാക്കി പകർത്തിയ വരപ്രസാദത്തിനു്, എന്താണു അസാദ്ധ്യമായിട്ടുള്ളതു്? നമ്മുടെ സഹകരണംമാത്രം ഉണ്ടായാൽമതി. വല്ലഭനായ ദൈവം വലിയ കാര്യങ്ങൾ നമ്മിൽ പ്രവർത്തിക്കും.

## കുഞ്ഞുകൾക്കു മറുപടി

139. കെ. എം. അലക്സ്.

"......അഞ്ചാം ഫോറത്തിലാണു ഞാൻ പഠിക്കുന്നതു്. ദിവസേന 5 മൈൽ നടന്നുപോയി പഠിച്ചുവരുന്നു. എങ്കിലും ദിവസേന ദിവ്യപൂജയിൽ സംബന്ധിക്കുന്നുണ്ടു്. അല്ലെങ്കിൽ അപ്പൻ സമ്മതിക്കയില്ല.........

"വല്യച്ചാ, ഞങ്ങൾ മാസംതോറും ഒരു ചെറിയ പണപ്പിരിവു നടത്തിയാൽ പാവപ്പെട്ട വല്ല മിഷനറിമാരെയും സഹായിക്കാൻ ഉപകരിക്കയില്ലേ? ഞാൻ അതിനു സന്നദ്ധനാണു്. ബാക്കിയുള്ളവർക്കും ഇഷ്ടമാണെങ്കിൽ അച്ചൻ അതിനു മുമ്പോട്ടുവരണം. ഒരു ചക്രമായാലുംമതി അയക്കുന്നതു പ്രയാസമാണെങ്കിൽ പല മാസത്തേതു ഒന്നിച്ചയക്കാമല്ലോ. ഇൻഡ്യയുടെ മാനസാന്തരം മഹാസമുദ്രത്തിലെ ഒരുതുള്ളി വെള്ളംപോലെ കിടക്കുന്നു. എത്ര ശോചനീയം!........"

എല്ലാനിറത്തിലും സാററിൻ സിൽക്കിൽ
മുത്തുക്കുടകൾ തയ്യാറുണ്ടു്
കൊളമ്പോ സാരിവർക്ക്സ്, ബ്രോഡ വേ, എറണാകുളം

എത്രയുംപ്രിയ അലക്സേ, നിൻെറ ദീർഘമായ എഴുത്തു വല്യച്ചൻ പല പ്രാവശ്യം സന്തോഷത്തോടെ വായിച്ചു. ദൈവത്തിനു സ്തോത്രം ചെയ്യുന്നു. 5 മൈൽ നടന്നു പഠിക്കുന്ന നീ ദിവസേന ദിവ്യബലിയിൽ സംബന്ധിക്കുന്നതിനും നേരം കണ്ടെത്തുന്നുണ്ടെന്നുള്ള വർത്തമാനം എൻെറ കുഞ്ഞുമക്കളെല്ലാവരും അറിഞ്ഞിരിക്കാനുള്ളതുതന്നെയാണു്. അപ്പൻെറ ആ നിർബന്ധം നിമിത്തം മകനു് ഈ ലോകത്തിലും പരലോകത്തിലും ഒരുനാളും പശ്ചാത്തപിക്കേണ്ടിവരികയില്ലെന്നു ഞാൻ ഉറപ്പുപറയുന്നു.

പണപ്പിരിവിൻെറ പ്ലാൻ വളരെ നല്ലതുതന്നെ. ക്രമേണ അങ്ങനെ വല്ലതുമൊക്കെ കുഞ്ഞുങ്ങളെക്കൊണ്ടു ചെയ്യിക്കണമെന്നു ഞാനും വിചാരിക്കാറുണ്ടു്. എന്നാൽ എൻെറ കുഞ്ഞുങ്ങൾ ഇങ്ങോട്ടു അതു നിർദ്ദേശിച്ചുതരുമെന്നു, അവരിൽനിന്നു ഞാൻ പഠിക്കേണ്ടിവരുമെന്നു, ഒരിക്കലും കരുതിയിരുന്നതല്ല. ദൈവത്തിനു സ്തുതിയായിരിക്കട്ടെ. ആശാകിരണങ്ങൾ ലോകത്തിൽ ഇനിയും ശേഷിച്ചിട്ടുണ്ടെന്നു ഇതിൽനിന്നു തെളിയുന്നു. വിദേശരാജ്യങ്ങളിലെ കത്തോലിക്കാകുട്ടികളെ സംബന്ധിച്ചുപറകയാണെങ്കിൽ ഇതൊന്നും പുതിയ ആശയമല്ല. നമുക്കാകട്ടെ, ഇതെല്ലാം ഇനിയും പഠിക്കേണ്ടതായിട്ടാണിരിക്കുന്നതു്. പഠിച്ചുവരുന്നുണ്ടെന്നു കാണുന്നതു് അത്യധികം ആശാസ്പദംതന്നെ. നമ്മുടെ ബാലരംഗം അതിനെല്ലാം നിങ്ങൾക്കു സഹായകരമായി ഭവിക്കാതിരിക്കയില്ല.

മററു അംഗങ്ങളുടെയും ആശയഗതി അറിയട്ടെ. അതിൻെറ ശേഷം ആ വിഷയത്തിൽ നമുക്കു ശ്രമിച്ചുനോക്കാം. വടക്കേ ഇൻഡ്യയിൽ നമ്മുടെ കേരളീയ വൈദികർ മിഷൻജോലി നടത്തുന്ന വല്ലരംഗവും ഏറെറടുത്തു പ്രാർത്ഥനകൊണ്ടും പണംകൊണ്ടും സഹായിപ്പാൻ നമുക്കു ശ്രമിക്കണം.

എനിക്കുവേണ്ടിയുള്ള നിൻെറ പ്രാർത്ഥനകൾക്കു പ്രത്യേകം നന്ദിപറയുന്നു.

എൻെറ കുഞ്ഞുമക്കളെ എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

1 ക്രിസ്തു പ്രവർത്തിച്ച അത്ഭുതങ്ങളിൽവച്ചു് ഏററവും വലിയ അത്ഭുതം ഏതു്?

2 ക്രിസ്തു പുനരുത്ഥാനംചെയ്തശേഷം മാതാവിനു പ്രത്യക്ഷപ്പെട്ടോ?

3 ഉയിർപ്പുദിവസം ആർക്കെല്ലാം പ്രത്യക്ഷപ്പെട്ടതായി വേദപുസ്തകം പറയുന്നുണ്ടു്?


4 ഉയിർപ്പിൻെറ എട്ടാംദിനം ആർക്കെല്ലാം പ്രത്യക്ഷപ്പെട്ടു?

5 കടൽത്തീരത്തു പ്രത്യക്ഷപ്പെട്ടപ്പോൾ എത്ര ശിഷ്യന്മാർ ഉണ്ടായിരുന്നു?

6 പിന്നീടു എത്ര പേർക്കൊന്നിച്ചു കാണപ്പെട്ടു?

7 ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്ത അവസരത്തിൽ ശിഷ്യന്മാരിൽ ആരെല്ലാം അവിടെ സന്നിഹിതരായിരുന്നു?

(ഉത്തരങ്ങൾ 8-ാം പേജിൽ)




"ഭവതി എന്നെ വിവാഹംകഴിക്കയില്ലെങ്കിൽ ഞാൻ മരിച്ചുപോകും."

"നിവൃത്തിയില്ല. ഞാൻ മഠത്തിൽ ചേരാൻ തീരുമാനിച്ചിരിക്കയാണു്."

"അങ്ങനെ പറയല്ലേ! ഞാൻ തീർച്ചയായും മരിച്ചുപോകും. ഒരു ജീവൻ നഷ്ടപ്പെടുത്തുന്നതു പാപമല്ലേ?"

"ദയവായി വിവാഹകാര്യത്തെപ്പററി എന്നോടു സംസാരിക്കപോലും ചെയ്യരുതെന്നപേക്ഷിക്കുന്നു."

അവൾ പറഞ്ഞതുപോലെ മഠത്തിൽചേർന്നു. അയാൾ മരിക്കയുംചെയ്തു— 60 കൊല്ലം കഴിഞ്ഞിട്ടാണെന്നുമാത്രം.

* * *

വെള്ളക്കാരനായ ഒരു മിഷനറി വൈദികൻ മനുഷ്യരെ തിന്നുന്ന കാനിബാൾ ജാതിക്കാരുടെ കൈയിൽ അകപ്പെട്ടു. ഒരുനേരത്തെ ആഹാരത്തിനു വക കിട്ടുകയാൽ അവർക്കു വലിയ സന്തോഷമായി.

പക്ഷെ പ്രത്യുൽപന്നമതിയായ വൈദികൻ യാതൊരു ഭാവഭേദവും കാണിക്കാതെ അവരോടു പറഞ്ഞു:

"നിങ്ങൾ എന്നെ തിന്നുന്നതിനു എനിക്കു വിരോധമില്ല. എന്നാൽ എൻെറ മാംസം നിങ്ങൾക്കു ഇഷ്ടപ്പെടുമെന്നു തോന്നുന്നില്ല." അനന്തരം അദ്ദേഹം ഒരു കത്തികൊണ്ടു് തൻെറ കാലിൽനിന്നും ഒരു കഷണം ചെത്തിയെടുത്തു അവർക്കു കൊടുത്തു അവർ അതു കടിച്ചുനോക്കിയശേഷം "കൊള്ളുകയില്ല" എന്നു പറഞ്ഞു ദൂരത്തെറിഞ്ഞു. മരംകൊണ്ടുള്ള ഒരു കാലായിരുന്നു അതു്.

* * *

സ്ക്കൂൾടീച്ചറുകാരിയായ ഒരു ബാലിക അവളുടെ യൂറോപ്യൻ പര്യടനത്തിനിടയ്ക്കു തീവണ്ടിയിലിരുന്നു ബൈബിൾ വായിക്കയായിരുന്നു. അവൾക്കെതിരെ ഒരു നിരീശ്വരനും ഇരിപ്പുണ്ടായിരുന്നു. അവൾ ബൈബിൾ വായിക്കുന്നതിനെ കുറച്ചുനേരം സൂക്ഷിച്ചശേഷം അയാൾ ചോദിച്ചു: "അപ്പോൾ കുഞ്ഞേ, ആ പുസ്തകത്തിലുള്ളതെല്ലാം സത്യമാണെന്നു നീ വിശ്വസിക്കുന്നുണ്ടോ?"

"ഉവ്വ്." അവൾ പ്രതിവചിച്ചു.

"പക്ഷെ നീ ആദത്തിൻേറയും ഹവ്വായുടേയും കഥ വിശ്വസിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല."

"അതു ഞാൻ വിശ്വസിക്കുന്നുണ്ടു്."

"കായേൻേറയും ഹാബേലിൻേറയും കഥയോ?"

"അതും വിശ്വസിക്കുന്നുണ്ടു്."

"എങ്ങനെയായാലും നീ യോനാസിൻേറയും തിമിംഗലത്തിൻേറയും കഥ വിശ്വസിക്കയില്ലെന്നാണു് എൻെറ ദൃഢബോദ്ധ്യം."

അതും വിശ്വസിക്കുന്നെന്നു ആ ബാലിക മറുപടിപറഞ്ഞു. നിരീശ്വരൻ എങ്ങനെയാണു് വാദം തുടരേണ്ടതെന്നു അറിയാതെ കുഴങ്ങി. എങ്കിലും അയാൾ വിട്ടുകൊടുത്തില്ല.

"നീ എങ്ങനെയാണു് അതു തെളിയിക്കാൻ പോകുന്നതു്? സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ യോനാസിനോടു ചോദിക്കുമായിരിക്കുമല്ലേ?"

അതൊരു നല്ല സമാധാനമാണല്ലോ എന്നോർത്തു "അങ്ങനെതന്നെ" എന്നവൾ മറുപടിപറഞ്ഞു.

അയാൾ പുച്ഛരസത്തിൽ വീണ്ടും ചോദിച്ചു: "യോനാസ് അവിടെ ഇല്ലെങ്കിൽ, പിന്നെ അതു തെളിയിക്കാൻ നിനക്കെങ്ങനെ സാധിക്കും?"

"അങ്ങനെയെങ്കിൽ, നിങ്ങൾക്കു തന്നെ നേരിട്ടു ചോദിക്കാൻ സാധിക്കുമല്ലോ" എന്നായിരുന്നു അവൾ അതിനു് ഉടനടി നല്കിയ പ്രത്യുത്തരം.

* * *

ഒരു ദിവസം ഹെഡ്മാസ്റ്റർ തൻെറ ഫോണിൽ ആരോ ഇപ്രകാരം പറയുന്നതു കേട്ടു.

"തോമസിനു പനിപിടിപെട്ടിരിക്കുന്നതിനാൽ ഇന്നു സ്ക്കൂളിൽ ഹാജരാകാൻ സാധിക്കുന്നതല്ല."

ഹെഡ്മാസ്റ്റർ: "ആരാണു വിളിക്കുന്നതു്?"

മറുപടി: "അപ്പനാണു സാർ."

## തൊഴിലാളിവാരിക

സ്വതന്ത്രതൊഴിലാളിസംഘടനയുടെ മുഖപത്രമായി എർണാകുളത്തുനിന്നും ശ്രീ മലയിൽ ജോണിൻെറ പത്രാധിപത്യത്തിൽ "തൊഴിലാളി" എന്ന പേരിൽ ഒരു വാരിക ഉടനെ പ്രസിദ്ധീകരിക്കുന്നതാണെന്നറിയുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി.

വെരി റവ. മോൺ. ജെ. സി പഞ്ഞിക്കാരൻ

എം. എ, പി എച്ച്. ഡി., ഡി ഡി., ഡി. സി. എൽ.

റവ. ഫാദർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

വരിസംഖ്യ കൊല്ലത്തിൽ 6 രൂപ (അഞ്ചലിൽ), 6 രൂപ 8 ണ. (തപാലിൽ)

Vol. 22 ‖ ERNAKULAM, APRIL 27, 1949 ‖ No 34


# കർത്താവിന്റെ ഉയിർപ്പിൽനിന്നു് നമുക്കുള്ള പ്രധാന പാഠം

നമ്മുടെ കർത്താവിന്റെ ഉയിർപ്പിനെപ്പററി സാക്ഷീകരിച്ചിട്ടുള്ളവരിൽ ഒരാൾ വിശുദ്ധ പൗലോസ് ശ്ലീഹായാണല്ലോ. ഉയിർത്ത് കർത്താവാണ് ശ്ലീഹായ്ക്കു പ്രത്യക്ഷപ്പെടുകയും അദ്ദേഹത്തെ മാനസാന്തരപ്പെടുത്തുകയും ചെയ്തതു്. മാനസാന്തരപ്പെട്ട ശേഷം വി. പൗലോസ് പത്രോസ് മുതലായ മററു ശ്ലീഹന്മാരുമായി അടുത്ത സമ്പർക്കത്തിലേർപ്പെട്ടു. അവരിൽനിന്നു കർത്താവിന്റെ ജീവിതത്തേയും മരണത്തേയും ഉയിർപ്പിനേയും കുറിച്ചുള്ള വിവരങ്ങൾ അറിയുകയും ചെയ്തു. അങ്ങനെ അറിഞ്ഞ വിവരങ്ങളാണ് അദ്ദേഹം യൂദന്മാരോടു പരസ്യമായി പ്രസംഗിക്കുകയും, താൻ മാനസാന്തരപ്പെടുത്തിയ ക്രിസ്ത്യാനികൾക്കയച്ച ലേഖനങ്ങളിൽ പ്രകാശിപ്പിക്കുകയും ചെയ്തിട്ടുള്ളതു്. അവയിലെല്ലാം കർത്താവിന്റെ കുരിശുമരണത്തേയും ഉയിർപ്പിനേയും അഭേദ്യബന്ധമുള്ള സംഭവങ്ങളായി വി. പൗലോസ് പരിഗണിക്കുന്നു. ദൈവഹിതമനുസരിച്ചു നമ്മുടെ കർത്താവു പീഡാസഹനവും കുരിശുമരണവും സന്തോഷപൂർവ്വം സ്വീകരിച്ചതുകൊണ്ടാണ് ദൈവശക്തിയാൽ അവിടുന്നു് മഹിമയോടുകൂടി ഉയിർക്കുവാൻ ഇടയായതെന്നാണ് ശ്ലീഹാ പഠിപ്പിക്കുന്നതു്. മനുഷ്യപാപത്തിനു തക്ക പരിഹാരം ചെയ്യുവാൻ മിശിഹാ പീഡാസഹനവും കുരിശുമരണവും സ്വീകരിച്ചേ കഴിയൂ എന്നില്ലായിരുന്നെന്നും, സഹനം കൂടാതുള്ള മാർഗ്ഗേണ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ അവിടുത്തേക്കു കഴിയുമായിരുന്നെന്നും ശ്ലീഹാതന്നെ സൂചിപ്പിക്കുന്നുണ്ടു്. എന്നാൽ പിന്നെ സഹനത്തോടുകൂടിയ മാർഗ്ഗം സ്വീകരിച്ചുകൊണ്ടു മനുഷ്യരക്ഷ സാധിക്കാമെന്നു മിശിഹാ നിശ്ചയിച്ചതെന്തുകൊണ്ടു്? ഇതിനുള്ള മറുപടിയിലാണ് കർത്താവിന്റെ ഉയിർപ്പിൽനിന്നു നമുക്കുള്ള പ്രധാനപാഠം അടങ്ങിയിരിക്കുന്നതു്.

### മനുഷ്യജീവിതം ദുരിതപൂർണ്ണം

മനുഷ്യരുടെ ജീവിതം ദുരിതസമ്പൂർണ്ണമാണെന്നു നമുക്കറിയാം. ഏതെങ്കിലും രൂപത്തിൽ ദുരിതമനുഭവിക്കാത്ത യാതൊരു മനുഷ്യനേയും കാണാൻ കഴിയുന്നതല്ല. മനുഷ്യവർഗ്ഗത്തെ ഇപ്രകാരം ദുരിതം ബാധിച്ചതു് നമ്മുടെ ആദിമാതാപിതാക്കന്മാർ ചെയ്തതും അവരുടെ സന്താനങ്ങളായ സകല മനുഷ്യർക്കും പങ്കുകൊള്ളേണ്ടതായി വന്നതുമായ ആദ്യപാപത്തിന്റെ ഫലമായിട്ടാണ്. ദൈവം നമ്മുടെ ആദിമാതാപിതാക്കന്മാരെ സൃഷ്ടിച്ചതു മനുഷ്യപ്രകൃതിക്കു അവകാശപ്പെടുവാൻ അർഹതയില്ലാത്തതും ദൈവം സൗജന്യമായി വിശേഷാൽ നൽകിയതുമായ ചില വരദാനങ്ങളോടുകൂടിയാണല്ലോ. അവയിൽ ഒന്നു് ശാരീരികങ്ങളായ പീഡകളുടേയും മരണത്തിന്റേയും ബാധയിൽനിന്നുള്ള വിമുക്തിയായിരുന്നു. ആദം പാപം ചെയ്തില്ലായിരുന്നെങ്കിൽ സന്താനങ്ങളായ സകല മനുഷ്യർക്കും ജനനാൽത്തന്നെ ഈ വിമുക്തി കൈവന്നേനെ. നിർഭാഗ്യവശാൽ ആദം പാപം ചെയ്തു. തൽഫലമായി ആദത്തിനും സന്താനങ്ങളായ സകല മനുഷ്യർക്കും പ്രസ്തുത വരദാനം നഷ്ടപ്പെട്ടു. ആദത്തിന്റെ പാപത്തിനു ദൈവം വിധിച്ച ശിക്ഷകളിലൊന്നായി ആദവും സന്താനങ്ങളായ സകല മനുഷ്യരും നാനാതരങ്ങളായ ജീവിതദുരിതങ്ങളാൽ ബാധിതരായി. ആദത്തിന്റെ പാപത്താൽ മനുഷ്യവർഗ്ഗത്തിനു നഷ്ടപ്പെട്ട വരദാനങ്ങൾ മിശിഹായുടെ രക്ഷാകൃത്യത്താൽ മനുഷ്യവർഗ്ഗത്തിനു വീണ്ടും ലഭിക്കണമെന്നായിരുന്നു ദൈവനിശ്ചയം. എന്നാൽ ജീവിതദുരിതങ്ങളിൽനിന്നുള്ള വിമുക്തി ആ ഗണത്തിൽ ദൈവം ഉൾപ്പെടുത്തിയില്ല. മിശിഹാ മനുഷ്യവർഗ്ഗത്തെ വീണ്ടെടുത്ത ശേഷവും ജീവിതദുരിതത്തിനു് അവർ പണ്ടേപ്പോലെ വിധേയരാവുകതന്നെ ചെയ്യുന്നു. എന്നാൽ മിശിഹായുടെ വീണ്ടെടുപ്പിനുശേഷം ഈ ദുരിതബാധയുടെ കാര്യത്തിൽ ഗണ്യമായ ഒരു വ്യത്യാസമുണ്ടായിട്ടുണ്ടു്. വ്യത്യാസമുണ്ടാകുവാൻ വേണ്ടിത്തന്നെയാണ് നമ്മുടെ കർത്താവു് പീഡാസഹനത്താലും കുരിശുമരണത്താലും വേണം നമ്മെ വീണ്ടെടുക്കുവാനെന്നു നിശ്ചയിച്ചതു്.

### സ്നേഹം ദുരിതത്തെ രൂപാന്തരപ്പെടുത്തുന്നു

മിശിഹാ ലോകരക്ഷകനായിവന്നപ്പോൾ അവിടുന്നു സകല മനുഷ്യരേയും തന്റെ സഹോദരന്മാരായി സ്വീകരിച്ചു. അവർ അനുഭവിക്കേണ്ടിവരുന്ന ജീവിതദുരിതത്തിന്റെ കയ്പു മാററി അതു മധുരമാക്കി രൂപാന്തരപ്പെടുത്തണമെന്നു് അവിടുന്നു നിശ്ചയിച്ചു. ശിശുവായി പുൽക്കൂട്ടിൽ പിറന്ന നിമിഷംമുതൽ രണ്ടു കള്ളന്മാരുടെ മദ്ധ്യത്തിൽ കുരിശുമരണമനുഭവിച്ച നിമിഷംവരെ സകലവിധ ജീവിതദുരിതങ്ങളും അവിടുന്നു സ്വമനസാ കൈവരിച്ചു. തന്റെ പിതാവായ ദൈവത്തിന്റെ നേരെയുള്ള സ്നേഹമായിരുന്നു അവ കൈവരിക്കുവാൻ അവിടുത്തേക്കുണ്ടായിരുന്ന പ്രേരണ. ദൈവസ്നേഹത്തെപ്രതി മിശിഹാ സഹിച്ച ദുരിതങ്ങളെല്ലാം ദൈവത്തിനു് അത്യന്തം പ്രീതികരമായി. അവ ദിവ്യമായി രൂപാന്തരപ്പെടുത്തപ്പെട്ടു. അവയ്ക്കു് അനന്തമായ സ്വർഗ്ഗീയസമ്മാനം നൽകപ്പെട്ടു. ഈ രൂപാന്തരവും സമ്മാനദാനവുമാണ് നമ്മുടെ കർത്താവിന്റെ ഉയിർപ്പിൽ നാം ദർശിക്കുന്നതു്. രക്ഷകനെന്നനിലയിൽ പ്രസ്തുത രൂപാന്തരവും സമ്മാനവും മിശിഹാ തന്നിൽ വ്യക്തിപരമായി ഒതുക്കി നിറുത്താതെ, തന്റെ സഹോദരരായ സകല മനുഷ്യരിലേക്കും അവ വ്യാപിക്കുവാൻ ഏർപ്പാടുചെയ്തിരിക്കുകയാണ്. അതിനുള്ള ആന്തരികമായ ശക്തി മിശിഹായുടെ പീഡാസഹനത്തിൽ കുടികൊള്ളുന്നുണ്ടു്. അവയോടൊന്നിച്ചു ചേരുന്ന പീഡാസഹനങ്ങളിലേക്കു് ആ ശക്തി പകർന്നു് അവയെ ദൈവത്തിനു പ്രീതികരങ്ങളും സ്വർഗ്ഗീയസമ്മാനത്തിനു അർഹങ്ങളുമാക്കിത്തീർക്കുന്നു. തന്മൂലം യാതൊരു മനുഷ്യന്റേയും ജീവിതത്തിലെ യാതൊരു ദുരിതാനുഭവവും കയ്പുള്ളതായിത്തീരേണ്ട ആവശ്യമേയില്ല. നേരെമറിച്ചു്, അവയെ മധുരമുള്ളതായി രൂപാന്തരപ്പെടുത്തുവാനുള്ള സൗകര്യം സകല മനുഷ്യർക്കും ലഭിച്ചിരിക്കുകയാണ്. അതു സാധിക്കുന്നതിനുള്ള വ്യവസ്ഥ ഒന്നുമാത്രമെയുള്ളൂ. ദുരിതമനുഭവിക്കുന്ന ഏതു മനുഷ്യനും തന്റെ ദുരിതാനുഭവങ്ങളെ മിശിഹായുടേതിനോടുചേർത്തു ദൈവത്തിനു സമർപ്പിച്ചാൽ മതി. തന്മൂലം അവ ദൈവത്തിനു പ്രീതികരങ്ങളും സ്വർഗ്ഗീയസമ്മാനത്തിനു അർഹങ്ങളുമായിത്തീരും. ഇതാണ് നമ്മുടെ കർത്താവിന്റെ ഉയിർപ്പിൽനിന്നു് നമുക്കു ലഭിക്കുന്ന പ്രധാനമായ പാഠം.

### ദുരിതനിവാരണശ്രമങ്ങൾ

ഇന്നു ലോകത്തിൽ, മഹായുദ്ധഫലമായി പ്രത്യേകിച്ചും, നടമാടിക്കൊണ്ടിരിക്കുന്ന ജീവിതദുരിതങ്ങൾ എത്ര ഭയങ്കരം! അവയ്ക്കു സമാശ്വാസം നൽകുവാൻ ജീവകാരുണ്യബോധമുള്ള സകലരും ശ്രമിക്കേണ്ടതാണ്. രാഷ്ട്രീയനേതാക്കന്മാരും സാമുദായികപരിഷ്കർത്താക്കളും പ്രസ്തുതശ്രമങ്ങൾ ചെയ്യുന്നുമുണ്ടു്. ഉണ്ണാനും, ഉടുക്കാനും, പാർക്കാനും, ചികിത്സിക്കാനും മററും വേണ്ട സഹായങ്ങൾ കഴിവുള്ളിടത്തോളം ചെയ്തുകൊടുക്കുകയാണ് അവരുടെ പ്രധാനമായ ദുരിതനിവാരണശ്രമങ്ങൾ. ഇവ ഏററവും ആവശ്യകങ്ങൾ തന്നെ. കത്തോലിക്കാ സഭാമാതാവു് ഔദ്യോഗികമായും അല്ലാതെയും ഈ ശ്രമങ്ങളിൽ വലിയ പങ്കുവഹിക്കുന്നുമുണ്ടു്. എന്നാൽ അവയോടുകൂടിത്തന്നെ മനുഷ്യരുടെ ദുരിതാനുഭവങ്ങളെ മേൽപ്പറഞ്ഞവിധം രൂപാന്തരപ്പെടുത്തുവാനും കത്തോലിക്കർ സർവ്വോപരി ശ്രമിക്കേണ്ടിയിരിക്കുന്നു. വേദപ്രചാരണമാണ് അതിനുള്ള പ്രധാനമാർഗ്ഗം. രക്ഷകനെപ്പററിയുള്ള അറിവു ലോകത്തിനു കൊടുക്കുകയും, രക്ഷകന്റെ അനുഗാമികളായിത്തീരുവാൻ മനുഷ്യരെ പ്രേരിപ്പിക്കുകയും, രക്ഷകന്റെ പീഡാസഹനങ്ങളോടു ചേർത്തു് അവരുടെ ദുരിതാനുഭവങ്ങളെ ദൈവത്തിനു സമർപ്പിക്കുവാൻ അവരെ ഉപദേശിക്കുകയും ചെയ്യുകയാണ് കത്തോലിക്കർ നിർവ്വഹിക്കേണ്ട സർവ്വപ്രധാനമായ ദുരിതനിവാരണകൃത്യം. ഈ കൃത്യം നിർവ്വഹിക്കുവാൻ നമുക്കു ശ്രമിക്കാം. അപ്പോൾ ജീവിതദുരിതങ്ങൾ ഐഹികസുഖത്തെ നഷ്ടപ്പെടുത്തുന്ന മാർഗ്ഗങ്ങളെന്ന ദുഃഖജനകമായ അവസ്ഥയിൽനിന്നു്, പാരത്രികസൗഭാഗ്യത്തെ നേടിത്തരുന്ന ഉപകരണങ്ങളെന്ന സന്തോഷപ്രദമായ അവസ്ഥയിലേക്കുയർത്തപ്പെടും. തദ്വാരാ അവയെ പ്രച്ഛന്നവേഷംധരിച്ച അനുഗ്രഹങ്ങളായി വീക്ഷിക്കുവാൻ സാധിക്കുകയും ചെയ്യും.

## അടുത്ത ആഴ്ചയിൽ

മേയ്

1 ഞാ: ഉയിർപ്പ് 2-ാം ഞായർ
2 തി: അത്തനാസിയൂസ്
3 ചൊ: വി. കുരിശുകണ്ടെത്തൽ
4 ബു: മോനിക്ക
5 വ്യാ: പീയൂസ് അഞ്ചാമൻ
6 വെ: യോഹന്നാൻ ശ്ലീഹാ ലത്തീൻ വാതുക്കൽ
7 ശ: സ്റ്റാനിസ്ലാവോസ്

എഴുത്തുപെട്ടി

## പ്രാചീനതമ മാർത്തോമ്മാരേഖ

സർ,

1) റവ. ഫാദർ ആഗസ്റ്റി അവർകളുടെ മറുപടിയിൽ (ഏപ്രിൽ 13) എന്റെ ലേഖനങ്ങളിലെ അഞ്ചെട്ട് "വാസ്തവവിരുദ്ധങ്ങൾ" ചൂണ്ടിക്കാണിച്ചിരിക്കുന്നു (5-ാം പുറത്തു്). "അസത്യം" എന്നപദം അദ്ദേഹം ഉപേക്ഷിച്ചു എന്നു തോന്നുന്നു. അത് ആ മറുപടിയിലെങ്ങും പ്രയോഗിച്ചു കാണുന്നില്ല.

2) ക്രി. മു. 326 മുതൽ ക്രി. വ. 641 വരെയുള്ള എല്ലാ ഗ്രീക്കലത്തീൻകാരുടേയും ദൃഷ്ടിയിൽ നമ്മുടെ ഇൻഡ്യാ (ഭാരതവർഷം) എന്ന ഒരിൻഡ്യാ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നു ഫാദറവർകൾ 1942-ൽ സ്ഥാപിച്ചു. അതിനെ ഞാനെതിർത്തു. ഞങ്ങളുടെ വാദപ്രതിവാദം Journal of Indian History-യുടെ 1948 ഓഗസ്റ്റിലെ ലക്കത്തിൽ 207-ാം പുറത്തു് അവസാനിപ്പിച്ചു.

3) ഫാദറവർകൾ കാണാഞ്ഞ ഒരു ലത്തീൻ രേഖാംശം (ക്രി. വ. 345-ലെ Itinerarium Alexandri-യിലെ രണ്ടു വാചകങ്ങൾ) ഞാൻ ഒടുവിൽ (1948 മേ 5-ൽ) കണ്ടതു് മേല്പടി ലക്കത്തിലുണ്ടു്. Examiner-റിലും ഉണ്ടു്. ഇൻഡ്യാ മുഴുവനും കൂടെ എടുത്താൽ അതു് എജിപ്തിന്റെയും എത്തിയോപ്പിയായുടെയും തുടർച്ചയായ ഒരു വിസ്തീർണ്ണദേശമാണ് എന്നു് 345-ലെ ആ ലത്തീൻ രേഖ പറയുന്നു. "India taken as a whole, ... ... ...is a continuation of Egypt and the Ethiopians, ... under this name of India is comprehended ... ...a vast extent of country" ...

4) അച്ചന്റെ തെററു് അച്ചടിത്തെററാണെന്നു (4-ൽ) പറഞ്ഞിരിക്കുന്നതു് ഒരു പുതിയ പ്രതിവാദമാണു്. അഞ്ചാറുവർഷം പ്രതിവാദവും പരിഹാസവും നടന്നിട്ടും ഇപ്പൊഴാണതു പറഞ്ഞതു്!! അച്ചനെനിക്കയച്ചുതന്ന റീപ്രിൻറുപ്രതിയിൽ (reprint) വാദവിഷയമായ വാക്കുകളിലോ സംഖ്യയിലോ യാതൊരു തിരുത്തും അച്ചൻ ചെയ്തിട്ടമില്ല. മററു രണ്ടുമൂന്നിടങ്ങളിൽ മാത്രമെ തിരുത്തുള്ളൂ.

5) ഞങ്ങളുടെ ആ തർക്കം സത്യദീപത്തിൽ ആവർത്തിക്കേണ്ട ആവശ്യമില്ല. വാസ്തവം അറിയേണ്ടവർ Journal of Indian History-യിൽ 1943 മുതലുള്ള ഞങ്ങളുടെ വാദപ്രതിവാദങ്ങൾ വായിക്കണം. 1948 ഓഗസ്റ്റിലെ ലക്കം മാത്രം വായിച്ചാലും മതി. അതിൽ ഞാൻ എല്ലാം സംഗ്രഹിച്ചു പറഞ്ഞിട്ടുണ്ടു്.

6) മാർത്തോമ്മാശ്ലീഹാ വടക്കു പടിഞ്ഞാറെ ഇൻഡ്യയിൽ പ്രസംഗിക്കയും, അവിടെത്തന്നെ മരിക്കയും ചെയ്തെന്നു് "യൂദാത്തോമ്മായുടെ പ്രവൃത്തികൾ" എന്ന സുറിയാനികൃതി (ഏകദേശം ക്രി. വ. 220-ലേതു്)യിൽ നിന്നനുമാനിക്കാം എന്നു ഞാൻ പറയുന്നതു് "അസത്യനാദം" ആണെന്നാണല്ലോ ഫാദറവർകൾ പ്രസ്താവിച്ചതു്. എന്തു ന്യായങ്ങൾകൊണ്ടാണ് അതു് അസത്യനാദം ആയതെന്നു് ഫാദറവർകൾ സത്യദീപത്തിൽ കാണിക്കണമെന്നപേക്ഷ.

7) മേല്പടി കൃതിയിലെ ഗുന്ദഫർ രാജാവിന്റെ ഇൻഡ്യാ, ഭാരതവർഷത്തിനു വെളിയിലുണ്ടായിരുന്ന ഇൻഡ്യാകളിലൊന്നാണോ അല്ലയോ എന്നു തല്ക്കാലം ചിന്തിക്കേണ്ട.

തിരുവനന്തപുരം റ്റി. കെ. ജോസഫ്
17-4-49 ബി. എ., എൽ. റ്റി.

## കോൺഗ്രസ് വാർഷികം

രാമപുരത്തുവച്ചു മേയ് 1മുതൽ 4വരെ തീയതികളിൽ നടക്കുന്ന അഖില കേരള കത്തോലിക്കാ കോൺഗ്രസിന്റെ 24-ാമതു വാർഷികസമ്മേളനത്തിലെ അദ്ധ്യക്ഷന്മാരുടെ പേരുകളും മററും പ്രസിദ്ധപ്പെടുത്തിയിരുന്നല്ലോ. പ്രാസംഗികന്മാരുടെ പേരുകൾ ചുവടെ ചേർക്കുന്നു: വിദ്യാഭ്യാസസമ്മേളനം: മി. ഇ. പി. വർഗ്ഗീസ് എം. എ. ബി. എൽ., റവ. ഫാ. തോമസ് നെടുങ്കല്ലേൽ എം. എ. ബി. ടി. എം. സി. വൈ. എൽ. വാർഷികം: മി. എ. ജെ. ജോസഫ്, മിസ് ബേബി ഐസക്ക്, റവ. ഫാ. എൻ. എം. തോമസ് എം. എ. വനിതാസമ്മേളനം: മിസ് എലിസബത്തു് ജോസഫ് ബി. എസ് സി., മിസ് മേരിക്കുട്ടി ജോസഫ് ബി. എ., മിസിസ് ത്രേസ്യാമ്മ ജോസഫ് ബി. എ. വിൻസെൻറ് ഡിപോൾ ലീജിയൻ ഓഫ് മേരി സംയുക്ത സമ്മേളനം: മിസ് അച്ചാമ്മ കുര്യാക്കോസ് ബി. എ., മി. കെ. സി. ചാക്കോ എം. എ. ബി. ഇ., ബ്രദർ പീററർ റെഡി എം. എ. മിഷൻ സമ്മേളനം: മി. ഇ. പി. ഐസക്ക് ബി. എ. ബി. ടി., വെ. റവ. ഡോ. പോൾ കാക്കശ്ശേരി, റവ. ഫാ. ജോർജ്ജ് വയലിൽ. സാമ്പത്തിക സമ്മേളനം: മി. കെ. എം. ജോർജ്ജ് കയ്യാലയ്ക്കകം എം. എ., മി. ടി. ജെ. ജോബ് എം. എ.

## ഗ്രീഷ്മകാലവിദ്യാലയവും ഏകാന്തധ്യാനവും

അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ തേവര സേക്രഡ് ഹാർട്ട് കോളെജിൽവച്ചു് മേയ് 7—11 തീയതികളിൽ ഗ്രീഷ്മകാല വിദ്യാലയവും 11—15 തീയതികളിൽ ഏകാന്തധ്യാനവും നടത്തുന്നതാണ്. ഗ്രീഷ്മകാലവിദ്യാലയത്തിൽ റവ. ഡോ. പ്ലാസിഡ്, റവ. ഫാ. ഫ്രാൻസിസ് സെയിൽസ്, പ്രഫസർ കെ. ജെ. സിറിയക്ക്, പ്രഫസർ ടി. ജെ. ജോബ്, മി. ഇ. പി. ജോൺ ഇഞ്ചരാളിൽ, റവ. ഫാ. തിയൊഡോഷ്യസ് ആദിയായവർ പ്രസംഗിക്കുന്നതായിരിക്കും.

## പട്ടണംമുഴുവനും ക്രിസ്തുവിലേക്ക്

ജപ്പാനിലെ ഒരു ചെറുപട്ടണമാണു് മിസു (Mizu). അവിടത്തെ നിവാസികളായ 9000 ആളുകളിൽ ഒരൊററ കത്തോലിക്കൻപോലുമില്ല. എങ്കിലും ഇപ്പോൾ ആ പട്ടണവാസികൾ ഒന്നടങ്കം കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതിനു് ഒരുങ്ങിയിരിക്കുകയാണു്.

ജപ്പാനിലെ ഹിയോഗോരൂപതയിലെ മിഷനറിമാർക്കു വൈദികരെയും കന്യാസ്ത്രീകളെയും ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രസ്തുത പട്ടണവാസികളുടെ അപേക്ഷകൾ ലഭിച്ചിരിക്കുന്നു. മിസുപട്ടണത്തിലെ മേയറിൻെറയും ആലോചനാസംഘത്തിൻെറയും ഒപ്പോടുകൂടിയ കത്തു് ചുവടെ ചേർക്കുന്നു:

"ജീവിക്കുന്നതിനു കൂടുതൽ ആരോഗ്യപരമായ ഒരു ലോകം സൃഷ്ടിക്കുന്നതിനും, ഇതിലും നല്ല ഒരു ലോകത്തിനു ഒരുക്കമായി ഈ ലോകത്തിൽ ജീവിക്കുന്നതിനുംവേണ്ടിയുള്ള ഒരു പ്രസ്ഥാനം ആരംഭിക്കുന്നതിനു ഞങ്ങളുടെ പട്ടണം ആഗ്രഹിക്കുന്നു. ഈ പട്ടണത്തിൽ കത്തോലിക്കരില്ലെങ്കിലും, കത്തോലിക്കാസഭയ്ക്കുമാത്രമേ സാമുദായികസുസ്ഥിതിയും ഐശ്വര്യവും വരുത്തുവാൻ സാധിക്കുകയുള്ളു എന്നു ഞങ്ങൾക്കു ബോദ്ധ്യമായിരിക്കുകയാണു്. നിങ്ങളുടെ മിഷനറിമാർ ചൈനായിൽ അനുഷ്ഠിച്ച ത്യാഗങ്ങളും, അനാഥരുടെയും വൃദ്ധരുടെയും അഗതികളുടെയും പരിചരണവും ഞങ്ങളിൽ ചിലർ നേരിട്ടുകണ്ടു മനസ്സിലാക്കിയിട്ടുണ്ടു്.

"കമ്മ്യൂണിസ്റ്റു്കാരനായ ഒരു കൗൺസിൽ അംഗത്തെ ഒഴിച്ചാൽ, മേയറും ആൾഡർമനും മററു കൗൺസിലംഗങ്ങളും ഞങ്ങളുടെ പട്ടണത്തെ ഒരു കത്തോലിക്കാ കേന്ദ്രമാക്കി പകത്തി സത്യവും സൗഭാഗ്യവും ഞങ്ങളുടെ ചുററും പ്രചരിപ്പിക്കുന്നതിനു നിങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുവാൻ ഞങ്ങൾ ഐകകണ്ഠ്യേന തീരുമാനിച്ചിരിക്കുന്നു. ഇതു എങ്ങനെ നിർവ്വഹിക്കണമെന്നു് ഞങ്ങൾക്കറിഞ്ഞുകൂടാ. എന്നാൽ അതു ഞങ്ങൾക്കാവശ്യമാണെന്നു ഞങ്ങൾക്കറിയാം. ഞങ്ങളുടെ അഭ്യർത്ഥനയുടെ ആത്മാർത്ഥതമൂലം ഞങ്ങളുടെ ക്ഷണത്തെ സ്വീകരിക്കുന്നതിനു് ഒരുതരത്തിൽ നിങ്ങളെ നിർബന്ധിക്കുവാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു.

"ഞങ്ങളുടെ പട്ടണം ഒരു ഉൾക്കടലിൻെറ വക്കത്തു്, അതിമനോഹരമായ ഒരു സ്ഥാനത്തു്, വല്ലൊരു കാലത്തും ദേശീയ പാർക്കായി പരിണമിക്കാവുന്ന നിലയിൽ സ്ഥിതിചെയ്യുന്നു എന്നുള്ള വിവരം നിങ്ങളെ അറിയിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങളുടെ ആളുകൾ പൊതുവെ തങ്ങളുടെ വയലുകളോടും കുടുംബങ്ങളോടും സ്ഥായിയായി ബന്ധപ്പെട്ടിരിക്കുന്ന കൃഷകരാണു്. എന്നാൽ അവർക്കു് തങ്ങളുടെ നിലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും വയലുകളുടെ ഉല്പാദനത്തെ ത്വരിപ്പിക്കുന്നതിനും നേതൃത്വവും പരിശീലനവും ആവശ്യമാണു്.

"ഈ സ്ഥലത്തു് പുരാതനകാലംമുതൽ ഭൂമികുലുക്കമോ വെള്ളപ്പൊക്കമോ ഉണ്ടായിട്ടില്ല. എന്നാൽ കഴിഞ്ഞ യുദ്ധത്തോടനു് ഞങ്ങളുടെ ഇടയിൽ കടന്നുകൂടിയിരിക്കുന്ന കുഴപ്പങ്ങൾ ഞങ്ങളെ അലട്ടുക തന്നെ ചെയ്യുന്നു. ഇതുവരെ ഞങ്ങളുടെ പട്ടണത്തിൽ അരാജകത്വം ഉണ്ടാകാതെ തടയുന്നതിനു ഞങ്ങൾക്കു സാധിച്ചിട്ടുണ്ടു്. എന്നാൽ അയൽപട്ടണങ്ങളിൽ ഞങ്ങളുടെ രാജ്യത്തെയും കുടുംബങ്ങളെയും വസ്തുക്കളെയും നശിപ്പിക്കുന്നതിനു യത്നിക്കുന്ന കമ്മ്യൂണിസം തലയുയർത്തിത്തുടങ്ങിയിരിക്കുന്നു.

"ഞങ്ങളുടെ ഈ ആഗ്രഹം വെറും വികാരമാണെന്നു നിങ്ങൾ തെററിദ്ധരിക്കാതിരിപ്പാൻവേണ്ടി ഈ പട്ടണത്തിലെ പൗരന്മാരുടെ പൂർണ്ണസമ്മേളനത്തിൽ താഴെപറയുന്ന സംഗതികൾ നിശ്ചയിച്ചിരിക്കുന്നു:

1. ഉൾക്കടലിൻെറ തീരത്തു സർക്കാർവക 150 ഏക്കർ ഭൂമി അക്വയർ ചെയ്തു് കത്തോലിക്കാസഭയ്ക്കു് സംഭാവന ചെയ്യുക. ഈ വസ്തു പട്ടണത്തിൻെറ ഏററം സുഖപ്രദമായ സ്ഥാനത്താണു്.


2. പട്ടണവാസികളുടെ കൈവശത്തിൽ ഇരിക്കുന്ന അഞ്ചേക്കർ നെൽപ്പാടവും പള്ളിയുടെയും പള്ളിമുറിയുടെയും ഉപയോഗത്തിനു് ഒരു പബ്ലിക് ഹോളും അതിനോടു തൊട്ടുള്ള ഒരു വീടും വിട്ടുകൊടുക്കുക.

3. ഒന്നാം ആൾഡർമൻ നിങ്ങൾക്കു രണ്ടു ചെറുവീടുകളും കന്യാസ്ത്രീകളുടെ ഉപയോഗത്തിനു് ഒരു വലിയ വീടും വിട്ടുകൊടുക്കുക.

4. പട്ടണാധികൃതർ മുൻപറഞ്ഞ ഭൂമി കെട്ടിടനിർമ്മാണത്തിനു് ഒരുക്കിക്കൊടുക്കുകയും ഞങ്ങളുടെ പക്കലുള്ള നിങ്ങളുടെ താമസം സുഖകരമാക്കിത്തീർക്കുന്നതിനു് എല്ലാത്തരത്തിലും സഹകരിക്കുകയും ചെയ്യുക.

5. ഈ സ്ഥലത്തേക്കു് ഒരു റോഡു് ഉണ്ടാക്കിക്കൊടുക്കുക.

"ഈ ത്യാഗങ്ങൾക്കു പകരമായി നിങ്ങൾ പ്രതിനിധീകരിക്കുന്ന കത്തോലിക്കാസഭയുടെ സഹകരണം ഞങ്ങൾ ആവശ്യപ്പെടുന്നു. ഈ പട്ടണത്തെ കത്തോലിക്കാജീവിതത്തിൻെറയും പ്രവർത്തനങ്ങളുടെയും ഒരു കേന്ദ്രമാക്കുന്നതിനു് ഞങ്ങൾ ആഗ്രഹിക്കുന്നു.



പുതുക്കാട്ടു പള്ളിയിൽ നവമായി പണിതീരിക്കുന്ന വി: വിനസന്തിയോസിൻെറ അൾത്താര

ഇസേപട്ടണം ഷിൻറോ മതത്തിൻെറയും, കിയോറേറാ ബുദ്ധമതത്തിൻെറയും കേന്ദ്രമായിരിക്കുന്നതുപോലെ മിസുപട്ടണം കത്തോലിക്കാമതത്തിൻെറയും കേന്ദ്രമായിരിക്കണമെന്നാണു് ഞങ്ങളുടെ ആഗ്രഹം.

"ഞങ്ങളുടെ കുട്ടികളെ പഠിപ്പിക്കുന്നതിനു കന്യാസ്ത്രീകളെ അയക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു. ഈ ഭാഗത്തു ഹൈസ്കൂളുകളും കോളെജുകളും ഇല്ല. സ്കൂളിൽ പോകുന്നതിനു് ഞങ്ങളുടെ കുട്ടികൾ നാലുമണിക്കു് എഴുന്നേല്ക്കുന്നു. ലൗകികശാസ്ത്രങ്ങൾക്കെല്ലാമുപരിയായി സ്നേഹത്തിലും പരസേവനത്തിലും പരിശീലനം നൽകുന്ന ഒരു അന്തരീക്ഷത്തിൽ അവർ അഭ്യസിക്കപ്പെടുന്നതിനു് ഞങ്ങൾ ആഗ്രഹിക്കുന്നു. തന്മൂലം ഇവിടെ ഒരു ബാലികാകേന്ദ്രം തുറക്കണമെന്നു ഞങ്ങൾ അഭ്യർത്ഥിക്കുന്നു. അതു വിദ്യാഭ്യാസത്തിൻെറയും സാമുദായികോന്നമനപ്രവർത്തനങ്ങളുടെയും ഒരു കേന്ദ്രമായിത്തീരുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

"ഞങ്ങളുടെ അപേക്ഷയെ നിങ്ങൾ സ്വീകരിക്കുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. ജപ്പാനിൽ കത്തോലിക്കാസഭയെ ഇത്തരത്തിൽ സ്വാഗതം ചെയ്യുന്ന ആദ്യപട്ടണം ഒരുപക്ഷേ ഞങ്ങളുടേതായിരിക്കും. ഞങ്ങൾ അതിൽ അഭിമാനിക്കുന്നു. ഞങ്ങളുടെ പട്ടണം സമുദ്രവീഥികളിലുള്ള കപ്പലുകൾക്കു മാത്രമല്ല, ജീവിതവീഥിയിലെ യാത്രക്കാർക്കും ഒരു വിളക്കുമരമായിരിക്കണമെന്നു് ഞങ്ങൾ ആഗ്രഹിക്കുന്നു. അടുത്ത വസന്തകാലത്തോടുകൂടി നിങ്ങൾക്കും കന്യാസ്ത്രീകൾക്കുംവേണ്ടി എല്ലാം ഒരുക്കപ്പെട്ടിരിക്കും. ഇവിടെവന്നു് ഞങ്ങളോടുകൂടി വസിക്കുവിൻ." (Fr. L.)

## കൊച്ചിവാർത്തകൾ

—മഹാരാജാവുതിരുമനസ്സുകൊണ്ടു് സുഖവാസാർത്ഥം ഏപ്രിൽ 23-ാംനു- കാഞ്ഞിരപ്പള്ളി കൊട്ടാരത്തിലേക്കെഴുന്നള്ളി.

—കഴിഞ്ഞ നിയമസഭാതെരഞ്ഞെടുപ്പു സംബന്ധിച്ചു് ചില നിയോജകമണ്ഡലങ്ങളിൽനിന്നും സമർപ്പിച്ചിരുന്ന ഹർജികളെപ്പററി തിരഞ്ഞെടുപ്പുകോടതി അന്വേഷണം നടത്തിയശേഷം കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പു് അസാധുവായി പരിഗണിക്കുകയും മററു ഹർജികൾ തള്ളിക്കളയുകയും ചെയ്തിരിക്കുന്നു. തന്മൂലം കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ പ്രജാമണ്ഡലംസ്ഥാനാർത്ഥിയായി വിജയം വരിച്ച മി. സി. യു. നാരായണനു് തൻെറ സീററു നഷ്ടപ്പെടുന്നതാണു്.

—രാമപുരം കത്തോലിക്കാകോൺഗ്രസ് ഉൽഘാടനം ചെയ്യാമെന്നു സമ്മതിച്ചിരിക്കുന്ന മദ്രാസ് മെത്രാപ്പോലീത്താ മോസ്റ്റു് റവ. ഡോ. മത്തിയാസ് തിരുമേനിയും വിദ്യാഭ്യാസസമ്മേളനാദ്ധ്യക്ഷൻ ഷെവലിയർ എം. രത്നസ്വാമിയും മേയ് 1-ാം നു- വിമാനമാർഗ്ഗം എറണാകുളത്തെത്തുന്നതാണു്.

—കൊച്ചി തിരുവിതാംകൂർ സംയോജനത്തോടുകൂടി കൊച്ചിയിലെ ബി. ടി. കോളെജ് നിർത്തലാക്കുന്നതാണെന്നും പകരം തിരുവിതാംകൂർ ട്രെയിനിംഗ് കോളെജിൽ കൊച്ചി വിദ്യാർത്ഥികൾക്കും പഠിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതാണെന്നും റിപ്പോർട്ടുകളിൽ കാണുന്നു.

## തിരുവിതാംകൂർ വാർത്തകൾ

—തിരുവിതാംകൂർ കൊച്ചി സംയോജനംസംബന്ധിച്ച കൂടിയാലോചനകൾ നടത്തുന്നതിനായി ഡൽഹിയിലേക്കു പോയിരുന്ന മഹാരാജാവു തിരുമനസ്സുകൊണ്ടു് മടങ്ങിയിരിക്കുന്നു.

— വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ അദ്ധ്യാപകന്മാരുടെ ഒഴിവുകളിൽ 25 ശതമാനം, യോഗ്യതയുള്ള വിമുക്തഭടന്മാർക്കായി റിസർവ്വ് ചെയ്തിരിക്കുന്നു. അദ്ധ്യാപകപരിശീലനകോഴ്സ് നടത്തിവരുന്ന വിമുക്തഭടന്മാർക്കു മുഴുവൻ സമയത്തേക്കുമുള്ള സ്റ്റൈപ്പൻറു് നൽകുന്നതിനും ഗവമ്മെൻറു് അനുവദിച്ചിട്ടുണ്ടു്.

—ഇടവം 19-ാംനു- മുതൽ നെല്ലുവില പറയ്ക്കു 2 ക. യായി കുറച്ചിരിക്കുന്നുവെന്നും നെല്ലുവിലയോടൊപ്പം നല്കിയിരുന്ന ബോണസ്പദ്ധതി നിർത്തലാക്കിയിരിക്കുന്നുവെന്നും കാണിച്ചുഒരു പ്രസ്നോട്ടു പ്രസിദ്ധംചെയ്തിരിക്കുന്നു.

—തിരുവനന്തപുരം കോർപ്പറേഷൻെറ ഒരു യോഗം കൂടി അഡ്വോക്കേററു് മി. കെ. എസ്. കൃഷ്ണമൂർത്തിയെ മേയറായി തിരഞ്ഞെടുത്തിരിക്കുന്നു.

## എം. സി. വൈ. എൽ.

മലബാർ കാത്തലിക്കു് യൂത്തുലീഗിൻെറ 20-ാമതു വാർഷികം അഖിലകേരള കത്തോലിക്കാ കോൺഗ്രസ്വാർഷികത്തോടനുബന്ധിച്ചു് കോട്ടയം രൂപതയുടെ സഹായമെത്രാൻ നി. വ. ദി. ശ്രീ തോമസ് തറയിൽ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ രാമപുരംഗോവർണ്ണദോർനഗറിൽവെച്ചു് 1949 മേയ് 2-ാം നു- തിങ്കളാഴ്ച പകൽ 5-30 നു കൊണ്ടാടുന്നതാണു്. 2 മണിക്കുകൂടുന്ന അംഗങ്ങളുടെ പൊതുയോഗത്തിൽ പുതിയ ഉദ്യോഗഭാരവാഹികളെ തിരഞ്ഞെടുക്കുന്നതായിരിക്കും. ലീഗുസാമാജികന്മാരുടെയും മററു മാന്യമഹാജനങ്ങളുടെയും സാന്നിദ്ധ്യം സാദരം അഭ്യർത്ഥിച്ചുകൊള്ളുന്നു.

ജനറൽസിക്രട്ടറി,
പി. സി. കുര്യൻ ബി. എ. ബി. ററി.

## ഇൻഡ്യാവാർത്തകൾ

—മാർപ്പാപ്പാ തിരുമനസ്സിലെ പൗരോഹിത്യ സുവർണ്ണജൂബിലി പ്രമാണിച്ചു് ഇൻഡ്യയുടെ ഗവർണ്ണർ ജനറൽ സി. രാജഗോപാലാചാരി അയച്ച ആശംസാസന്ദേശത്തിനു വത്തിക്കാനിൽനിന്നു താഴെ കാണുന്ന മറുപടിസന്ദേശം ലഭിച്ചിരിക്കുന്നു:

"തൻെറ പൗരോഹിത്യ കനകജൂബിലി അവസരത്തിൽ അയക്കപ്പെട്ട ചിന്തോദ്ദീപകമായ ആശംസാസന്ദേശത്തെ പരിശുദ്ധ പിതാവു അത്യധികം വിലമതിക്കുകയും ആത്മാർത്ഥമായ കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്യുന്നു. അങ്ങേക്കും ഇന്ത്യാ ഗവർമ്മെണ്ടിനും ഇൻഡ്യയിലെ ജനങ്ങൾക്കും ധാരാളമായി അനുഗ്രഹങ്ങൾ അവിടുന്നു പ്രാർത്ഥിക്കയും ചെയ്യുന്നു."

—ഇൻഡ്യാഗവമ്മെൻറിൻെറ പൊളിററിക്കൽ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥനായ മി. എം. എം. തോമസിനെ കൊച്ചിതിരുവിതാംകൂർ സംയോജനക്കമ്മിററി സെക്രട്ടറിയായി നിയമിച്ചിരിക്കുന്നു.

—കോമൺവെൽത്തു പ്രധാനമന്ത്രിമാരുടെ സമ്മേളനത്തിൽ സംബന്ധിക്കുന്നതിനായി ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിററ് നെഹ്റു ഏപ്രിൽ 20-ാംനു- ലണ്ടനിൽ എത്തിയിരിക്കുന്നു.

—മദ്രാസ് ഗവമ്മെണ്ടു രൂപവൽക്കരിച്ച വ്യവസായമൂലധന കോർപ്പറേഷൻ ചെയർമനായി കേന്ദ്രഗവമ്മെൻറിലെ മുൻധനകാര്യമന്ത്രി മി. ആർ. കെ. ഷൺമുഖംചെട്ടി നിയമിതനായിരിക്കുന്നു.

റോയിസ് നിറം
സാററിൻ സിൽക്കിൽ
കുർബാനക്കുപ്പായം
തയ്യാറുണ്ട്

കുർബ്ബാനക്കുപ്പായം, കാപ്പ മുതലായ വൈദിക വസ്ത്രങ്ങൾക്കു്
കൊളംബോ സാരിവർക്സ്,
ബ്രോഡ് വെ - എറണാകുളം.

## സഹായമെത്രാൻ

മോൺസിഞ്ഞോർ ജെ. എമെലിയാനൂസ് പിള്ളെ ഒ. എം. ഐ. ഡി. ഡി. ബി. എസ് സി. അവർകളെ സിലോണിൽ ജാഫ്നാ രൂപതയുടെ സഹായമെത്രാനായി മാർപ്പാപ്പാതിരുമേനി നിയമിച്ചിരിക്കുന്നു. അടുത്ത മേയ് 22-ാംനു- ജാഫ്നായിൽ വച്ചു് പട്ടാഭിഷേകം നടക്കുന്നതാണു്. മോൺസിഞ്ഞോർ എമെലിയാനൂസ് ജാഫ്നായിലെ പ്രഥമ സ്വദേശീയമെത്രാനും സിലോണിലെ ആദ്യത്തെ തമിഴ് മെത്രാനുംആയിരിക്കും.

"സത്യദീപം" പത്രം കൊളമ്പോയിൽ താഴെകാണുന്ന വിലാസത്തിൽ കിട്ടുന്നതാണു്:—

ലീജിയൻ ഓഫ് മേരി,
സെൻറു ആൻറണീസ് ചർച്ച്,
കൊച്ചിക്കാടു, കൊളമ്പോ, 13

### എല്ലാ ഭവനത്തിലും

പരിശുദ്ധ പിതാവിൻെറ ചിത്രം ഹംഗറിയിലെ എല്ലാ ഭവനത്തിലും സ്ഥാപിക്കുന്നതിനു് അവിടത്തെ കത്തോലിക്കർ ശ്രമിച്ചുവരുന്നു.

### എം. പി. കത്തോലിക്കനായി

വാൾഡാളിൽനിന്നുള്ള പാർലിമെൻററി മെമ്പർ മേജർ വില്യം തോമസ് വെൽസ് ലണ്ടനിൽവച്ചു് കത്തോലിക്കാസഭയിൽ പ്രവേശിച്ചിരിക്കുന്നു.

### പേപ്പൽ ലഗററ്

വി. ഫ്രാൻസിസ് സേവ്യർ ജപ്പാനിൽ എത്തിയതിൻെറ 4-ാം ശതാബ്ദ ജൂബിലിയാഘോഷം അടുത്ത മേയ് 29-ാംനു- ആരംഭിക്കുന്നതും ജൂൺ 12-ാം നു- അവസാനിക്കുന്നതുമാണു്. അതിൽ സിഡ്നി മെത്രാപ്പോലീത്തായായ കാർഡിനൽ ഗിൽറോയി മാർപ്പാപ്പായുടെ പ്രതിനിധി എന്ന നിലയിൽ സംബന്ധിക്കുന്നതായിരിക്കും.

പ്രഭാഷണം

# നമ്മുടെ മാതൃകാപുരുഷൻ

"പ്രിയപ്പെട്ടവരേ, മിശിഹാ നമുക്കുവേണ്ടി പീഡകൾ സഹിക്കയും അങ്ങയുടെ കാലടിപ്പാടുകളിൽക്കൂടി നിങ്ങളും നടക്കുന്നതിനായി അങ്ങുന്നു നിങ്ങൾക്കു ഒരു മാതൃക നല്കുകയും ചെയ്തിരിക്കുന്നു. "അങ്ങുന്നു പാപം ചെയ്തിട്ടില്ല; അങ്ങയുടെ വായിൽ വഞ്ചന കാണപ്പെട്ടിട്ടില്ല; നിന്ദിക്കപ്പെട്ടപ്പോൾ അങ്ങുന്നു പ്രതിനിന്ദിച്ചിട്ടില്ല; പീഡകൾ സഹിച്ചപ്പോൾ ഭയപ്പെടുത്താതെ, തന്നെ അന്യായമായി വിധിച്ച വിധിയാളനു സ്വയം സമർപ്പിക്കയും ചെയ്തു. നാം പാപത്തിനു മരിച്ചശേഷം തന്റെ നീതിയാൽ ജീവിക്കേണ്ടതിനു അങ്ങുന്നു നമ്മുടെ പാപങ്ങൾ മുഴുവൻ വഹിച്ചുകൊണ്ടു് അവയെ സ്വശരീരത്തിൽ കുരിശിലേക്കു കയററി; അങ്ങെ മുറിവുകളാൽ നിങ്ങൾ സുഖപ്പെടുത്തപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നിങ്ങൾ വഴിതെററിപ്പോയ ആടുകളെപ്പോലെയായിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ നിങ്ങളുടെ ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനുമായ അങ്ങയുടെ അടുക്കലേക്കു നിങ്ങൾ മടങ്ങിവരികയും ചെയ്തിരിക്കുന്നു." (ഉയിർപ്പു് 2-ാം ഞായർ ലേഖനം: 1. പത്രോ. I', 21—25)

മററുള്ളവരെ അനുകരിക്കുവാനുള്ള അഭിവാഞ്ഛ മനുഷ്യനു ജന്മസിദ്ധമാണു്. തന്മൂലം വീരാരാധന പ്രാചീനകാലം മുതൽക്കുതന്നെ മനുഷ്യവർഗ്ഗത്തിൽ രൂഢമൂലമായിട്ടുള്ള ഒരു ഗുണവിശേഷമായിത്തീർന്നിട്ടുണ്ടു്. അനുകരണവിഷയമായ വ്യക്തി ഔന്നത്യത്തിന്റെ ഉന്നതവിഷ്ടരത്തിൽ സമുല്ലസിക്കുന്നവനാണെങ്കിൽ ഭയഭക്തിബഹുമാനങ്ങളോടുകൂടിയാണു് അനുകരണം നിർവ്വഹിക്കപ്പെടുന്നതു്. വിശുദ്ധിയിലും വിജ്ഞാനത്തിലും, ദേശീയ സേവനത്തിലും വിപ്ലവസംരംഭങ്ങളിലും ആരാധ്യരായുള്ളവരെ നാം അത്ഭുതത്തോടെ വീക്ഷിക്കുന്നു, ബഹുമാനിക്കുന്നു, സ്നേഹിക്കുന്നു, അനുകരിക്കുന്നു. ഈ അനുകരണഭ്രമത്തിൽ അവരുടെ ചില സ്വഭാവവൈകല്യങ്ങൾ പോലും നാം അന്ധമായി അനുകരിച്ചുപോകുന്നു. വിപ്ലവങ്ങളുടെ കാലമായ ഇന്നു പ്രത്യേകിച്ചും വിപ്ലവനേതാക്കന്മാർ ജനങ്ങളുടെ ആരാധ്യപുരുഷന്മാരായിത്തീർന്നിരിക്കുന്നു. ബാലികാബാലന്മാരും ഈ വീരാരാധനയിൽ വളരെ ഉത്സുകരായും ഉന്മത്തരായും കാണപ്പെടുന്നു. പണ്ഡിതനെഹ്റു ഈയിടെ കുട്ടികളോടു ചെയ്ത സംഭാഷണവേളയിൽ ഒരു കുട്ടിയോടു "നീ എന്താണു് ആഗ്രഹിക്കുന്നതു്?" എന്നു ചോദിച്ചപ്പോൾ "എനിക്കു ഒരു ജവഹർലാൽ ആകണം" എന്നു മറുപടി പറഞ്ഞു; അത്രയ്ക്കു ഉൽക്കടമായിരുന്നു ആ കുട്ടിക്കു നെഹ്റുവിനെ അനുകരിക്കാനുള്ള ഭ്രമം.

ഇഹത്തിൽ ഒരു നല്ല ജീവിതം കഴിച്ചു് ജന്മസാഫല്യം നേടണമെങ്കിൽ സുഗമവും സുരക്ഷിതവുമായ മാർഗ്ഗം ക്രിസ്തുവിനെ നമ്മുടെ ജീവിതമാതൃകയായി സ്വീകരിക്കുകയാണു്. സുവിശേഷങ്ങളിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്ന ക്രിസ്തുവിന്റെ ജീവിതത്തെപ്പററി പഠിക്കയും ധ്യാനിക്കയും ചെയ്തശേഷം ആ ജീവിതത്തെ സ്വജീവിതത്തിലേക്കു പകർത്തുവാൻ മനുഷ്യബലഹീനതയ്ക്കു സാധിക്കുന്നേടത്തോളം നാം പരിശ്രമിക്കണം. നാം ക്രൈസ്തവധർമ്മമാർഗ്ഗത്തിലൂടെ എത്രതന്നെ വേഗത്തിൽ ഓടിക്കൊണ്ടിരുന്നാലും ക്രിസ്തു, ലക്ഷ്യപ്രാപ്തിക്കു നമ്മെ ഉത്തേജിപ്പിച്ചുകൊണ്ടു്, സദാ നമ്മുടെ മുമ്പിലുണ്ടായിരിക്കും. നാം ആദ്ധ്യാത്മികാന്തരീക്ഷത്തിൽ എത്ര ഉയർന്നു പറന്നാലും, കുഞ്ഞുങ്ങളെ മുകൾപ്പരപ്പിലേക്കു പറക്കുവാൻ പഠിപ്പിക്കുന്ന ഒരു രാജാളിപ്പക്ഷിയെപ്പോലെ, ക്രിസ്തു നമ്മുടെ മീതെ പറന്നുകൊണ്ടിരിക്കും. ക്രിസ്തീയധർമ്മസമരത്തിൽ നാം എത്ര വീരോടെ പൊരുതിയാലും, നമ്മുടെ നായകനായ ക്രിസ്തു നമ്മെ പ്രോത്സാഹിപ്പിച്ചുകൊണ്ടു് സദാ മുന്നണിയിലുണ്ടായിരിക്കും. സത്യത്തിനും നീതിക്കുംവേണ്ടി നാം എത്രതന്നെ ക്ലേശങ്ങൾ സഹിച്ചാലും കൂടുതൽ ആഴമേറിയ മുറിവുകളും കൂടുതൽ ഭാരമേറിയ ക്രൂശും കൊണ്ടു ക്രിസ്തു നമ്മുടെ മുമ്പിൽ നടക്കുന്നുണ്ടായിരിക്കും.

പ്ലേറേറാ, സെനെക്കു തുടങ്ങിയ വിജ്ഞാനികൾ വളരെ നല്ല കാര്യങ്ങൾ പഠിപ്പിച്ചിട്ടുണ്ടു്; പക്ഷെ അവരുടെ ജീവിതം അവയ്ക്കനുയോജ്യമായിരുന്നില്ല. എന്നാൽ ക്രിസ്തുവിനു അങ്ങനെ ഒരു കുറവില്ല. അങ്ങുന്നു് വിശുദ്ധിയുടെ മൂർത്തീകരണമാണു്; കുററാരോപണങ്ങൾക്കതീതനാണു്. "നിങ്ങളിൽ ആർക്കു എന്നിൽ പാപം ആരോപിക്കുവാൻ കഴിയും?" എന്നു അങ്ങേക്കു മാത്രമെ സധൈര്യം ചോദിക്കുവാൻ കഴികയുള്ളു. "ഞാൻ വഴിയും സത്യവും ജീവനുമാകുന്നു. എന്നെ അനുകരിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല, പ്രത്യുത ജീവന്റെ വെളിച്ചം അവനു ലഭിക്കും" എന്നു പറയുവാൻ അങ്ങേക്കു മാത്രമെ സാദ്ധ്യമാകയുള്ളു. പ്രസംഗം ഒന്നും പ്രവൃത്തി മറെറാന്നുമായി നടക്കുന്ന ഇന്നത്തെ നേതൃമ്മന്യന്മാരും ബഹുജനനേതാക്കന്മാരും ക്രിസ്തുവാകുന്ന സൂര്യന്റെ ഉജ്ജ്വലപ്രകാശത്തിൽ ഓടിയൊളിക്കുന്ന വെറും നിഴലുകൾ മാത്രമാണു്. ക്രിസ്തുവിന്റെ പ്രസംഗങ്ങൾ അമൂല്യങ്ങളാണു്. എന്നാൽ അങ്ങെ ജീവിതമാതൃക നമുക്കു് കൂടുതൽ ഉത്തേജകമാണു്. ക്രിസ്തു സംസാരിച്ചതുപോലെ ഒരു മനുഷ്യനും സംസാരിച്ചിട്ടില്ല. എന്നാൽ സുപ്രസിദ്ധമായ ഗിരിപ്രഭാഷണംപോലും കുരിശിൽനിന്നുള്ള നിശ്ശബ്ദമായ പ്രഭാഷണത്തിൽ അസ്തപ്രഭമായിത്തീരുന്നു; കാരണം അവിടെ വാഗ്‌വിലാസം പ്രവൃത്തിരൂപത്തിലാണു് ദൃശ്യമാകുന്നതു്. താബോർ മലയിലെ നിസ്തുലമായ ദിവ്യപ്രതാപത്തെക്കാൾ നമുക്കു കൂടുതൽ ഹൃദ്യവും സമാശ്വാസകരവുമായിത്തോന്നുന്നതു്? ക്രൂശിലെ പ്രണിതഗാത്രമല്ലേ? അരൂപിയിൽ ദരിദ്രന്മാർ ഭാഗ്യവാന്മാർ, ശാന്തശീലന്മാർ ഭാഗ്യവാന്മാർ, കരുണയുള്ളവർ ഭാഗ്യവാന്മാർ എന്നിങ്ങനെയുള്ള സുവിശേഷപ്രബോധനങ്ങളും, ശത്രുക്കളെ സ്നേഹിക്കുവിൻ, അവർക്കു നന്മചെയ്യുവിൻ, അവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ എന്നിങ്ങനെയുള്ള ഉൽകൃഷ്ടാശയങ്ങളും പതിന്മടങ്ങു പ്രശോഭിക്കുന്നതു് അങ്ങെ ജീവിതമാതൃകയിലും സർവ്വോപരി കഷ്ടാനുഭവരംഗങ്ങളിലുമല്ലയോ? ഈ ജീവിതമാതൃകയാണു് നമുക്കു ശക്തിയും സമാശ്വാസവും നൽകുന്നതു്; കാരണം ക്രിസ്തുവിനോടുകൂടി സഹിക്കുന്നതു ആനന്ദകരമാണു്. അതുകൊണ്ടുതന്നെ ഇന്നത്തെ ലേഖനത്തിൽ മിശിഹാ തന്റെ കഷ്ടാനുഭവങ്ങൾവഴിയായി, തന്റെ കാലടിപ്പാടുകളിൽക്കൂടി നടക്കുന്നതിനായി നമുക്കു ഒരു മാതൃക നൽകിയിരിക്കുന്നുവെന്നു വി. ശ്ലീഹാ പറയുന്നതും.

എന്നാൽ ഇന്നത്തെ പരിഷ്കൃതാശയരെന്നു ഭാവിക്കുന്ന ക്രൈസ്തവയുവാക്കന്മാരിൽ ചിലർ ക്രിസ്തുവിനെ അഗണ്യകോടിയിൽ തള്ളിക്കൊണ്ടു് തങ്ങളുടെ ജീവിതമാതൃകകളും ആദർശപുരുഷന്മാരുമായി ചില രാഷ്ട്രീയനേതാക്കന്മാരേയും വിപ്ലവനായകന്മാരേയും സ്വീകരിച്ചാരാധിക്കുന്നതു കാണുമ്പോൾ അവരുടെ ക്രൈസ്തവത്വത്തെപ്പററി എന്താണു പറയേണ്ടതു്? സത്യത്തിന്റെയും നീതിയുടെയും മണിദീപവും സാർവ്വത്രിക സാഹോദര്യത്തിന്റെയും സാക്ഷാത്തായ സ്നേഹത്തിന്റെയും ക്ലേശകരങ്ങളായ ത്യാഗങ്ങളുടെയും നിസ്വാർത്ഥസേവനങ്ങളുടെയും നിസ്തുലമാതൃകകളായ നിരവധി വീരസന്താനങ്ങളുടെ മാതാവുമായ വി. കത്തോലിക്കാസഭയുടെ അംഗങ്ങൾ ജീവിതമാതൃകകൾ അന്വേഷിച്ചു് ദേശീയനേതാക്കന്മാരേയും വിപ്ലവനായകന്മാരേയും സമീപിക്കുന്നതെന്തിനു്? ക്രിസ്തുവിനെപ്പോലെ മറെറാരു മാതൃക എവിടെക്കാണും? അങ്ങയെ വിശ്വസ്തതയോടെ അനുകരിച്ചു് സ്നേഹം, സഹനം, ത്യാഗം എന്നിവയുടെ മൂർത്തീകരണങ്ങളായി ജീവിച്ചു മരിച്ച അനേകായിരം വിശുദ്ധന്മാരുടെ പവിത്രമാതൃകകളും നമുക്കില്ലേ? ഗാന്ധി മരിച്ച ദിവസം ഉപവസിക്കയും അതേസമയം ക്രിസ്തു മരിച്ച ദുഃഖവെള്ളിയാഴ്ച ഉപവാസമനുഷ്ഠിക്കാതിരിക്കയും ചെയ്യുന്ന ഒരു ക്രൈസ്തവയുവാവിന്റെ ക്രൈസ്തവത്വംതന്നെ ചോദ്യം ചെയ്യപ്പെടേണ്ടതല്ലേ? തിരുസ്സഭവഴിയായി ഇന്നും ക്രിസ്തു പഠിപ്പിച്ചുകൊണ്ടിരിക്കുന്ന സത്യങ്ങളെ തൃണവൽഗണിച്ചുകൊണ്ടു ചില ദേശീയനേതാക്കന്മാരെ കണ്ണുംപൂട്ടി വിശ്വസിക്കുന്ന ക്രൈസ്തവരെപ്പററി എന്തു പറയട്ടെ!

ഒരു വ്യക്തിയുടെ ഗുണഗണങ്ങൾ അറിയുമ്പോഴാണു് ആ വ്യക്തിയെ നാം സ്നേഹിക്കയും ബഹുമാനിക്കയും മാതൃകാപുരുഷനായി സ്വീകരിക്കയും ചെയ്യുന്നതു്. എത്രമാത്രം അടുത്തറിയുന്നുവോ അത്രമാത്രം അനുകരണതാൽപര്യം കൂടിയിരിക്കും. അതുകൊണ്ടു നാം ക്രിസ്തുവിനെ അറിയുവാൻവേണ്ടി സുവിശേഷങ്ങൾ നല്ലവണ്ണം വായിച്ചു പഠിക്കണം. അതിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന ക്രിസ്തുവിന്റെ ഓരോ പ്രവൃത്തികളേയും സിദ്ധാന്തങ്ങളേയും ജീവിതസംഭവങ്ങളേയുംപററി നാം ധ്യാനിക്കയും തദ്വാര അവ നമ്മുടെ ജീവിതത്തിൽ അലിഞ്ഞുചേരുകയുംവേണം. എന്നാൽ, നമ്മിലെത്രപേർ സുവിശേഷങ്ങൾ ഒരാവർത്തിയെങ്കിലും വായിച്ചിട്ടുണ്ടു്? എത്ര വീടുകളിൽ സുവിശേഷഗ്രന്ഥം വാങ്ങി സൂക്ഷിക്കയും വായിക്കയും ചെയ്യുന്നുണ്ടു്? വിവിധ വിഷയങ്ങളെ പുരസ്കരിച്ചുള്ള പല ഗ്രന്ഥങ്ങൾ വീട്ടിലുണ്ടെങ്കിലും ഒരു ബൈബിൾ ഉണ്ടോ എന്നു കുടുംബനാഥന്മാർ അന്വേഷിക്കട്ടെ. ബൈബിളിന്റെ ഒരു പ്രതി ഒരിക്കലെങ്കിലും ഒന്നു മറിച്ചു നോക്കുവാൻ—പോരാ, ഒരു നോക്കു കാണുവാൻപോലും—സാധിക്കാതെ ഹൈസ്കൂളിന്റെയും കോളെജിന്റെയും കവാടങ്ങൾ കടന്നുപോന്നിട്ടുള്ള യുവാക്കന്മാർ എത്ര? മററു പുസ്തകങ്ങൾ വാങ്ങുവാൻ പണമുണ്ടെങ്കിൽ ഒരു ബൈബിൾ വാങ്ങുവാൻ പണമില്ലെന്നോ..... ക്രിസ്തുനാഥൻതന്നെ നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിക്കട്ടെ.

(ജെ. ചെമ്മണൂർ)




### അവൽപ്രഥമൻ

(കുടുംബിനി)

ഇടങ്ങഴി അവൽ, ഒരു തേങ്ങ, രണ്ടുറാത്തൽ ശർക്കര, ഒരുതുടം നെയ്യ്.

അവൽ കഴുകി തവിടുകളഞ്ഞു് ഒരു ഓട്ടുപാത്രത്തിലാക്കി 3 ഇടങ്ങഴി വെള്ളമൊഴിച്ചു് വേവിക്കുക. വെള്ളം പകുതി വററുമ്പോൾ ശർക്കരയും, തേങ്ങ ചുരണ്ടിപ്പിഴിഞ്ഞ അവസാനത്തെ പാലും ചേർക്കണം. അതും കുറെ വററിക്കഴിയുമ്പോൾ ആദ്യത്തെ പാലും ചേർത്തു് പ്രഥമന്റെ പാകത്തിലാക്കി അടുപ്പത്തുനിന്നും ഇറക്കിവയ്ക്കാം. പിന്നീടു്, ഉണക്കത്തേങ്ങ ചെറുതായി അരിഞ്ഞു നെയ്യിൽ വറുത്തതും, കുറേശെ ചുക്കു്, ജീരകം എന്നിവയുടെ പൊടിയും വിതറി ഇളക്കി യോജിപ്പിച്ചാൽ ഉപയോഗിച്ചുതുടങ്ങാവുന്നതാണു്.

— —

## നിങ്ങൾക്കറിയാമോ?

(5-ാംപേജു് തുടർച്ച)

(ഉത്തരങ്ങൾ)

1 അവിടുത്തെ പുനരുത്ഥാനം.

2 മാതാവിനു പ്രത്യക്ഷപ്പെട്ടതായി വേദപുസ്തകത്തിൽ പറഞ്ഞിട്ടില്ലെങ്കിലും ആദ്യംതന്നെ മാതാവിനു പ്രത്യക്ഷപ്പെട്ടിരിക്കണമെന്നാണു പാരമ്പര്യവിശ്വാസം.

3 മറിയംമഗ്ദലേനായ്ക്കും മററുസ്ത്രീകൾക്കും (യോ. 20, 17, മത്തായി 28, 9); പത്രോസിനും (ലൂക്കാ 24, 34); എമ്മാവുസിലേക്കു പോയിരുന്ന രണ്ടു ശിഷ്യർക്കും (ലൂക്കാ 24, 13); തോമസ് ഒഴികെയുള്ള അപ്പസ്തോലവൃന്ദത്തിനും. (യോ. 20, 20).

4 വി. തോമാശ്ലീഹായ്ക്കും മററു അപ്പസ്തോലന്മാർക്കും (യോ: 20, 26).

5 ഏഴുപേർ(യോ. 21, 1).

6 500-ൽ പരം വരുന്ന ഒരു ജനാവലിക്കു് (1 കൊറി. 15, 6).

7 ശ്ലീഹന്മാരെല്ലാം. (മത്തായി 28, 17, നടപടി 1, 6).

## പ്രാദേശികവാർത്തകൾ

—പരിശുദ്ധപിതാവിന്റെ ജൂബിലി പ്രമാണിച്ചു് ഓശാനഞായറാഴ്ച ഒരു മഹായോഗം തൃശ്ശൂർമെത്രാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ഒല്ലൂർ പള്ളി അങ്കണത്തിൽവച്ചു നടത്തപ്പെട്ടു. ശ്രീ കെ. ടി. ജോസഫ് ആയിരുന്നു പ്രാസംഗികൻ. യോഗാരംഭത്തിനു മുമ്പു്, ജൂബിലിസ്മാരകമായി പണിചെയ്യപ്പെട്ടിരിക്കുന്ന പള്ളിമുഖവാരം മെത്രാൻതിരുമേനി ആശീർവദിക്കുകയും ഗ്രൂപ്പുഫോട്ടോ എടുക്കുകയും ചെയ്തു. (ഫോട്ടോ അടുത്ത ലക്കത്തിൽ)

—പൂഞ്ഞാർ സി എ. സി. അംഗങ്ങളുടെ പരിശ്രമഫലമായി ദുഃഖവെള്ളിയാഴ്ച പരസ്യവീഥിയിൽക്കൂടി ഭക്തിസംവർദ്ധകമായ ഒരു സ്ലീവാപാത നടത്തിയിരിക്കുന്നു.

— ആലപ്പുഴ സെൻറു് ജോർജ്ജ് കാത്തലിക്യൂണിയന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ദുഃഖവെള്ളിയാഴ്ച രാത്രി ഒൻപതുമണിക്കു്, സ്ഥലം പുത്തനങ്ങാടി കുരിശുപള്ളിയിൽനിന്നും, കമ്മേർഷ്യൽ കനാലിന്റെ വടക്കേകരയിൽക്കൂടെ മാർസ്ലീവാ ഫൊ. പള്ളിയിലേക്കു, ഏതാണ്ടു് ഇരുപത്തയ്യായിരത്തിൽപ്പരം വരുന്ന വിശ്വാസികളുടെ സാന്നിദ്ധ്യത്തിൽ ഒരു പട്ടണസ്ലീവാപാത അച്ചടക്കത്തോടുകൂടി നടത്തിയിരിക്കുന്നു.

—പുതുക്കറിച്ചിനിവാസികളുടേയും, ഇടവകവികാരിയുടേയും പരിശ്രമത്താൽ അടുത്ത സ്കൂൾവർഷംമുതൽ പെൺകുട്ടികൾക്കായി ഒരു ഹൈസ്കൂളും കോൺവെൻറും തുടങ്ങുന്നതാണു്.

—മാർ വാഴപ്പിള്ളി മെമ്മോറിയൽ കാത്തലിക്കു് സമ്മർ സ്കൂളിന്റെ ഉൽഘാടനം ഏപ്രിൽ 23-ാംനു കാലത്തു 9 മണി സെന്തോമസു് കോളെജിൽവെച്ചു് റൈററു് റവ. മോൺ. ആൻറണി പുതിശ്ശേരി ഡി. ഡി. അവർകൾ സമംഗളം നിർവ്വഹിച്ചു. നൂററിഇരുപതോളം അദ്ധ്യേതാക്കൾ ആരംഭത്തിൽതന്നെ ഹാജരുണ്ടായിരുന്നു. വെ. റവ. ഫാദർ സിറിൽ ബണ്ണാറു് സി. ഡി. (പ്രിയർ ജനറൽ) സാമൂഹ്യനീതിയെക്കുറിച്ചു ചെയ്ത പ്രാരംഭപ്രസംഗത്തോടെ ക്ലാസ്സുകൾ ആരംഭിച്ചു. ഏപ്രിൽ 30-ാംനു പരീക്ഷയോടുകൂടി അവസാനിക്കുന്നതാണു്.

## ചരമം

സേലത്തെ റവ. ഫാ. ഐസക്കു പുത്തനങ്ങാടി, റവ. ബ്ര. സിറിയക്കു പുത്തനങ്ങാടി എന്നിവരുടെ പിതാവു് മി. തോമസ് പുത്തനങ്ങാടി സ്വദേശമായ വൈക്കത്തുവച്ചു് ഏപ്രിൽ 12-ാം തീയതി ചൊവ്വാഴ്ചകാലത്തു് 10 മണിക്കു നിര്യാതനായി. ശവസംസ്കാരകർമ്മം പിറെറദിവസം പല വൈദികരുടേയും, അനേകം ജനങ്ങളുടേയും സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു. റവ. ഫാദർ പോൾ മണ്ഡപത്തിൽ അവർകളാണു് ചരമപ്രസംഗം നിർവ്വഹിച്ചതു്.

മംഗലപ്പുഴ സെമ്മിനാരിയിൽ 35 വർഷം കാര്യസ്ഥനായി സേവനമനുഷ്ഠിച്ചിട്ടുള്ള കൂടാരപ്പിള്ളിൽ തൊമ്മൻ ഇനാസി അവർകൾ ഏപ്രിൽ 17-ാം നു-നിര്യാതനായി. ശവസംസ്കാരം സെമ്മിനാരിറെക്ടർ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും റവ. ഫാദേഴ്സ് സ്റ്റാൻലി ഒ. സി. ഡി., മാത്യു വടക്കേൽ, തോമസ് കൊച്ചുഞ്ഞാനാൽ ആദിയായവരുടെ സഹകാർമ്മികത്വത്തിലും നടത്തപ്പെട്ടു.

## Vocation Retreat

തേവര സേക്രഡ്ഹാർട്ടു് കോളെജിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന Vocation Retreat (ജീവിതാന്തസ്സ് തിരഞ്ഞെടുക്കുന്നതിനു സഹായകമായ ധ്യാനം) മേയ് 16-ാംനു ആരംഭിക്കുന്നതാണു്

## നവവൈദികൻ

മംഗലപ്പുഴസെമ്മിനാരിയിൽ വൈദികവിദ്യാഭ്യാസം പൂർത്തിയാക്കിയ ഗുസ്തവോ ആൽവരസ് ഏപ്രിൽ 18-ാംനു ഗോവായിൽവച്ചു് ഗുരുപ്പട്ടം സ്വീകരിച്ചിരിക്കുന്നു. പീലാറിലെ വി ഫ്രാൻസിസ് ശൗര്യാരുടെ മിഷനറി സൊസൈററിയിൽപെട്ട ഈ നവവൈദികൻ പ്രസ്തുതാശ്രമത്തിൽവച്ചു ഏപ്രിൽ 20-ാം നു നവപൂജയർപ്പിച്ചു. ആലുവായിലെ വാസത്തിനിടയിൽ തനിക്കു പരിചയപ്പെടുവാനിടയായ സകല കേരളീയ സുഹൃത്തുക്കളുടേയും പ്രാർത്ഥനകൾ അദ്ദേഹം അഭ്യർത്ഥിക്കുകയും നന്ദിപറയുകയും ചെയ്യുന്നു.

# ദിവ്യബലിയിലെ ഭാഗഭാഗിത്വം

## അൽമായക്കാരുടെ പൗരോഹിത്യബോധം

(ഫാദർ ഫ്റാൻസിസ് സാലെസ് സി. ഡി.)

ഓരോ ക്രിസ്ത്യാനിയും, പുരോഹിതനായാലും, അൽമായക്കാരനായാലും, മിശിഹായോടു അവിഭാജ്യമായി യോജിച്ചു ജീവിക്കണം. മിശിഹായാകട്ടെ പുരോഹിതപുരോഹിതനാണ്. വി. പത്രോസ് അൽമായക്കാരോടായി പറഞ്ഞിട്ടുണ്ട്, അവർ "ഒരു തിരഞ്ഞെടുക്കപ്പെട്ട ജാതിയും, രാജകീയ പൗരോഹിത്യത്തിൽ ഉൾപ്പെട്ടവരും (I peter 2. 29) ആണെന്നു". ആകയാൽ ക്രിസ്തീയജനത്തിനു ഒരു പൗരോഹിത്യസ്വഭാവം ഉണ്ടെന്നു തെളിയുന്നു.

വി. പത്രോസിൻെറ ആശയം വിശുദ്ധന്മാർ വ്യക്തമായി വ്യാഖ്യാനിക്കുന്നുണ്ടു. ക്രിസ്താബ്ദം 202-ൽ വേദസാക്ഷിമകുടം സ്വീകരിച്ച വി. ഇരനേയസ് "എല്ലാ നീതിമാന്മാർക്കും പുരോഹിതോചിതമായ നിയമനമുണ്ടു" "All the just have a priestly ordination" (cfr· Adv· Haer v·II· 3) എന്നു പ്രസ്താവിക്കുന്നു. വി. ക്രിസോസ്റ്റോം പറയുന്നു: "നിങ്ങൾ മാമ്മോദീസായിൽ ഒരു പുരോഹിതനാക്കപ്പെട്ടിരിക്കുന്നു." "You are made a priest at Baptism" (Cfr· Hm· 3. in II Corinth)· "മാമ്മോദീസാ അൽമായക്കാരുടെ പൗരോഹിത്യമാണ്" എന്നാണ് വി. ജറോമിൻെറ അഭിമതം. (Cfr· Lucif· IV)· വി. അഗസ്റ്റിൻ പറയുന്നതു "മൗതികമായ തൈലാഭിഷേകംമൂലം നാം ക്രിസ്ത്യാനികളെന്നു വിളിക്കപ്പെടുന്നതുപോലെ, പുരോഹിതപുരോഹിതൻെറ അവയവങ്ങളായ നാം എല്ലാവരും പുരോഹിതന്മാരാകുന്നു"വെന്നാണ്.(Cfr· City of God. xx, 10) മിലാനിലെ ക്രിസ്ത്യാനികളോടു വി. അംബ്രോസ് പ്രസംഗിക്കുന്നതു ശ്രദ്ധേയമാണ്: "ഈ തരുണത്തിൽ തിരുസ്സഭയുടെ മക്കളെല്ലാവരും പുരോഹിതന്മാരാണ്. മാമ്മോദീസായിൽ അവർ തൈലാഭിഷിക്തരാകുന്നു. ഇതു് അവരെ പൗരോഹിത്യത്തിൽ ഭാഗഭാഗിത്വം വഹിപ്പിക്കുന്നു. അവർ ദൈവത്തിനു അർപ്പിക്കുന്ന ബലിവസ്തു പൂർണ്ണമായും അരൂപിക്കടുത്തതാണ്. അതു അവർ തന്നെയത്രെ." വേദാന്ത മർമ്മജ്ഞനായ വി. തോമസ് അക്വൈനാസ് തൻെറ സുപ്രസിദ്ധമായ വേദാന്തസംഗ്രഹത്തിൽ (Cfr. III. P· Q. Lx III· ad 3 m) പ്രസ്താവിക്കുന്നതു കേട്ടുകൊൾക. "ഓരോ ക്രിസ്ത്യാനിയും ദൈവികാരാധനയെ സംബന്ധിക്കുന്ന കാര്യങ്ങൾ മററുള്ളവരിൽനിന്നു സ്വീകരിക്കുകയോ, മററുള്ളവർക്കു കൊടുക്കുകയോ ചെയ്യുന്നതിനു നിയമിക്കപ്പെട്ടവനത്രെ. ക്രിസ്തീയമതത്തിലെ ആരാധനക്രമം മുഴുവനും മിശിഹായുടെ പൗരോഹിത്യത്തിൽനിന്നു സംജാതമാണ്......മിശിഹായിൽനിന്നു പ്രവഹിക്കുന്ന മിശിഹായുടെ പൗരോഹിത്യത്തിൽ മാമ്മോദീസാ, മുമ്പിലത്തെ ഒപ്പുശുമാ എന്ന കൂദാശകൾവഴി എല്ലാവരും അംശഭാഗിത്വം വഹിക്കുന്നു."

ഇത്രയും പ്രസ്താവിച്ചതിൽനിന്നു അൽമായക്കാർക്കും പുരോഹിതപുരോഹിതനായ മിശിഹായുടെ പൗരോഹിത്യത്തിൽ ഭാഗഭാഗിത്വമുണ്ടെന്നു വ്യക്തമായി. എന്നാൽ നമ്മുടെ അൽമായക്കാരിൽ ഈ ബോദ്ധ്യം നന്നാ വിരളമായിട്ടേയുള്ളുവെന്നു പറയേണ്ടിയിരിക്കുന്നു. വിപ്ലവാത്മകമായ സാഹചര്യങ്ങളിലൂടെ ചരിക്കുവാൻ നിർബന്ധിതരായിരിക്കുന്ന അവർക്കു തങ്ങളിലുള്ള ആദ്ധ്യാത്മികമായ പൗരോഹിത്യത്തെപ്പററിയുള്ള പ്രബുദ്ധത ഉണ്ടായാൽ വ്യക്തികളിലും സമുദായത്തിലും ആദ്ധ്യാത്മികമായ ഒരു നവജീവൻ സൃഷ്ടിക്കുവാൻ അതു പര്യാപ്തമാകുമെന്നാണ് ലേഖകൻെറ ബോദ്ധ്യം.

അമേരിക്കൻ ഐക്യനാടുകളിലെ ചില വൈദികമേലദ്ധ്യക്ഷന്മാർ പ്രസ്തുതവിഷയത്തെപ്പററി ചെയ്തിട്ടുള്ള ചില പ്രസ്താവനകൾ ഇവിടെ ഉദ്ധരിക്കുന്നു.

Archbishop M· J· Curley-(1928) "Per Ipsum, Cum Ipso In Ipso" "അവിടുന്നുവഴിയായും, അവിടുത്തോടുകൂടിയും, അവിടുത്തെ സാന്നിദ്ധ്യത്തിലും അൽമായക്കാർ പ്രവർത്തിക്കുന്നു. പുരോഹിതപുരോഹിതൻെറ (High Priest) അവയവങ്ങൾ എന്ന നിലയിൽ വിശ്വാസികൾ സഹസമർപ്പകന്മാരായി (Co-offerers) വി കുർബാനയിൽ സജീവമായി പങ്കെടുക്കുന്നു. അവരുടെ നായകനോടുകൂടി(Chieftain)യഥാർത്ഥവും സത്യവുമായ ബലി അവർ സമർപ്പിക്കുന്നു. അവരുടെ ജ്യേഷ്ഠസഹോദരനായ ദൈവപുത്രനോടു യോജിച്ചുകൊണ്ടു അവർ പരിശുദ്ധത്രിത്വത്തെ സ്തുതിക്കുന്നു." (Cfr· "My Mass C. Grimnad)

Bishop J. H· Sehlarmann 1934) —"എല്ലാ വിശ്വാസികളും മിശിഹായുടെ മൗതികശരീരത്തിൻെറ അംഗങ്ങളെന്ന നിലയിൽ മിശിഹായുടെ പൗരോഹിത്യത്തിൽ ഓഹരി പ്രാപിക്കുന്നു. കർത്താവിൻെറ അരൂപി അവരിൽ ആരാധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതിനെ വിവരിക്കുന്നതിനു വി. ശ്ലീഹായ്ക്കു പദങ്ങൾ കിട്ടാതെ ക്ലേശിക്കുന്നതുപോലെ തോന്നുന്നു...... ക്രിസ്തീയസഭയുടെ ആരാധന സാമുദായികമായ ആരാധനയാണ്. ആകയാൽ ക്രിസ്തീയ സഭയുടെ ആരാധനക്രമം പൂർണ്ണവും പരസ്യവുമായ ആരാധനയത്രെ."

## ഇടപ്പള്ളി പുണ്യവാൻ

(വ് ലാൻ, ജോസഫ് പള്ളിപ്പാടൻ)

സുവിദിതപുരമാകിനോരിടപ്പ-
ള്ളിയതിനു ശോഭനതാരമെന്നപോലെ
അവികലവരമാനൊരു കദൈവാ-
ലയമിഹ മേന്മവളർന്നു മിന്നിടുന്നു.

തിരുവരനിലയാക്കു മിന്നുമൻപാ-
ന്നതിലിന"ശീവറുഗീസു"ഗണ്യപുണ്യൻ
സുരുചിരദയതൂകി വാണിടും തൽ-
പ്പുരുസുകൃതായതനം മനോഹരാഢ്യം!

നിരവധിജനമിന്നുമീവിശുദ്ധൻ-
പരമരുളും വരമാധ്വിയാസ്വദിപ്പൂ!
അരമകമവധാനമോടു സർവ്വാ-
ത്തരസുഖമാന്നു ലസിച്ചിടുന്നിതേററം.

വരപരിമളമിങ്ങു ലോകമെല്ലാം
വിരവിൽ നിറഞ്ഞു ജനങ്ങളിങ്ങുമന്ദം
കരളതിലുരുഭക്തിപൂണ്ടണഞ്ഞീ-
വരസുകൃതീന്ദ്രപദം നമിച്ചുമായം

പരിചിനൊടവർചെയ്യുമർത്ഥനയ്ക്കി-
ങ്ങരിയ ഫലങ്ങളുടൻ ലഭിച്ചിടുന്നു
വിരിയുമൊരകതാർ തെളിഞ്ഞുനേർന്നു-
ള്ളൊരുവഴിപാടുകൾ കാഴ്ചവച്ചിടുന്നു.

കടുതരപടുഭൂതബാധമൂലം
കെടുതികലർന്ന ജനത്തെയാകമാനം
വടിവൊടുവരമേകിയിങ്ങു രക്ഷി-
ച്ചിടുമൊരുപുണ്യവരേണ്യഗണ്യനായി

കൊടിയവിഷധരങ്ങൾമൂലമേതും-
മുടിവണയാതെ ദയാമനസ്സൊടിന്നും
ചൊടിയൊടിഹജനത്തെരക്ഷചെയ്യാൻ
മടിയണുവും തടവാത്തധീരനായി.

ക്ഷിതിയിലഹ! പകർന്നു നാശമേകും
കഠിനഭയങ്കര രോഗമാം ഭവാഗ്നി
അതിജവമഖിലം കെടുത്തി രക്ഷി-
ച്ചതിസുഖമേകി വിളങ്ങിടുന്നു ധന്യൻ.

സുവിമലനിജപാദപങ്കജത്തിൻ-
സവിധമണഞ്ഞു നമിക്കുവോർക്കു പാരം,
അവികലഗുണം ലഭിക്കുമാരാ-
ലവിരതമിന്നിതിലില്ലവാദലേശം.

നിരുപമബഹുകൃത്യ"മന്നിഹത്തിൽ-
ഗുരുതരസങ്കടമേററിടുന്നിവർക്കു"
ശംരുളുക, പുരുവന്ദ്യപുണ്യവാനേ!
തിരുവരമൻപൊടുപാഹിമാംദയാലോ!

---

## ജറുസലേമിൻെറ ഭദ്രത

ജറൂസലേമിനേയും വിശുദ്ധസ്ഥലങ്ങളേയും അധികരിച്ചു ലോകത്തിലുള്ള എല്ലാ റോമൻ കത്തോലിക്കാ സ്ഥാപനങ്ങൾക്കുമായി (Establishments) പരിശുദ്ധ പിതാവു 12-ാം പീയൂസ് മാർപ്പാപ്പാ തിരുമേനി ഒരു കത്തു അയച്ചിരിക്കുന്നു. ദുഃഖവെള്ളിയാഴ്ചത്തെ തീയതിവച്ചുള്ള ഈ കത്തു തിരുമനസ്സുകൊണ്ടു കഴിഞ്ഞ ഒക്ടോബറിൽ അയച്ചിട്ടുള്ളതിനോടു സദൃശമാണ്. ജറൂസലേമിനും പ്രാന്തഭൂമികൾക്കും ഒരു അന്തർദേശീയ ഭരണമേർപ്പെടുത്തുക, വിശുദ്ധ സ്ഥലങ്ങളുടെ ഭദ്രതയ്ക്കു ഉറപ്പു വാഗ്ദാനം ചെയ്യുക, വിശുദ്ധ സ്ഥലങ്ങളിലേക്കും അവിടെയുള്ള റോമൻ കത്തോലിക്കാ സ്ഥാപനങ്ങളിലേക്കുമുള്ള തീർത്ഥകരെ പരിരക്ഷിക്കുകയും അവർക്കു പൂർണ്ണസ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്യുക—ഇവയാണ് കത്തിലെ ശുപാർശകൾ.

പലസ്തീനായിലെ യുദ്ധവിരാമസന്ധിയിൽ തനിക്കുള്ള സന്തോഷം പരിശുദ്ധ പിതാവു തൻെറ കത്തിൽ പ്രകടമാക്കീട്ടുണ്ടു. എങ്കിലും അതു യഥാർത്ഥത്തിലുള്ള സമാധാനമായിട്ടില്ലെന്നു തിരുമേനി പ്രസ്താവിക്കുന്നു.

---

## Catholic Alphabet


A is for Acolyte—always a server,
B is for Blessed—a soul full of fervour;
C is for Carmelite—beautiful order,
D is for Devotion—and God will reward her;
E is for Example—a good Christian life,
F is for Faith—when your troubles are rife,
G is for Grace—and we can't do without it.
H is for Happy—with grace, I don't doubt it;
I is for Incense—and offered for all.
J is for Judas—thro' greed had a fall.
K is for Kiss—and for Judas a part.
L is for Love—and it comes from the heart.
M is for Mass—and attend it you should.
N is for Novena—a habit that's good.
O is for Office—a daily observance.
P is for Priest—and one of God's servants.
Q is for Query—my soul's in jeopardy.
R is for Reason—ask God! you're His property.
S is for Saviour—My Lord and My God.
T is for Tyburn—and Martyrs here trod.
U is for Unction—and used when we're dying.
V is for Vocation—a saint for the trying!
W is for Wrench—to be bad or be good.
X is for Cross—and bear it you should,
Y is for Yearning—I'll try to be better.
Z is for Zenith—in spirit and letter.

*The Universe*

ഇടപ്പള്ളി ഫൊ. പള്ളിയിൽ

# വി. ഗീവർഗീസ് സഹദായുടെ

# തിരുനാൾ



| | | |
|---|---|---|
| ആരംഭം | 1949 ഏപ്രിൽ 25 / 1124 മേടം 13 | തിങ്കൾ |
| അവസാനം | 1949 മേയ് 4 / 1124 മേടം 22 | ബുധൻ |

പതിവുപോലെ എട്ടാമിടവും ഉണ്ടായിരിക്കും

ടി. പള്ളിവികാരി

# സംഭവകഥകൾ

## "എന്റെ മകനെ തിരികെതരണം"

കാർത്തേജുനഗരത്തിൽ ഫുൾജെൻസിയൂസ് എന്നു പേരായ ഒരു യുവാവു ജീവിച്ചിരുന്നു. സ്തുതിബഹുമാനാദികളാൽ സമലംകൃതനായിരുന്ന അവൻ ഒരുദിവസം വി. ആഗുസ്തീനോസിന്റെ ഒരു പ്രസംഗം വായിക്കുന്നതിന്നിടവരികയും അതിൽനിന്നും ലൗകികസുഖങ്ങളുടെ അർത്ഥശൂന്യത ഗ്രഹിക്കുകയും ചെയ്തു. തൽഫലമായി, ഒരു പ്രഭാതത്തിൽ അവൻ തന്റെ വീടുപേക്ഷിച്ചു്, ഫാവുസ്തൂസ് നടത്തിയിരുന്ന ആശ്രമത്തിൽ ചെന്നു അതിൽ തന്നെക്കൂടി പ്രവേശിപ്പിക്കണമെന്നു് അപേക്ഷിച്ചു.

"ഞങ്ങളുടെ ഇവിടത്തെ ജീവിതം തപശ്ചര്യങ്ങൾ നിറഞ്ഞതാണു്. ലൗകികസുഖങ്ങളിൽ മുഴുകി ജീവിച്ച ഒരാൾക്കു് അതു ഭാരമായി തോന്നും" എന്നായിരുന്നു ആ ആശ്രമശ്രേഷ്ഠൻ നൽകിയ മറുപടി.

ഫുൾജെൻസിയൂസ് ഭഗ്നോത്സാഹനായില്ല. കുറച്ചുനാളത്തേക്കു് തന്നെ പരീക്ഷിച്ചുനോക്കരുതോ എന്നു അവൻ ചോദിച്ചു.

അതിനു ഫാവുസ്തൂസ് പരുഷസ്വരത്തിൽ ഇങ്ങനെ മറുപടി പറഞ്ഞു: "താൻ ചെന്നു് ആദ്യംതന്നെ ലൗകികസാഹചര്യങ്ങളിൽ ഒരു തപോജീവിതം നയിക്കുവാൻ ശ്രമിക്കുക. അതിനുശേഷം ഇങ്ങോട്ടു വന്നാൽമതി."

"പിതാവേ, സന്യാസം കൈവരിക്കണമെന്നുള്ള ആഗ്രഹം എന്റെ ഹൃദയത്തിൽ അങ്കുരിപ്പിച്ച ദൈവത്തിനു്, എന്റെ ബലഹീനതയുടെമേൽ വിജയം വരിക്കുന്നുള്ള ശക്തിയും എനിക്കു പ്രദാനം ചെയ്യാൻ കഴിയും" എന്നായി അപ്പോൾ ഫുൾജെൻസിയൂസ്.

ഫാവുസ്തൂസിനു ആ മറുപടി ഇഷ്ടപ്പെട്ടു. തൽക്കാരണത്താൽ അവനെ പരീക്ഷാർത്ഥം ആശ്രമത്തിൽ സ്വീകരിക്കയും ചെയ്തു.

അപ്പോഴേക്കു വന്നിരിക്കുന്ന ഫുൾജെൻസിയൂസിന്റെ അമ്മ, "എന്റെ മകനെ തിരികെ തരണം, എന്റെ മകനെ തിരികെ തരണം" എന്നു വിലപിച്ചുകൊണ്ടു്. ആശ്രമശ്രേഷ്ഠൻ അവളെ സാന്ത്വനപ്പെടുത്തുവാൻ ചെയ്ത ശ്രമമെല്ലാം വിഫലമായതേയുള്ളു. അവൾ ആശ്രമദ്വാരത്തുങ്കൽ നിലയുറപ്പിച്ചുകൊണ്ടു്, തന്റെ മകനോടു തിരികെ പോരാൻ മുറവിളികൂട്ടിക്കൊണ്ടിരുന്നു.

ഫുൾജെൻസിയൂസ് അതെല്ലാം കേട്ടു. മുമ്പൊരിക്കലും അവൻ സ്വമാതാവിൽനിന്നും പിരിഞ്ഞു വസിച്ചിരുന്നില്ല. ശക്തിമത്തായ സ്നേഹവും അവനു അമ്മയുടെ നേക്കുണ്ടായിരുന്നു. പക്ഷെ അവയൊന്നും അവന്റെ ദൃഢനിശ്ചയത്തിൽനിന്നും അവനെ പിന്മാറുന്നതിനു ശക്തമായില്ല. "എന്റെ ദൈവമേ, എന്റെ പ്രതിജ്ഞ പാലിപ്പാൻ എന്നെ സഹായിക്കേണമെ" എന്നു അവൻ നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ദൈവം അവന്റെ പ്രാർത്ഥന ശ്രവിച്ചു. തന്റെ കരച്ചിലും അഭ്യർത്ഥനയുംമററും കൊണ്ടു് യാതൊരു ഫലവുമില്ലെന്നു കാണുകയാൽ അവന്റെ അമ്മ മൂന്നുദിവസത്തിനുശേഷം സ്വഭവനത്തിലേക്കു മടങ്ങി.

ഫുൾജെൻസിയൂസ് സന്യാസവൃത്തിയിൽ സ്ഥിരമായി നിന്നു. പിന്നീടു് അദ്ദേഹം കാർത്തേജിലെ മെത്രാനായി ഭവിക്കയും ആറാം ശതകത്തിലെ വിജ്ഞാനദീപങ്ങളിൽ ഒന്നായി പ്രശോഭിക്കയും ചെയ്തു.

"The Catechism in Examples" by
Rev. D. Chisholm

## കോഴികട്ട കള്ളി

കാലിഫോർണിയായിലെ ഒരു പ്രസിദ്ധ മിഷനറിയായിരുന്ന ഫാദർ ജൂണിപ്പെറൊ സെറ എന്ന വൈദികന്റെ ഒരു കോഴിയെ അവിടത്തെ ഒരു റെഡ് ഇൻഡ്യൻസ്ത്രീ മോഷ്ടിക്കുന്നതിനിടവന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ വേലക്കാരനും മോഷ്ടിച്ച ആൾ ആരെന്നു അറിഞ്ഞതാണു്. പക്ഷെ ഫാദർ സെറ ആ കാര്യം ഗൗനിച്ചില്ല.

കൊല്ലങ്ങൾ അനേകം കഴിഞ്ഞു. ഒരുദിവസം പ്രസ്തുതസ്ത്രീ മരുന്നും വസ്ത്രവും അന്വേഷിച്ചു് ഫാദർ സെറയുടെ പക്കൽ വന്നു. "തണുപ്പു സഹിക്കവയ്യാ" അവൾ ആവലാതിപ്പെട്ടു. ആ മിഷനറിവൈദികൻ അല്പംപോലും സംശയിച്ചില്ല. സ്വന്തം പുതപ്പുകളിൽ ഒന്നെടുത്തു അവൾക്കു കൊടുത്തു.

അതുകണ്ടു് ആശ്ചര്യഭരിതനായ റെഡ്ഇൻഡ്യൻ വേലക്കാരൻ അദ്ദേഹത്തെ തുറിച്ചുനോക്കി.

"അങ്ങേ കോഴികട്ട കള്ളി അവളാണു്." അവൻ അദ്ദേഹത്തെ സസ്നേഹം ഓർപ്പിച്ചു.

"അതെനിക്കറിയാം", ഫാദർ സെറ മറുപടിപറഞ്ഞു. "അവളോടു് ഹൃദയപൂർവ്വം ഞാൻ ക്ഷമിച്ചോ എന്നായിരുന്നു എന്റെ സംശയം. ഇപ്പോൾ ആ സംശയം തീർന്നിരിക്കുന്നു."

*Maryknoll, January*, 1949

—

വേദശാസ്ത്രപംക്തി

# സ്ഥൈര്യലേപനം

## ദൃശ്യചിഹ്നം

മിശിഹാ നിർദ്ദേശിച്ചിട്ടുള്ള കർമ്മസാധനവും (Matter) കർമ്മസ്വരൂപവും (Form) കൂടിച്ചേർന്നാണല്ലൊ കൂദാശയുടെ ഇന്ദ്രിയഗോചരമായ ചിഹ്നം ഉണ്ടാകുന്നതു്. കർമ്മസാധനം കൂദാശ കൊടുക്കുന്നതിനു ഉപയോഗിക്കുന്ന വസ്തുവോ പ്രവൃത്തിയോ ആകാം. കർമ്മസ്വരൂപമാകട്ടെ, തൽസമയം ചൊല്ലുന്ന വാക്കുകളാണു്. അവ രണ്ടുംകൂടെ ചേർന്നു ആ കൂദാശ വഴിയായി നാം സ്വീകരിക്കുന്ന പ്രസാദവരത്തെ സൂചിപ്പിക്കുകയും നൽകുകയും ചെയ്യുന്നു.

വിശുദ്ധ ലൂക്കാ ഈ കൂദാശയുടെ കർമ്മസാധനമായി കൈവെപ്പു മാത്രമേ അപ്പസ്തോല നടപടികളിൽ പ്രസ്താവിക്കുന്നുള്ളു. എന്നാൽ വി. യോഹന്നാന്റെ 1-ാം ലേഖനം 2-ാം അദ്ധ്യായം 27-ാം വാക്യത്തിലും, വി. പൗലോസിന്റെ കൊറീന്ത്യക്കാർക്കുള്ള 2-ാം ലേഖനം 1-ാം അദ്ധ്യായം 21-22 വാക്യങ്ങളിലും തൈലാഭിഷേകത്തെപ്പററിയും പറയുന്നുണ്ടു്. ഗ്രീക്കറീത്തിൽ ഇന്നും തൈലാഭിഷേകം മാത്രമേ ഉപയോഗിക്കുന്നുള്ളു. തിരുസ്സഭയിലെ ഇതരറീത്തുകളിൽ തൈലാഭിഷേകവും കൈവെപ്പും പ്രചാരത്തിലിരിക്കുന്നു. കുറെക്കാലത്തേക്കു ദൈവശാസ്ത്രജ്ഞന്മാരുടെ ഇടയിൽ ഇതേപ്പററി തർക്കമുണ്ടായിരുന്നെങ്കിലും ഇവരണ്ടും അവശ്യംവേണ്ടതായ കർമ്മസാധനങ്ങളാണെന്ന നിഗമനത്തിനാണു് കൂടുതൽ പ്രാബല്യം സിദ്ധിച്ചു കാണുന്നതു്.

എന്തുകൊണ്ടെന്നാൽ, വേദപുസ്തകത്തേയും പാരമ്പര്യത്തേയും അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ, കൈവെപ്പു്, തൈലാഭിഷേകം എന്നീ പദങ്ങളാൽ ഒരേ കൂദാശയെത്തന്നെയാണു് വിവക്ഷിച്ചിരുന്നതെന്നു കാണാം. രണ്ടും ആവശ്യമായിരുന്ന കർമ്മസാധനങ്ങളാണെങ്കിലും ചിലർ ഒന്നിനെപ്പററിയും, മററു ചിലർ രണ്ടാമത്തേതിനെക്കുറിച്ചും പ്രസ്താവിക്കുന്നെന്നുമാത്രം. ആകയാൽ ഏതെങ്കിലും ഒന്നിന്റെ അഭാവത്തിൽ കൂദാശ വാസ്തവമാകയില്ല. എന്നാൽ ശ്രദ്ധേയമായ ഒരു കാര്യമുണ്ടു്. തൈലാഭിഷേകത്തോടുകൂടെത്തന്നെ കൈവെപ്പും നടക്കുന്നുണ്ടു്. കൈനെററിയുടെ നേരെപിടിക്കാതെ അവിടെ പൂശുന്നതിനു സാധ്യമല്ലല്ലൊ. ബെനദിക്തോസ് മാർപ്പാപ്പാ അസന്നിഗ്ദ്ധമായവിധം പഠിപ്പിക്കുന്നു മെത്രാന്റെ കൈവെപ്പു തൈലാഭിഷേകത്തോടെ നടക്കുന്നുവെന്നു്. "സ്ഥൈര്യലേപനം സ്വീകരിക്കുന്നവന്റെ നെററി കൈവെപ്പുകൂടാതെ അഭിഷേകം ചെയ്യുക സാധ്യമല്ല" എന്നാണു് അവിടുന്നു പ്രഖ്യാപനം ചെയ്യുന്നതു്.

"പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ കുരിശിന്റെ ചിഹ്നംകൊണ്ടു് ഞാൻ നിന്നെ അടയാളപ്പെടുത്തുകയും രക്ഷയുടെ മൂറോൻകൊണ്ടു് നിന്നെ ഞാൻ സ്ഥിരീകരിക്കുകയുംചെയ്യുന്നു" എന്നമൊഴികൾ ഉച്ചരിച്ചുകൊണ്ടാണു് നെററിയിൽ കുരിശാകൃതിയിൽ വിശുദ്ധതൈലംകൊണ്ടു് പൂശുന്നതു്. അതുതന്നെയാണു് ഈ കൂദാശയുടെ കർമ്മസ്വരൂപം. വേദപുസ്തകത്തിൽ കൈവെച്ചു പ്രാർത്ഥിച്ചു, തൈലംകൊണ്ടു് അഭിഷേകം ചെയ്തു പ്രാർത്ഥിച്ചു എന്നല്ലാതെ നിർദ്ദിഷ്ടവാക്കുകൾ അതേരൂപത്തിൽ കാണുന്നില്ല. പാരമ്പര്യത്തിൽ നിന്നാണു് പ്രസ്തുതമൊഴികളാണു് കർമ്മസ്വരൂപമെന്നു് ഫ്ളോറൻസ് സൂനഹദോസ് ഗ്രഹിച്ചതും വ്യവസ്ഥചെയ്തതും. ഇതു ലത്തീൻ റീത്തിലാണു് ഉപയോഗിക്കുന്നതു്. മററു റീത്തുകളിൽ നിലവിലിരിക്കുന്ന മൊഴികൾക്കു് പാഠഭേദമുണ്ടെങ്കിലും അർത്ഥത്തിൽ വ്യത്യാസമൊന്നും കാണുന്നില്ല.

### കർമ്മക്രമം

മെത്രാൻ ആദ്യമായി സ്ഥൈര്യലേപനാർത്ഥികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അതിനുശേഷം കൈകൾ വിരിച്ചു പിടിച്ചുകൊണ്ടു്, പരിശുദ്ധാത്മാവിനോടു് അപേക്ഷിക്കുന്നു, അവിടുന്നു ഏഴുദാനങ്ങളാൽ സ്ഥിരീകൃതരാകുവാൻ പോകുന്നവരെ അനുഗ്രഹിച്ചു് നന്മയിൽ ഉറപ്പിക്കുവാൻ. തദനന്തരം തള്ളവിരൽ തിരുതൈലത്തിൽ മുക്കി, മേൽ പറഞ്ഞിട്ടുള്ള മൊഴികൾചൊല്ലി അർത്ഥിയുടെ ശിരസ്സിൽ കൈവച്ചിട്ടു് തിരുതൈലംകൊണ്ടു് നെററിയിൽ കുരിശടയാളം വരയ്ക്കുന്നു. "സമാധാനം നിന്നോടുകൂടെ" എന്നു പറഞ്ഞുകൊണ്ടു് കവിളിൽ ലഘുവായി ഒന്നടിക്കുകയും ചെയ്യുന്നു. നെററിയിലെ തിരുതൈലം തുടച്ചെടുത്തതിനുശേഷം സ്ഥിരീകൃതരായവരുടെ ഒടുക്കത്തോളമുള്ള നിലനില്പിനായി പ്രാർത്ഥിച്ചു് അവരെ ആശീർവദിക്കുകയും അങ്ങനെ കർമ്മപരിപാടി പര്യവസാനിക്കുകയും ചെയ്യുന്നു.

### തൈലാഭിഷേകം

കായികാഭ്യാസികൾ എണ്ണപുരട്ടി ശരീരത്തിനു അയവു വരുത്താറുണ്ടു്. എണ്ണക്കുളി ആരോഗ്യത്തിനു കാരണവും മാർഗ്ഗവും ആകുന്നു. നമ്മുടെ ജീവിതം ഒരു സമരംതന്നെ. അതിന്നിടയിൽ വിഷമമേറിയ വലിയ അഭ്യാസംതന്നെ നടത്തണം. തൈലാഭിഷേകം ആ വസ്തുതയെ അനുസ്മരിപ്പിക്കുകയും, ആത്മാവിന്റെ സ്വാഭാവികകാഠിന്യത്തെ പരിഹരിച്ചു് സുകൃതാനുഷ്ഠാനത്തെ എളുപ്പമാക്കിത്തീർക്കുകയും ചെയ്യുന്നു.

ഈ കൂദാശയിൽ ഉപയോഗിക്കുന്ന വിശുദ്ധതൈലം, മൂറോൻ (ക്രിസ്സം) ഒലിവുവൃക്ഷത്തിൽ നിന്നെടുക്കുന്ന എണ്ണയും ബാൾസം എന്നറിയപ്പെടുന്ന സുഗന്ധദ്രവ്യവും ചേർത്തുണ്ടാക്കുന്നതും, മെത്രാനാൽ പെസഹാവ്യാഴാഴ്ച ആശീർവ്വദിക്കപ്പെടുന്നതുമാകുന്നു. ഒലിവെണ്ണ ഹൃദയനൈർമ്മല്യത്തേയും അതിനു നിദാനമായ പരിശുദ്ധാത്മാവിന്റെ ദാനങ്ങളേയും, ബാൾസം നമ്മുടെ ആത്മാക്കളിൽനിന്നും ബഹിർഗമിക്കേണ്ട ക്രിസ്തീയ പരിശുദ്ധിയുടെ പരിമളത്തേയും സൂചിപ്പിക്കുന്നു. കുരിശാകൃതിയിലുള്ള അഭിഷേകം, ഒരു ക്രൈസ്തവൻ, പരിശുദ്ധാത്മാവിൽ സ്ഥിരീകൃതൻ, എവിടേയും എല്ലായ്പ്പോഴും വിശ്വാസത്തെ ധൈര്യമായി മനസാ, വാചാ, കർമ്മണാ ഏററുപറയേണ്ടതാണെന്നു് കാണിക്കുന്നു. ശരീരത്തിലെ ഉത്തമാംഗം തലയായതുകൊണ്ടാണു് നെററിയിൽ പൂശുന്നതു്.

### കൈവെപ്പു

കൈവെപ്പു പരിശുദ്ധാത്മാവിന്റെ ആഗമനത്തെ മാത്രമല്ല കാണിക്കുന്നതു്. പുരാതനകാലത്തു ആരെയെങ്കിലും ഉന്നതസ്ഥാനങ്ങളിലേക്കു് നിയമിക്കുമ്പോൾ അധികൃതന്മാർ അവരുടെശിരസ്സിൽകൈ വെക്കുക എന്നൊരു പതിവുണ്ടായിരുന്നു. ആകയാൽ കൈവെപ്പുകർമ്മത്താൽ, നാം പ്രാപിച്ചിരിക്കുന്ന സമുന്നതസ്ഥാനത്തെ, ക്രിസ്തുരാജന്റെ പടയാളികൾ എന്ന കാമ്യമായ സ്ഥാനവിശേഷത്തെ വേണ്ടവിധം മനസ്സിലാക്കണം, വിലമതിക്കണം, ഉപയോഗപ്പെടുത്തണം.

### കവിളിൽ നല്കുന്ന അടി

ഒരു ക്രിസ്തുശിഷ്യനു്, ലോകജീവിതത്തിൽ നിരന്തരദുരിതങ്ങൾ നേരിടേണ്ടിവരും. സേനാനായകൻ ലോകത്തെ ജയിച്ചടക്കിയതു ദുരന്തപീഡകൾ സഹിച്ചും ഭയങ്കരകുരിശുവഹിച്ചും കൊടുംയാതനകൾ അനുഭവിച്ചുമാണല്ലൊ. ഭൃത്യൻ യജമാനനെക്കാളും, ശിഷ്യൻ ഗുരുവിനെക്കാളും വലിയവനല്ലാത്തതിനാൽ ഗുരുവിനേയും യജമാനനേയും ഞെക്കിഞെരുക്കിക്കൊന്നലോകശക്തികൾ ഭൃത്യനേയും ശിഷ്യനേയും വെറുതെ വിടുകയില്ല. നാഥന്റെ നേർക്കുള്ള പകയും, അരിശവും ദാസന്റെമേലും ഇറച്ചുപാഞ്ഞുകയറുകതന്നെ ചെയ്യും. എന്നാൽ അത്തരം സന്ദർഭങ്ങളിൽ നാം അന്ധാളിക്കേണ്ട ആവശ്യമില്ല. ഭീരുക്കളാകാതെ, നട്ടെല്ലു ഒട്ടും വളയാതെ ധർമ്മസമരം നടത്തണം, അതിന്റെ പരിണതഫലം നിത്യസമാധാനമായിരിക്കും എന്നെല്ലാമാണു് ആ അടിയുടെ അടിയിൽ കിടക്കുന്ന സാരോപദേശം. T. K.

---

# സൗജന്യവിതരണ ഫണ്ടു്

ചക്കരക്കടവ് സൊഡാലിററി ക. 6.

---

Sacred Heart Convent

TRICHUR

# ഏകാന്തധ്യാനങ്ങൾ

അവിവാഹിതരും വിവാഹിതരുമായ കത്തോലിക്ക സ്ത്രീകളെ ഉദ്ദേശിച്ചു സെന്റ് മേരീസ് കോളെജ് കെട്ടിടത്തിൽവെച്ചു ഈ അടുത്തുവരുന്ന മേയ് മാസാരംഭത്തിൽ രണ്ടു ഏകാന്തധ്യാനങ്ങൾ നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

അവിവാഹിതക്കുവേണ്ടിയുള്ള ധ്യാനം മേയ് 7-ാം തീയതി ശനിയാഴ്ച വൈകിട്ടു ആരംഭിച്ചു 11-ാം തീയതി ബുധനാഴ്ചകാലത്തു അവസാനിക്കുന്നതാണു്. അന്നു തന്നെ വൈകിട്ടു വിവാഹിതസ്ത്രീകൾക്കായുള്ള ധ്യാനം ആരംഭിക്കുകയും മേയ് മാസം 15-ാംതീയതി ഞായറാഴ്ച കാലത്തു അവസാനിക്കയും ചെയ്യും.

ഈ ഏകാന്തധ്യാനങ്ങളിൽ സംബന്ധിക്കുന്നതിനു നമ്മുടെ രൂപതയിലെ എല്ലാ ഭാഗങ്ങളിൽനിന്നും ധാരാളം സ്ത്രീകൾ വന്നുചേരുന്നതിനു ആശിക്കയും അതിനായി അഭ്യർത്ഥിക്കയും ചെയ്യുന്നു. 150 പേർക്കു സുഖമായി താമസിക്കുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ഇവിടത്തെ കോളെജ് ഹോസ്റ്റലിൽ ഉണ്ടായിരിക്കും. ഭക്ഷണം മുതലായ ആവശ്യങ്ങൾക്കു 7 ക. മതിയാകുന്നതാണു്.

ധ്യാനത്തിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ 3-ാം തീയതിക്കു മുമ്പായി തൃശ്ശൂർ തിരുഹൃദയമഠാധിപയെ വിവരം അറിയിക്കണമെന്നു താല്പര്യപ്പെടുന്നു. ശയ്യോപകരണങ്ങൾ മുതലായി തന്നതാവശ്യാർത്ഥമുള്ള സാമഗ്രികൾ ഓരോരുത്തരും കൊണ്ടുവരേണ്ടതാണു്.

മഠാധിപ


തിരുവിതാംകൂർ
ഫെഡറൽ ബാങ്ക് ക്ലിപ്തം
ആലുവാ, അങ്കമാലി, പെരുമ്പാവൂർ
ഡെപ്പോസിററ് നിരക്കു്
1 കൊല്ലം 4½%, 2 കൊല്ലം 5%, 3 കൊല്ലം 5½%. 15 ദിവസത്തെ നോട്ടീസ് ഡെപ്പോസിററ് 4% സേവിംഗ്സ് 3% കറന്റ് 1½%
എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും ചെയ്തുതരുന്നതാണു്.
ക്യാപ്ററൻ ഫ്രാൻസിസ് പാനികുളം, B. A., M. B. B. S., D. A. (Eng.), ചെയർമൻ
കെ. പി. ഉറമീസ്, B. A., B. L., മാനേജിംഗു ഡിറക്ടർ

## അദ്ദേഹത്തിൻെറ മകൻ

(2-ാം പേജ് തുടർച്ച)

വിലും തൂക്കത്തിലും വഞ്ചനയൊന്നും കാണിക്കാതെ, ഉപ്പ്, മുളക്, പുകയില മുതലായ നിത്യോപയോഗസാമാനങ്ങൾ അവർ വിററുവന്നു. മുമ്പിലത്തെപ്പോലെതന്നെ കശുവണ്ടി, കുരുമുളക് മുതലായ മലഞ്ചരക്കുകൾ വാങ്ങിക്കുന്നതിനും അവർ ഉപേക്ഷവരുത്തിയില്ല. അങ്ങനെ ഒരു വെടിക്കു രണ്ടുപക്ഷി എന്നവിധം അവരുടെ ആദായമാർഗ്ഗം രണ്ടായി വികസിച്ചു. പ്രതിവർഷം നല്ല ലാഭവും അവർക്കുണ്ടായി. താമസിയാതെ ചെറിയ പീടികപൊളിച്ച് തൽസ്ഥാനത്തു വലിയ ഒന്നു നിർമ്മിക്കുകയും ചെയ്തു.

"കാലത്തിൻെറ മുമ്പോട്ടുള്ള ഗതിയിൽ അവർക്കു കൂടുതൽ സന്താനങ്ങളും ജനിച്ചു. പ്രായമായ എല്ലാ കുട്ടികളേയും വിദ്യാഭ്യാസം ചെയ്യിക്കുന്നതിനും അവർ ദത്തശ്രദ്ധരായി. രണ്ടുപേരുടേയും മൂത്ത കുട്ടികൾ, സതീർത്ഥ്യർ, കോളെജ്പഠനം ആരംഭിച്ചുകഴിഞ്ഞിരുന്നു."

എന്തൊ വികാരങ്ങൾ അദ്ദേഹത്തിൻെറ ഉള്ളിൽക്കിടന്നു ഓളംവെട്ടുന്നുണ്ടെന്നു് മുഖഭാവവും സ്വരഭേദവും വെളിപ്പെടുത്തി. മി. സദാശിവൻെറ നോട്ടം രൂക്ഷതരമായി. നെററികൾ ചുളിപ്പിച്ച്, പല്ലുകൾ അമർത്തിഞെരിച്ച് വെളിയിലേക്കു മുഖം തിരിച്ചുകളഞ്ഞു. ജിജ്ഞാസയോടുകൂടെ ഞങ്ങൾ അദ്ധ്യക്ഷൻെറ മുഖത്തുതന്നെ ദൃഷ്ടികൾ ഉറപ്പിച്ചു.

"അവരുടെ നല്ല കാലം നാട്ടുകാരിൽ ചിലരുടെ പ്രശംസയ്ക്കും ചിലരുടെ വിദ്വേഷത്തിനും കാരണമായി. സ്നേഹിതന്മാരുടെ സംഖ്യ അനുദിനം വർദ്ധിച്ചുവന്നു. ബന്ധുജനങ്ങൾ പരിചയഭാവം കാണിച്ചുതുടങ്ങി. ആധുനികലോകത്തിൽ ഉന്തിനിൽക്കുന്ന ഒരു പരമാർത്ഥമാണതു്. സഹോദരൻ സഹോദരനെ സ്നേഹിക്കുന്നതു് ജഡികങ്ങളും ലൗകികങ്ങളും ആയ കാരണങ്ങൾകൊണ്ടത്രെ. അതുകൊണ്ടുതന്നെയാണു യഥാർത്ഥമായ സാഹോദര്യം പുലരാത്തതും.

"വരവുചെലവുകളുടെ വിശദമായ കണക്ക് അവർ എഴുതിപ്പോന്നിരുന്നു. കൂട്ടുകച്ചവടത്തിനും കൂട്ടുവ്യവസായത്തിനും അതു് അനുപേക്ഷണീയമാണെന്നു് അവർക്കറിയാം. മാസംപ്രതി കണക്കു ചെക്കുചെയ്യുന്നതിനും അവർ ഉപേക്ഷവരുത്തിയിരുന്നില്ല.

"ഇതിനിടയ്ക്കു് രാമുണ്ണിയുടെ സ്വഭാവത്തിനും പെരുമാററരീതികൾക്കും പാടേ ഒരു മാററം സംഭവിച്ചുപോയി. കച്ചവടത്തിൽനിന്നും നല്ല വരുമാനം ഉണ്ടായിത്തുടങ്ങിയതോടെ ജീവിതമുറ ആകപ്പാടെ ഒന്നു പരിഷ്കരിച്ചു. പെട്ടെന്നുണ്ടായ ധനലാഭത്തിൽ മതിമയങ്ങി പണം കണ്ടമാനം ചെലവാക്കി. നാലാംക്ലാസ്സിൽ പഠിച്ചിരുന്ന തൻെറ മകൾക്കു് റിസ്റ്റുവാച്ചും ഫൌണ്ടൻപേനയും ചെരിപ്പും വാങ്ങിച്ചുകൊടുത്തുവെന്നതിൽനിന്നുതന്നെ അദ്ദേഹത്തിൻെറ അഹംഭാവവും ആഡംബരപ്രിയവും ഊഹിക്കാവുന്നതാണല്ലോ.

"മാത്രമല്ല മൂന്നുനേരവും കുടിക്കാതെ ഭക്ഷണം ചെല്ലുകയില്ലെന്നുമുള്ള സ്ഥിതിയിലായി. നാടൻ ചരക്കുകളൊന്നും അദ്ദേഹത്തിനു ഹിതകരങ്ങളായിരുന്നില്ല. ശീമത്തരങ്ങളോടായിരുന്നു പ്രതിപത്തി മുഴുവനും. വിയർപ്പുപൊടിഞ്ഞു സമ്പാദിക്കുന്ന പണം സ്വന്തം നാശത്തിനും അന്യരുടെ അധഃപതനത്തിനും ആയി ഉപയോഗിക്കുന്നെങ്കിൽ പിന്നെ എന്തിനാണു് വിയർപ്പുപൊടിയുന്നതു്?

"കുടി മൂത്തപ്പോൾ കടയിൽ ചെല്ലുന്നതിനോ ചെന്നാൽത്തന്നെ പങ്കാളിയെ സഹായിക്കുന്നതിനോ ആ ഭാഗ്യഹീനൻ കൂട്ടാക്കാതെയായി. കൂട്ടുകച്ചവടം ഇനിയും തുടരുന്നതു് അപകടകരമാകുമെന്നു് ഗോവിന്ദനു ബോദ്ധ്യം വന്നു. സ്വരം നല്ലതായിരിക്കുമ്പോൾതന്നെ പാട്ടുനിർത്താൻ അദ്ദേഹം തീർച്ചപ്പെടുത്തി.

"അവർ കണക്കുകൾ പരിശോധിച്ചു. പീടികയിൽ മിച്ചമിരുന്ന സാമാനങ്ങൾക്കു വിലയിട്ടു തിട്ടപ്പെടുത്തി. ബാങ്കിൽ ഡിപ്പോസിററു ഇട്ടിരുന്ന തുകകൂടി ആകെ മുപ്പതിനായിരം രൂപ, കെട്ടിടത്തിൻെറ വില ഉൾപ്പെടെ ഒരൊക്കം ബാലൻസ് ഉണ്ടെന്നു കണ്ടു. അങ്ങനെ പതിനയ്യായിരം രൂപ ഓരോരുത്തർക്കും കിട്ടണം. രാമുണ്ണി തനിക്കു പീടിക വേണ്ടാ, പണം മതിയെന്നു പറഞ്ഞു. പതിനയ്യായിരത്തിൽ അധികപ്പററുകഴിച്ച് പതിനായിരം രൂപ അദ്ദേഹം സ്വീകരിക്കുകയും കച്ചവടത്തിൽനിന്നു പങ്കു പിരിയുകയും ചെയ്തു.

"അവരുടെ ഓരോ മകൾ കോളെജിലായിരുന്നല്ലോ. പിതാക്കന്മാരുടെ സ്വഭാവവിശേഷം അവരിലും തെളിഞ്ഞു. ഗോവിന്ദൻെറ മകൻ ആവശ്യത്തിനുമാത്രം ചെലവുചെയ്ത് അനാവശ്യക്കൂട്ടുകെട്ടിനൊന്നും അലഞ്ഞുനടക്കാതെ പഠനകാര്യത്തിൽ ദത്തശ്രദ്ധനായി കഴിഞ്ഞുകൂടി. രാമുണ്ണിയുടെ ഓമനപുത്രനാകട്ടെ, പഠനം ഒരു തീരാസൊല്ലയായി അവഗണിച്ചു. കൂട്ടുപിടിക്കാനും കൂട്ടുകൂടി കുടിക്കാനും സിനിമാ കാണാനുംമററുമായി വെമ്പൽകൊണ്ടു് ഓടിനടന്നു. ഓരോ കാരണങ്ങൾപറഞ്ഞു് വീട്ടിൽനിന്നും രൂപ വരുത്തിയിരുന്നു. അവിടെ പഠിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥിനികൾക്കു്, ഓരോരുത്തർക്കു മാറിമാറി, ഓരോരുത്തരും തൻെറ ജീവിതസ്വപ്നസ്വരൂപമാണെന്നു കാണിച്ചു്, മധുവിധുവിനു കൊതിച്ചു് പ്രേമലിഖിതങ്ങൾ എഴുതിവിടാൻ മാത്രമേ വിശ്രമവേളകൾ ആ വിദ്യാർത്ഥിക്കു് ഉണ്ടായിരുന്നുള്ളു. അത്തരം പല എഴുത്തുകൾ അധികൃതന്മാർ കണ്ടെടുക്കുകയും ഗുണദോഷങ്ങൾകൊണ്ടു് അപഥസഞ്ചാരത്തിൽനിന്നു തിരിപ്പിക്കാൻ യത്നിക്കുകയും ചെയ്തു. പക്ഷെ അതുകൊണ്ടൊന്നും പ്രയോജനമുണ്ടായില്ല. കുടിയും മററു കൊള്ളരുതായ്കയും നിമിത്തം അയാൾ കോളെജിൽനിന്നും ബഹിഷ്കൃതനായി."

"ഒരു ദേശാടനത്തിനുശേഷം തിരിച്ചെത്തിയപ്പോഴാണു് അച്ഛൻ കൂട്ടുകച്ചവടം ഉപേക്ഷിച്ചു്, കള്ളുകച്ചവടം തുടങ്ങിയിട്ടുള്ളതു് അറിഞ്ഞതു്. ഉന്മേഷഭരിതനായി മകൻ അച്ഛനെ സഹായിക്കാൻ മുമ്പോട്ടുവന്നു. അച്ഛനും മകനും ആദ്യമൊക്കെ അങ്ങുമിങ്ങു കാണാതെയാണു് കുടിച്ചിരുന്നതു്. ഒടുവിലായപ്പോൾ നേരിട്ടു മത്സരമായി. സമത്വം ഭംഗിയായി പാലിക്കപ്പെട്ടു ബോധരഹിതരാകുംവരെ!"

കഥാവിവരണം അദ്ദേഹം അറിയാതെതന്നെ അവിടെ പെട്ടെന്നു നിന്നുപോയി. തൂവാലയെടുത്തു മൂക്കു ചീററി പ്രസംഗകനേയും സഭാവാസികളേയും അലക്ഷ്യമായിട്ടെന്നോണം ഒന്നു നോക്കി.

"ചുരുക്കിപ്പറയട്ടെ. രണ്ടുകൊല്ലത്തെ കള്ളുകച്ചവടം രാമുണ്ണിയുടെ സമ്പാദ്യമെല്ലാം നശിപ്പിച്ചുകളഞ്ഞു. അദ്ദേഹവും ഏഴെട്ടംഗമുള്ള കുടുംബവും ദാരിദ്ര്യത്തിലേക്കും, തജ്ജന്യമായ നിരാശയിലേക്കും, അധഃപതിച്ചു.

"അങ്ങനെയിരിക്കെയാണു്, യുദ്ധം പൊട്ടിപ്പുറപ്പെട്ടതു ജർമ്മനി റഷ്യക്കെതിരായി ആയുധമെടുത്തതും. അതിൻെറ ഫലമായി നമ്മുടെ ഭാരതവർഷത്തിലും കമ്മ്യൂണിസ്റ്റു് സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നതിനു് അവസരമുണ്ടായി. പ്രചരണവിദഗ്ദ്ധരായ റഷ്യക്കാർ തങ്ങളുടെ മേൽക്കോയ്മ ഭൂലോകം മുഴുവനും സ്ഥാപിക്കണമെന്നുള്ള ഉദ്ദേശത്തോടെ, എന്നാൽ അതൊന്നും പുറത്തുകാണിക്കാതെ, തൊഴിലാളികളുടേയും അവശരുടേയും മററിതരുടേയും ഉദ്ധാരണത്തിനെന്നമട്ടിൽ നാട്ടിൽ വിപ്ലവത്തിൻെറ വിഷബീജം വിതച്ചുകൊണ്ടിരിക്കുന്നു. അതിൻെറ ഏജൻറന്മാർക്കു അവർ പണം വാരിക്കൊടുക്കുന്നു. കേരളത്തിലെതന്നെ പല കഥാകൃത്തുകളും കവികളും പ്രസംഗകരും അവരിൽനിന്നും മാസപ്പടിപററിക്കൊണ്ടാണു് അവരുടെ സ്തുതിപാഠകന്മാരായി പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നതു്. അവർ എഴുതുകയോ, പാടുകയോ, പറയുകയോ ചെയ്യുന്ന തത്വങ്ങളിലൊന്നും ആത്മാർത്ഥത അശേഷംപോലും ഇല്ലെന്നു് എനിക്കു വേണ്ടപോലെ മനസ്സിലായിട്ടുണ്ടു്. ചിലമ്പുന്ന നാണയങ്ങൾക്കൊപ്പം അവർ തുള്ളുന്നു എന്നു മാത്രം.

"രാമുണ്ണിയുടെ മകൻ ഇന്നു ഒരു പൊതുക്കാര്യപ്രസക്തനായി തൊഴിലാളിമിത്രവേഷം ധരിച്ചു് നടക്കുകയാണു്. നല്ല ശമ്പളവും കമ്മ്യൂണിസ്റ്റു് ഏജൻറന്മാരിൽനിന്നും കിട്ടുന്നുണ്ടു്. നാട്ടിൽ മാരകങ്ങളായ ആശയങ്ങൾ വിതറുകയാണു്. ഭാരതജനങ്ങളെ, ഒന്നിച്ചുനിന്നു് നാട്ടിനും നാട്ടാർക്കും വേണ്ടി യത്നിക്കേണ്ട ജനക്കൂട്ടത്തെ, രണ്ടു ചേരികളായി തിരിച്ചു് തമ്മിൽ തല്ലിക്കുന്നതിനും അങ്ങനെ രാജ്യത്തെ ഒററിക്കൊടുക്കുന്നതിനുമായി പാഞ്ഞു നടക്കുകയാണു്.

"ഞാൻ ഈ പറഞ്ഞതു് ഒരു സങ്കല്പിതകഥയല്ല. യഥാർത്ഥത്തിൽ സംഭവിച്ചതാണു് ഇന്നും പര്യവസാനിച്ചിട്ടില്ലാത്ത പരമാർത്ഥങ്ങളാണു്. ഞാൻതന്നെയാണു് അതിനു സാക്ഷി. ആ നാട്ടുകാർ മുഴുവനും അതിനു സാക്ഷികളാണു്."

അദ്ദേഹത്തിൻെറ കണ്ണുകളിൽ മുത്തുമണികൾ പൊങ്ങിവന്നു അവയെ തൂവാലയിൽ സംഭരിച്ചിട്ടു് അദ്ദേഹം ഉൽഘോഷിച്ചു:

"എൻെറ പിതാവിൻെറ പരിപാവനനാമം ആനന്ദാശ്രുക്കൾ പൊഴിക്കാതെ സ്മരിക്കാൻ, ഉച്ചരിക്കാൻ, എനിക്കു സാദ്ധ്യമല്ല. അനവധി ത്യാഗങ്ങളും ക്ലേശങ്ങളും സഹിച്ച ശ്രീ ഗോവിന്ദൻ തന്നെയാണു് എൻെറ വത്സലപിതാവു്. അദ്ദേഹത്തിൻെറ വിയർപ്പിൻെറ ഫലമാണു് എൻെറ അഭിവൃദ്ധിക്കു നിദാനം. എന്നെയും എൻെറ സഹോദരീസഹോദരന്മാരേയും പഠിപ്പിക്കുന്നതിനു് ആ ത്യാഗവീരൻ സഹിക്കാത്ത കഷ്ടപ്പാടുകൾ ഇല്ലതന്നെ.

"ഇപ്പോഴും എനിക്കു് ഓർമ്മയുണ്ടു്, ഒന്നാംക്ലാസ്സിൽ പഠിക്കുമ്പോൾ ഒരു മുണ്ടും സ്ലേററും വാങ്ങിച്ചുതരാൻ കാശില്ലാതെ അച്ഛൻ കുഴങ്ങിയിരുന്നതു്. കച്ചവടത്തിൽ പണം കിട്ടിത്തുടങ്ങിയപ്പോൾ ആവശ്യങ്ങൾക്കു് വേണ്ടിടത്തോളം പണം തരുമായിരുന്നു. പക്ഷെ, അനാവശ്യമായി, വെറും ആഡംബരത്തിനു വേണ്ടി, ഒററക്കൊച്ചുകാശുപോലും ചെലവിടാൻ ഞങ്ങളെ അനുവദിച്ചിരുന്നില്ല. അങ്ങനെ ഒരു ഉത്തരവാദിത്വബോധം ചെറുപ്പത്തിലെതന്നെ എന്നിൽ ജനിപ്പിച്ചതുകൊണ്ടു്, കോളെജ്‌വിദ്യാഭ്യാസത്തിനുപോലും, മററുള്ളവർക്കു് ആയിടത്തോളം ചെലവു് എനിക്കായിട്ടില്ല. അദ്ദേഹം പണം സമ്പാദിച്ചു. സമ്പാദിച്ച പണം വേണ്ടവിധം ഉപയോഗപ്പെടുത്തി. അദ്ദേഹത്തിൻെറ ജീവിതം നൂറുശതമാനവും വിജയകരമായിരുന്നു.

"ആത്മാർത്ഥമായി അദ്ധ്വാനിക്കുന്ന ഒരുവനേയും പ്രകൃതി കൈവെടിയുകയില്ല; അനുഗ്രഹിക്കതന്നെ ചെയ്യും പക്ഷെ, ഒരു കാര്യം. നാം വിയർപ്പുപൊടിഞ്ഞതുകൊണ്ടു മാത്രമായില്ല. മിതവ്യയവും കൂടെ ശീലിക്കേണ്ടതുണ്ടു്. പലപ്പോഴും നാം പരാജയമടഞ്ഞുപോകുന്നതു് ഉല്പാദിപ്പിക്കുന്നതിനുള്ള കഴിവുകേടുകൊണ്ടല്ലാ, ഉല്പാദിപ്പിക്കപ്പെട്ടവയെ കൈകാര്യം ചെയ്യുന്നതിൽ നാം കാണിക്കുന്ന ക്രമക്കേടുകൊണ്ടാകുന്നു.

"മിതവ്യയം കൂടാതെ മുതലാളിയായാലും, തൊഴിലാളിയായാലും മിച്ചം വരുത്തുവാൻ സാധിക്കയില്ല. അതു ദൈവത്താൽ നിർദ്ദിഷ്ടവുമാണു്. ക്രിസ്തുഭഗവാൻ അപ്പവും മീനും വർദ്ധിപ്പിച്ചു ആയിരക്കണക്കിനു ജനങ്ങളെ തീററി സംതൃപ്തരാക്കിയല്ലോ. എന്നിട്ടും ആ അത്ഭുതപുരുഷൻ ശിഷ്യഗണത്തോടു് ആജ്ഞാപിക്കയാണു്, ശേഷിച്ച അപ്പക്കഷണങ്ങൾ നശിക്കാതെ പെറുക്കി സൂക്ഷിക്കുവാൻ! അനുദിനജീവിതത്തിനു് പാററിയ എത്ര വലിയ ഒരു സാധനപാഠമാണതു്? സന്ദേശമാണതു്?

"അങ്ങനെ അദ്ധ്വാനംകൊണ്ടും മിതവ്യയംകൊണ്ടും ഏതൊരുവനും ഉയരുവാൻ സാധിക്കും. ഏതൊരു ആപൽഘട്ടങ്ങളേയും തരണം ചെയ്യുവാൻ വിഷമമുണ്ടാകയില്ല.

"അതുതന്നെയാണു് ഇന്നു നമുക്കാവശ്യം. ഭക്ഷ്യധാന്യങ്ങളെ വർദ്ധിപ്പിക്കുക. അവയെ മിതമായിട്ടുപയോഗിക്കുക. ഇന്നെന്നല്ല, എന്നുമെന്നും അങ്ങനെ ചെയ്യേണ്ടതു് സമുദായജീവികളായ നമ്മുടെ ചുമതലയാണു്.

"ഭൂമി സമമായി വീതിച്ചതുകൊണ്ടു് ഭക്ഷണക്ഷാമമോ, തൊഴിലാളികളുടെ സങ്കടങ്ങളോ പരിഹരിക്കപ്പെടുകയില്ല. അങ്ങനെ ഇന്നു് ഭൂമി സമമായി ഭാഗിച്ചുകൊടുക്കാമെന്നു സങ്കല്പിക്കുക. നാളെത്തന്നെ പലരും അവരുടെ ഭൂമി കൈവെടിയും. ആളോഹരി ഭാഗിച്ചാൽ അരഏക്കർ സ്ഥലം കിട്ടുമായിരിക്കാം. 5 ഏക്കർ ഉള്ള ഒരാൾക്കു് തൻെറ മിതമായ ആവശ്യങ്ങൾ നിറവേററാൻ സാധിക്കുന്നില്ലെന്നുള്ളതു് ഏവർക്കും അറിയാമല്ലോ. മാത്രമല്ല. നാം ഇവിടത്തെ മുതലാളിമാരായി ഗണിക്കുന്നവരുടെ സ്വത്തുമുഴുവൻ സാധാരണക്കാരുടെ ഇടയിൽ സമമായി വിതരണം ചെയ്യുന്നപക്ഷം ഒരാൾക്കു് ഒരു പാത്രം കള്ളുവാങ്ങിക്കുന്നതിനുപോലും തികയുമെന്നു തോന്നുന്നില്ല.

"ആകയാൽ, ഞാൻ ഉപസംഹരിച്ചുകൊള്ളുന്നു. അപ്രായോഗികങ്ങളും വിപ്ലവകരങ്ങളുമായ പദ്ധതികളേയും വ്യാമോഹങ്ങളേയും പാടെപരിത്യജിച്ചു് സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ രാജ്യത്തുള്ള സകലരും അവരവരുടെ കഴിവുപോലെ ഏർപ്പെടണം. അപ്പോൾ നാട്ടിൽ ഐശ്വര്യമുണ്ടാകും സമാധാനവും സംതൃപ്തിയും എവിടെയും നടമാടും. ജയ്ഹിന്ദ്!"

ഒന്നു രണ്ടു മിനിട്ടു് നീണ്ടുനിന്ന ഹസ്തതാഡനങ്ങൾക്കുശേഷം സ്ഥലത്തെ പഞ്ചായത്തു പ്രസിഡൻറു് എല്ലാവർക്കും കൃതജ്ഞത പ്രകടിപ്പിച്ചു ചെറുബാലികമാർ ദേശീയഗാനംപാടി എല്ലാവരിലും രോമാഞ്ചമുണ്ടാക്കി.

ചിയേഴ്സ്‌വിളിയോടുകൂടെ ഒരു ചെറിയ തിക്കുംതിരക്കും നടന്നു. എല്ലാവരും ഹാൾവിട്ടു പുറത്തിറങ്ങി. സ്നേഹിതനും ഞാനും കൂടെ ഞങ്ങളുടെ വാസസ്ഥലത്തേക്കു തിരിച്ചു.

"ആ കൊച്ചുകുട്ടികളുടെ സ്വരം കുയിൽനാദംപോലെയിരുന്നു." എൻെറ സ്നേഹിതൻ അഭിപ്രായപ്പെട്ടു.

"നേരാ, എത്ര അഴകുള്ള കുട്ടികൾ."

"പ്രസംഗങ്ങൾ എത്ര പൊടിപൊടിപ്പൻ, എന്താ?"

"ഉം"

"എന്നാ, അദ്ധ്യക്ഷൻ രാമുണ്ണിയുടെ മകൻെറ പേർ പറഞ്ഞില്ലല്ലോ?"

"ഓക്കാഞ്ഞിട്ടായിരിക്കാം."

"അതല്ല, ഒരുപക്ഷെ, ഇന്നത്തെ പ്രാസംഗികൻതന്നെയായിരിക്കണം ആ മനുഷ്യൻ."

"നേരാ, അങ്ങനെ ആകാനാ എളുപ്പം."

"അദ്ധ്യക്ഷൻ ആ കഥ പറയാൻ തുടങ്ങിയപ്പോൾത്തന്നെ മി. സദാശിവനു് ഒരു ഞെട്ടലുണ്ടായി."

"അതു നേരാ, പാവം വിയർക്കുന്നുണ്ടായിരുന്നു."

"അങ്ങനെയെങ്കിൽ പേരു പറയാതിരുന്നതു നന്നായി. ഇരുത്തിക്കൊണ്ടു് പച്ചയ്ക്കു് ആക്ഷേപിക്കുന്നതു നന്നല്ലല്ലോ."

"ആക്ഷേപിക്കയല്ലല്ലോ അദ്ദേഹം ചെയ്തതു്. ഇത്തരം എത്ര സംഭവങ്ങൾ നാം കണ്ടും കേട്ടും അറിഞ്ഞിരിക്കുന്നു."

——

## മാർപ്പാപ്പാ ടെലവിഷനിൽ

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ ചിത്രം ഇദംപ്രഥമമായി വിദൂരദർശിനി (ടെലവിഷൻ) മുഖേന പാരീസിലേക്കു പ്രക്ഷേപണം ചെയ്തിരിക്കുന്നു. (വിദൂരമായ ഒരു സ്ഥലത്തു നടക്കുന്ന സംഭവങ്ങളെയൊ ചിത്രങ്ങളെയൊ മറെറാരു സ്ഥലത്തുള്ളവർക്കു കാണുവാൻസഹായിക്കുന്ന യന്ത്രവിശേഷത്തിനാണു് ടെലവിഷൻ എന്നു പറയുന്നതു്) ഫ്റഞ്ചുടെലവിഷൻ സർവ്വീസു് വത്തിക്കാനിൽനിന്നു പ്രക്ഷേപണം ചെയ്ത ഒരു ഫിലിം മുഖേനയാണു മാർപ്പാപ്പാ തിരുമേനി ദൃശ്യനായതു്.

'വിദൂരങ്ങളിലുള്ളവർക്കു ഏററവും അത്ഭുതകരമായവിധം സത്യത്തെ ആവിഷ്ക്കരിക്കുന്നതുമൂലം ടെലവിഷനിൽ നിന്നു ഏററവും ദൂരവ്യാപകമായ ഫലങ്ങൾ നാം പ്രത്യാശിക്കുന്നു. മതം ക്ഷയിച്ചുതുടങ്ങിയിരിക്കുന്നുവെന്നു ലോകം ധരിപ്പിക്കപ്പെടുന്നുണ്ടു്. എന്നാൽ ആശ്ചര്യകരമായ ഈ പുതിയ കണ്ടുപിടുത്തത്തിൻെറ സഹായത്താൽ, വിശുദ്ധ കുർബ്ബാനയുടെയും മറിയത്തിൻെറയും മഹനീയമായ വിജയം ലോകത്തിനു കാണുവാൻ കഴിയും" എന്നു തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചു. ഫിലിമിൻെറ അവസാനത്തിൽ അവിടുന്നു പ്രേക്ഷകരെ ആശീർവദിക്കുകയുമുണ്ടായി.

# Sathya Deepam

Vol. 22 Ernakulam April 27, 1949 No. 34


## കഴിഞ്ഞുപോയ കമ്മ്യൂണിസം

(1 ാംപേജ് തുടർച്ച)

പാശ്ചാത്യശക്തികളെ നീക്കി ജർമ്മനി മുഴുവൻ വിഴുങ്ങണമെന്നും റഷ്യ ആഗ്രഹിക്കുന്നുണ്ട്. ഒരു യുദ്ധംമൂലം അതിനു മുതിരുവാൻ റഷ്യ ഒരുക്കവുമല്ല. എന്നാൽ വിദൂരപൂർവദേശത്തു് ഒരു കമ്മ്യൂണിസ്റ്റ് സമരം ഇളക്കിവിട്ട് അമേരിക്കയുടെ ശ്രദ്ധയും കഴിവും അങ്ങോട്ടു തിരിച്ചുവിടാമെന്നു റഷ്യ വിശ്വസിച്ചു.

ഈ യുദ്ധതന്ത്രം ശരിക്കു മനസ്സിലാക്കിയതുകൊണ്ടാണ് റഷ്യയുടെ മുൻപിൽ ചൈനയെ എറിഞ്ഞുകൊടുത്തുകൊണ്ടു് അമേരിക്ക ചൈനയിൽ നിന്നും പിൻവലിഞ്ഞതു്. റഷ്യയുടെ ചൈനീസ് വിജയം ഭീമമായ ചെലവോടുകൂടി നേടിയിട്ടുള്ളതാണ്. ലോഭമില്ലാതെ സ്വർണ്ണവും യുദ്ധവിഭവങ്ങളും വർഷിച്ചുകൊണ്ടിരുന്നാൽ ചൈനയിലെ യുദ്ധപ്രഭുക്കന്മാരെക്കൊണ്ടു് അവിടെ ഭീകരത്വം സൃഷ്ടിക്കുവാൻ സാധിക്കും. സാമുദായികാസമത്വത്തെ കരുവാക്കി പട്ടാളഭരണം കെട്ടിപ്പടുക്കുവാനും അവക്കു സാധിച്ചേക്കും. ആ ദേശീയ ദൗർഭാഗ്യത്തിൽ നിന്നും ഉടലെടുക്കുന്ന രാഷ്ട്രീയവിജയംമൂലം, ഭീകരത്വം അവസാനിക്കുമെന്നു ആരും ആശിക്കേണ്ട. അങ്ങനെ അമേരിക്ക റഷ്യൻ കമ്മ്യൂണിസത്തിനു കീഴടങ്ങുകയല്ല ചെയ്തതു്; ചൈനയിലെ റഷ്യൻഭീകരത്വം യഥേഷ്ടം വിഹരിക്കുന്നതിനനുവദിച്ചുകൊണ്ടു് യുദ്ധതന്ത്രപരമായ വിജയം നേടുകയാണു ചെയ്തിട്ടുള്ളതു്. ചൈനയിൽ ഒരു കമ്മ്യൂണിസ്റ്റ് ഗവർമ്മെണ്ടു സ്ഥാപിച്ചു മററുള്ളവരെ ഭരിക്കുവാൻ തുടങ്ങുകയാണെങ്കിൽ അയൽരാജ്യങ്ങളിലേക്കു വിപ്ലവം നയിക്കുവാൻ ചൈനീസ് കമ്മ്യൂണിസ്റ്റ്കാർക്കു സമയം കിട്ടുകയില്ല. എന്നാൽ ചൈനയുടെ വിജയം റഷ്യയുടെ നില ഒട്ടും ഭേദമാക്കുന്നതുമില്ല. ഭീകരത്വം കുറെയൊക്കെ സൃഷ്ടിക്കാമെന്നല്ലാതെ കമ്മ്യൂണിസം ലോകത്തെ ഭരിക്കുവാനും പോകുന്നില്ല.

പാശ്ചാത്യരാജ്യത്തു് കമ്മ്യൂണിസം പരാജയപ്പെട്ടുകഴിഞ്ഞു. അവിടെ അവരുടെ ശക്തി മൂദ്ധന്യത്തിലെത്തിയതു് 1947 അവസാനത്തോടുകൂടിയാണ്. കമ്മ്യൂണിസ്റ്റ്കാരുടെ ഫ്രാൻസിലെ രാഷ്ട്രീയ പൊതുപണിമുടക്കു് അവിടത്തെ വിധിനിർണ്ണായകമായ ഒരു സംഭവമായിരുന്നു. അതു് ഒരു പൂർണ്ണപരാജയമായിരുന്നുവെങ്കിലും, ഇററലിയിൽ വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽക്കൂടി അധികാരം പിടിച്ചെടുത്തുകളയാമെന്നു് റഷ്യ ആശിച്ചു. ഇററലിയിലെ അധികാരം പിടിച്ചെടുത്തുകഴിഞ്ഞാൽ വിശ്വവ്യാപകമായ കമ്മ്യൂണിസ്റ്റ്വിപ്ലവങ്ങൾ അഴിച്ചുവിട്ടു മുതലെടുക്കാമെന്നായിരുന്നു റഷ്യൻ സൈനികോദ്യോഗസ്ഥന്മാരുടെ പ്രതീക്ഷ. റൈൻ പ്രദേശത്തും സ്പാനിഷ് പിൻബലത്തോടുകൂടി അമേരിക്കൻനിര നിർമ്മിക്കുംമുൻപെ ഫ്രാൻസിലെ ഭരണാധികാരം പിടിച്ചെടുക്കാമെന്നുള്ള റഷ്യൻ ആശ തകർന്നു. അതേസമയം പശ്ചിമജർമ്മനിയിലേക്കുള്ള റഷ്യയുടെ പുരോഗമനവും തടയപ്പെട്ടു. 1948-ലെ ഇററലിയൻ തിരഞ്ഞെടുപ്പിൽ കിട്ടാവുന്ന കമ്മ്യൂണിസ്റ്റ് വിജയംമൂലം ഈ തടസ്സം നീങ്ങി വിജയവീഥിയിൽ എത്താമെന്നു റഷ്യ വിശ്വസിച്ചു. അവസാനവിജയത്തിന്റെ സമയം സമാഗതമായി. ചെക്കോസ്ലോവാക്യയിൽ ചെങ്കൊടി പാറി. ഇററലിയിലെ അധികാരംകൂടി അവിടത്തെ കമ്മ്യൂണിസ്റ്റ് കക്ഷിമുഖേന പിടിച്ചെടുക്കുവാൻ റഷ്യ ഒരുങ്ങിയിരിക്കയായിരുന്നു. അതുകൂടികഴിഞ്ഞാൽ വിപ്ലവവും ഭീകരത്വവുംമൂലം ഇററലിയിൽക്കൂടി ഫ്രാൻസിലെ അധികാരവും പിടിച്ചെടുക്കാം. ഇത്രയും സാധിച്ചാൽ യൂറോപ്പിലെ ആധിപത്യവും 1948-ൽ തന്നെ റഷ്യക്കു ഏറെറടുക്കാം. ഇതായിരുന്നു ഇററലിയൻ തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലം.


ഇററാലിയൻ തിരഞ്ഞെടുപ്പ് റഷ്യക്കു് നിരാശാജനകമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. കമ്മ്യൂണിസ്റ്റ്കക്ഷികളെ ഇളക്കിവിട്ട് വിപ്ലവംമൂലം സാമ്രാജ്യം സ്ഥാപിക്കുവാനുള്ള യുദ്ധതന്ത്രമാണ് അതുമൂലം തകർന്നുപോയതു്. അതോടെ യൂറോപ്പിലെ കമ്മ്യൂണിസത്തിന്റെ പരാജയവും ആരംഭിച്ചു. ജർമ്മനിയിലെയും, യാംഗ്ടീസിലെയും റഷ്യൻ നിരകളുടെ ഭദ്രത പാലിച്ചേക്കാം. എന്നാൽ ലോകത്തിന്റെ മററുഭാഗത്തുണ്ടാകുന്ന സംഭവഗതികളെ പിടിച്ചുനിർത്തുവാൻ റഷ്യക്കു സാധിക്കുകയില്ല. അമേരിക്കയിലെയും യൂറോപ്പിലെയും ജനങ്ങളാണ് കമ്മ്യൂണിസത്തിന്റെ ഭാവി നിർണ്ണയിക്കുവാൻ പോകുന്നതു്. അല്ലാതെ തെക്കുകിഴക്കൻ ഏഷ്യയിലെ വനങ്ങളിൽ നിലയുറപ്പിച്ചിട്ടുള്ള ഏതാനും റഷ്യൻനിയന്ത്രണത്തിലുള്ള കമ്മ്യൂണിസ്റ്റ് സംഘങ്ങളല്ല. അമേരിക്കയിലോ ബ്രിട്ടണിലോ കമ്മ്യൂണിസം വളരുമെന്നു് ആർക്കും ഭീതിയില്ല. കമ്മ്യൂണിസത്തിന്റെ ഭാവി അറിയുവാൻ ഫ്രാൻസിലേക്കും ഇററലിയിലേക്കുമാണ് നാം നോക്കേണ്ടതു്. കമ്മ്യൂണിസം വളരുകയോ അമരുകയോ ചെയ്യുന്നതു് ഈ രണ്ടു രാജ്യങ്ങളിലായിരിക്കും. എന്നാൽ ഈ രണ്ടു രാജ്യങ്ങളിലും കമ്മ്യൂണിസത്തിന്റെ ശക്തി ശീഘ്രമായി നഷ്ടപ്പെടുകയാണ് ചെയ്യുന്നതു്. സോവ്യററു യൂണിയനു പുറത്തു് 1946 മുതൽ 48 വരെ ഇററലിയായിരുന്നു ഏററവും മികച്ച കമ്മ്യൂണിസ്റ്റ് രാജ്യം. ഇടത്തരക്കാർ കമ്മ്യൂണിസത്തെ ഉത്സാഹപൂർവം സ്വാഗതംചെയ്ത ഏകരാജ്യവും ഇററലിയായിരുന്നു. ആ രാജ്യത്തിന്റെ ഭാവിയെ നിർണ്ണയിക്കേണ്ട ഏററവും പ്രധാനഘടകമായ ഈ ഇടത്തരക്കാരായിരുന്നു 1947-ലെ ഇററാലിയൻ കമ്മ്യൂണിസ്റ്റ് കക്ഷിയിലെ മൂന്നിലൊരു ഭാഗവും. കമ്മ്യൂണിസത്തിന്റെ സ്വാധീനശക്തി ഒരു രാജ്യത്തും ഇത്രയധികം ചെലുത്തുവാൻ സാധിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ ഒരു വർഷമായിട്ടു് ഇററലിയിലെ ഇടത്തരക്കാർക്കു് കമ്മ്യൂണിസത്തിലുണ്ടായിരുന്ന വിശ്വാസം ക്രമേണ നശിക്കുകയാണുണ്ടായതു്. വ്യാവസായികരംഗത്തും, രാഷ്ട്രീയരംഗത്തും ഫ്രാൻസിലെ കമ്മ്യൂണിസ്റ്റ്കക്ഷിക്കും തുടരെത്തുടരെ പരാജയമാണ് നേരിട്ടുകൊണ്ടിരിക്കുന്നതു്.

ഫ്രാൻസിലെയും ഇററലിയിലെയും ഇടത്തരക്കാരുടെ വിശ്വാസം ആർജ്ജിക്കാതെ ഈ രണ്ടു രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ്കക്ഷിക്കു് വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽക്കൂടി അധികാരത്തിലെത്തുവാൻ സാധിക്കുകയില്ല. പരാജയത്തെ നേരിടുവാൻ തയാറാകാതെ വിപ്ലവങ്ങൾ അഴിച്ചുവിട്ടതുകൊണ്ടും വിശേഷമില്ല. റഷ്യൻ സൈന്യത്തിന്റെ നിയന്ത്രണമില്ലാത്ത ഒരു രാജ്യത്തും അത്തരം വിപ്ലവം വിജയപ്രദമായിട്ടില്ല. ഇതു ചരിത്രത്തിലെ ആകർഷകമായ ഒരു പാഠമാണ്. കമ്മ്യൂണിസം ഒന്നുകിൽ കയ്യൂളികവിഴുങ്ങണം; അല്ലെങ്കിൽ നാശത്തിനു തയാറാകണം. ഒരു ലോകയുദ്ധത്തിനു തയാറാകാതെ ഇററലിയിലെയും ഫ്രാൻസിലെയും കമ്മ്യൂണിസ്റ്റ്കക്ഷിക്കു സൈന്യസംരക്ഷണം നൽകി സഹായിക്കുവാൻ റഷ്യക്കു സാധിക്കുകയില്ല. റഷ്യയും കമ്മ്യൂണിസ്റ്റ്കാരും ഘോഷിക്കുന്ന "ജനങ്ങളുടെ വിപ്ലവം" എന്ന വാക്കുകൊണ്ടു നാം മനസ്സിലാക്കേണ്ടതു വിശ്വവ്യാപകമായ ഒരു മഹായുദ്ധമെന്നാണ്. അതിന്റെ ഫലം കമ്മ്യൂണിസമല്ല; കൂട്ടത്തോടെയുള്ള നാശമാണ്. നിരാശയുടെ മൂർദ്ധന്യത്തിൽ കമ്മ്യൂണിസ്റ്റ്കാർ കലാപങ്ങൾ ഇളക്കിവിട്ടേക്കാം. എന്നാൽ ശക്തിയുമായുള്ള ഏററുമുട്ടലിൽ അതിനു നശിക്കാതെ ഗത്യന്തരമില്ല.

ഭാവിയിൽ ഒരിക്കലും ഭേദപ്പെടുത്തുവാൻ സാധിക്കാത്തവിധം, കമ്മ്യൂണിസം സാന്മാർഗ്ഗികമായി അത്ര അധഃപതിച്ചുപോയി. ഈ സാന്മാർഗ്ഗികാധഃപതനംമൂലം ഹിററ്ലറിന്റെ കിരാതഭരണത്തിൽനിന്നും യൂറോപ്പിനെ രക്ഷിച്ച പരിഷ്കൃതജനതയുടെ സാന്മാർഗ്ഗികനേതൃത്വം സ്വീകരിക്കുവാനും റഷ്യക്കു സാധിച്ചില്ല. റഷ്യൻ യുദ്ധതന്ത്രങ്ങൾ പല രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ് ഭീകരത്വം ഇളക്കിവിട്ടേക്കാം. ഈ ഭീകരത്വത്തിനു എളുപ്പത്തിൽ വശംവദമാകുന്നതു് ഏഷ്യയിലെ ചില രാജ്യങ്ങളുമായിരിക്കാം. കുറെ ഭീകരത്വവും ആഭ്യന്തരകലഹവുംഉണ്ടായേക്കാമെന്നല്ലാതെ അതിലധികമായി ഒന്നും സംഭവിക്കുവാൻ വകയില്ല. രാഷ്ട്രീയപ്രവർത്തനങ്ങളിലും, സാമുദായികനീതിയിലുംജനസാമാന്യത്തിനു സാമാന്യബുദ്ധിയുണ്ടാകുന്നതോടുകൂടി കമ്മ്യൂണിസത്തിന്റെ ശക്തി താനെ അസ്തമിച്ചുകൊള്ളും.

കമ്മ്യൂണിസത്തിന്റെലക്ഷ്യം തെററിയിരിക്കയാണ്. ഭാരതം ഒരു സ്വതന്ത്രരാഷ്ട്രമാകയാൽ കമ്മ്യൂണിസവും ഫാഷിസവും മാത്രമല്ലഅതിനു സ്വീകരിക്കാവുന്ന രാഷ്ട്രീയ മാർഗ്ഗങ്ങൾ. ആധുനികകുഴപ്പങ്ങളിൽനിന്നും രക്ഷനേടുവാൻ പോരുന്ന മാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാനുള്ള കഴിവു് മനുഷ്യബുദ്ധിക്കുണ്ടു്. മനുഷ്യമനസ്സിന്റെ സൃഷ്ടിപരമായ ചിന്താശീലത്തോടുള്ള പ്രകടമായ ഒരു വെല്ലുവിളിയാണ് കമ്മ്യൂണിസം. ഒരു നവയുഗത്തിന്റെ ഉദയത്തിനു് അതു സഹായകമായെന്നും വരാം.

(വിവർത്തകൻ: മാത്യൂ എം. പാണാട്ടു് ബി. എ., ബി. ററി.)



അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് ശാഖാസെക്രട്ടറിമാരും ഓർഗനൈസിംഗ് ഇൻസ്പെക്ടർമാരും

## വി. കൊച്ചുത്രേസ്യയുടെ പ്രതിമ

ലിസ്യൂവിലെ വി. കൊച്ചുത്രേസ്യയുടെ ദേവാലയത്തിനു പുണ്യവതിയുടെ ഒരു പ്രതിമ സംഭാവന ചെയ്യാൻ ഫ്രഞ്ചു ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു.


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam